

# ചീനക്കൊള്ളക്കാരൻ

NATIONAL BOOK STALL * KALARICKAL BAZAAR * KOTTAYAM

# CHEENAKKOLLAKKARAN

(DETECTIVE NOVEL)

By

P. G. VASU DEV

FIRST IMPRESSION AUGUST 1955

(RIGHTS RESERVED)

PUBLISHED BY

M. K. RAJAPPAN NAIR

DISTRIBUTORS

NATIONAL BOOK STALL

POST BOX 40 ......... KOTTAYAM

# ചീനക്കൊള്ളക്കാരൻ

ഗ്രന്ഥകർത്താവ്

പി. ജി. വാസുദേവ്

നാഷനൽ ബുക്ക് സ്റ്റാൾ

കളരിക്കൽ ബസാർ കോട്ടയം

വില 1 ക. 4 ണ.

## പി. ജി വാസുദേവിൻെറ കൃതികഠം

| | |
|---|---|
| ചീനക്കൊള്ളക്കാരൻ | (ഡി. നോവൽ) |
| ചോരപുരണ്ടകഠാരി | ,, |

Printed at The Bhagyodayam Press, Pulikeezh

1

# ഹീസിങ്ങ് ഫൃങ്ങിനെ ചുടുന്നു.

"ഠേ!" ലക്ഷ്യം അല്പം പോലും തെററിയില്ല—"അയ്യോ! ഓമാ! ഫാ!ാാ! ങ്ങൃംംം!!"

ഹീസിങ്ങ് ഫൃങ്ങിൻെറ—ആ ചീനയുവാവിൻെറ—മുഖത്തു തീജ്വാല പാളി, രക്തം ഓളംവെട്ടി, വിളറി കരുവാളിച്ചു, അയാറം നിലം പതിച്ചു. ഒരു പിടയൽ, ഒരു ഞരക്കം, ഒരു മൂളൽ. ദാ, വാപിളൎന്നു—വെള്ളത്തിനാണ്—"വെ... ള്ളം." കഥ കഴിഞ്ഞു, യാത്രയായി—അന്തിമയാത്ര!

* * * *

എർണാകുളത്തെ സുകുമാരകലാസമിതിവക വിശാലമായ ഹാറം സന്ദർശകരെക്കൊണ്ടു തിങ്ങിക്കവിഞ്ഞു. അഭയാൎത്ഥികളെ ഉദ്ദേശിച്ച് "കേദാർ ആൻഡ് പാർട്ടി"യുടെ ഒരു പ്രോഗ്രാം നടക്കാൻ പോകയാണ്. ഡാൻസ് പാർട്ടി നേരത്തെ സ്ഥലത്തെത്തിക്കഴിഞ്ഞിരുന്നു. ഡാൻസ് നടക്കുമൊ എന്നാക്കും സംശയമില്ല. ഹാളിൽ മണ്ണു നുള്ളിയിട്ടാൽ താഴുകയില്ല. ടിക്കററുകളെല്ലാം തീൎന്നു. സമിതിക്കാർ പശ്ചാത്തപിക്കയാണ്—ഹാറം ഇത്ര ചെറു

തായിപ്പോയല്ലോ." വൻതുക കൊടുത്തു ടിക്കററുകൾ വാങ്ങി ജനാലപ്പടികളിലിരിക്കാനും, ഹാളിൻെറ മൂലകളിൽ നില്ക്കാനും പോലും ചില കലാകുതുകികൾ തയ്യാറാണ്! എങ്ങനെയും ആ ഡാൻസ് ഒന്നു കണ്ടാൽ മതി.

ആ വടക്കുപടിഞ്ഞാറെ മൂലയിൽ നില്ക്കുന്ന യുവാവിനെ നിങ്ങൾ അറിയുമോ? പാൻഡും ഷർട്ടുമാണയാളുടെ വേഷം. ചടച്ചുമെലിഞ്ഞ ശരീരം. മുൻവശത്തു കിടക്കുന്ന കസേരയുടെ പിൻഭാഗത്തു തൻെറ കൈകൾ താങ്ങി അല്പം മുന്നോട്ടു ചാഞ്ഞു നിന്ന് അയാൾ ഡാൻസ് കാണുകയാണ്. കണ്ണുകൾ സ്റ്റേജിലേക്കാണെങ്കിലും അയാളുടെ ശ്രദ്ധ മറെറങ്ങോ ആണെന്നു് മുഖഭാവം വിളിച്ചുപറയുന്നുണ്ട്. ഡാൻസ് അയാൾക്കിഷ്ടപ്പെടുന്നില്ലായിരിക്കാം. ഇടയ്ക്കിടെ മുഖം അങ്ങോട്ടുമിങ്ങോട്ടും തിരിയും, ഏതു വിധമെങ്കിലും ഹാൾ വിട്ടുവെളിയിൽ ചാടിയാൽ കൊള്ളാമെന്നാണിപ്പോൾആഗ്രഹിക്കുന്നതു്. പക്ഷെ, ചില പ്രത്യേക സാഹചര്യങ്ങൾ അവിടെത്തന്നെ നില്ക്കാൻ അയാളെ നിർബന്ധിതനാക്കി, കണ്ണുകൾ വീണ്ടും സ്റ്റേജിലേയ്ക്കു തിരിഞ്ഞു.

സുന്ദരനും സുമുഖനുമാണ് ആ യുവാവ്. അയാളുടെ മുത്തച്ഛൻ തിരുവിതാംകൂറിൽ നിന്ന് അനേകവർഷങ്ങൾക്കു മുമ്പ് സിംഗപ്പൂരിലെത്തി താമസമാക്കിയതാണ്. അവിടെ അദ്ദേഹം വ്യവസായമാരംഭിച്ചു. അതു ദിവസം പ്രതി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നു. ഇന്ന്, പൂർവ്വേഷ്യയിൽ "പത്മനാഭപിള്ള"

വ്യവസായസമ്രാട്ടെന്ന പേരിലാണ് അറിയപ്പെടുന്ന ത്. ഈ വ്യവസായസമ്രാട്ട പത്മനാഭപിള്ളയുടെ മകനാണ് നമ്മുടെ യുവാവ് സുരേശൻനായർ.

സുരേശൻനായക്കു, സ്വന്തമായി ഒരു കച്ചവട ക്കപ്പലും വിമാനവുമുണ്ട്. ഇന്ന് അയാറം അനേകം മില്ലുകളുടെയും, ഖനികളുടെയും, തോട്ടങ്ങളുടെയും ഉട മസ്ഥനാണ്. എത്രയോ ഫാക്ടറികളാണ് അയാറം ക്കുള്ളത്. ഒരാഴ്ചയ്ക്കുശേഷം സുരേശൻനായർ എറണാ കുളത്തുനിന്ന് സിംഗപ്പൂരിലേയ്ക്കു തിരികെപ്പോകും. അച്ഛൻെറ ആജ്ഞയനുസരിച്ച് ഒരു കച്ചവടക്കാര്യ മായി എർണാകുളത്ത് വന്നതാണ്. എർണാകുളം പട്ടണത്തിലെ ഓരോ മുക്കും മൂലയും സുരേശൻനായർ ക്കു നല്ല പരിചയമുണ്ട്. എർണാകുളത്തു നടന്ന എല്ലാ കലാപരിപാടിയിലും അയാറം പങ്കുകൊണ്ടിരുന്നു. അങ്ങനെ ഇന്നും ഡാൻസ് കാണാൻ എത്തിയതാണ്.

ഡാൻസ് സുരേശൻനായർക്കു അത്ര നന്നായി ട്ടു തോന്നിയില്ല. ഇൻറർവെൽ ആയി. അയാറം ആ മൂലയിൽ നിന്നിളകി വെളിയിലേയ്ക്കുള്ള വാതലി ലേയ്ക്കു നടന്നു. ആരോ ഒരാറം പിൻഭാഗത്തു കൂടി വന്ന് അയാളുടെ തോളിൽ കയ്യിട്ടു—

"ക്ഷമിക്കണം"—അയാറം സുരേശൻനായരോ ടു പറഞ്ഞു—"നിങ്ങളുടെ കൈലേസ് താഴെപോയി"

സുരേശൻനായർ തിരിഞ്ഞു നിന്നു—ഏതാണ്ടു മു പ്പത്തിഅഞ്ചു വയസ്സു പ്രായം വരുന്ന ഒരു യുവാവാണ് അയാളോടു സംസാരിക്കുന്നത്. അയാളുടെ കയ്യിൽ ഒരു ചെറിയ കൈലേസുണ്ടായിരുന്നു, നാല് അരികി

ല്പം കസവുകൊണ്ടു് അത്യന്തം ആകർഷകമായ വിധം ചിത്രപ്പണികൾ നടത്തിയിട്ടുള്ളതു്. വളരെ വില പിടിപ്പുള്ളതായിരുന്നു ആ കൈലേസ്. കണ്ടയുടൻ സുരേശൻനായക്കു് മനസ്സിലായി—അതു അയാളുടേതാണു്.

"ഓഹോ! Thauk you Sir!," സുരേശൻനായർ നന്ദി പ്രകടിപ്പിച്ചുകൊണ്ടു തുടന്നു—"വളരെ ഉപകാരം. എൻെറ ഷർട്ടിൻെറ കൈക്കുള്ളിൽ നിന്നു താഴെ വീണതാണു്."

"അതെ, അതുതന്നെയാണു സംഭവിച്ചതു്"—അയാൾ സുരേശനോടൊരുമിച്ചു ഹാളിൻെറ വെളിയിലേക്കിറങ്ങി മുൻവശത്തു് റോഡിൻെറ അപ്പുറത്തുള്ള കഫേയിലേക്കു നടന്നു. കഫേക്കു മുൻവശമെത്തിയപ്പോൾ അയാൾ സുരേശനോടു ചോദിച്ചു—"ചായ കുടിക്കുന്നില്ലേ?"

"ഓഹോ, കുടിച്ചുകളയാം. എനിക്കു് തിരികെ പോകണം"— സുരേശൻ നായർ കഫേയ്ക്കുള്ളിൽ പ്രവേശിച്ചുകൊണ്ടു പറഞ്ഞു—"ഈ പ്രോഗ്രാം എനിക്കു് തീരെ പിടിച്ചില്ല—"

രണ്ടുപേരും സ്പെഷ്യൽ റൂമിലെത്തി കസേരകളിച്ചിരുന്നു. അല്പനേരത്തെ സംഭാഷണംകൊണ്ടു തന്നെ സുരേശനു മനസ്സിലായി, പുതിയ കൂട്ടുകാരൻ ഒരു രസികനും സരസനുമാണെന്നു്. കാഴ്ചയിലും പെരുമാററത്തിലും അയാൾ നല്ല ലോകപരിചയമുള്ളആളാണെന്നും സ്പഷ്ടമായിട്ടറിയാൻ കഴിഞ്ഞു.

പക്ഷേ, ഏതു നാട്ടുകാരനാണെന്നു മനസ്സിലാക്കാൻ മി. നായർ വിഷമിച്ചു. നല്ല വെളുത്തുകൊഴുത്തു സുന്ദരനായ യുവാവാണ് അയാൾ. മുഖം അല്പംകൂടുതൽ നീളമുള്ളതും കണ്ണുകൾ ഉരുണ്ടതുമാണ്.

"നിങ്ങൾക്ക് എർണാകുളം പട്ടണത്തിലുള്ള എല്ലാഭാഗങ്ങളുമറിയാമെന്നാണ് എന്റെ വിശ്വാസം" —പുതിയ കൂട്ടുകാരൻ തുടൻൻ—"നിങ്ങൾ രാത്രിയിൽ ക്ലബ്ബിലും പോയിക്കാണുമെല്ലോ?"

"ഇല്ല. ഞാനൊരിക്കലും അവിടെ പോയിട്ടില്ല."—സുരേശൻനായർ മറുപടിപറഞ്ഞു—"എന്താ പറയത്തക്കവണ്ണം വല്ല രസവുമവിടെയുണ്ടോ മി:...?" സുരേശനു അയാളുടെ പേരു നിശ്ചയമില്ലാത്തതുകൊണ്ടാണ് വാക്യം പൂർത്തിയാക്കാതിരുന്നതു്.

"യെൻസംഗ്"—അയാൾ തന്റെ പേരു സ്പഷ്ടമാക്കി—"ഇനി നിങ്ങൾ അധികദിവസം ഇവിടെ താമസിക്കയില്ലായിരിക്കുമെല്ലോ. പെട്ടെന്നു സിംഗപ്പൂരിലേക്കു മടങ്ങിയേക്കും. അതുകൊണ്ടു ഇന്ന് എന്റെ കൂടെവരണം. വളരെ രസമാണ്. ഇന്നത്തെ രാത്രി നിങ്ങൾ ഒരിക്കലും മറക്കുകയില്ല."

സുരേശൻ നായർ എന്തോ ആലോചിക്കാൻതുടങ്ങി. പുതിയ കൂട്ടുകാരനെ എങ്ങിനെ വിശ്വസിക്കുമെന്നയാൾ വിഷമിച്ചു.

"എന്താ മിസ്റ്റർ, വരാൻ വിചാരിക്കുന്നുണ്ടോ?" —യെൻസംഗ് ചോദിച്ചു.

"പൊയ്ക്കളയാം, നിങ്ങൾക്കു നിർബന്ധമാണെ

ന്നു തോന്നുന്നു"—സുരേശൻനായർ പറഞ്ഞു—"ഇനി എന്നാണ് എർണാകുളത്തുവരാൻ സാധിക്കുന്നതെന്നാരറിഞ്ഞു."

പുതിയ കൂട്ടുകാരനെ സൂക്ഷിക്കേണ്ടതാണെന്നു് വിചാരമുണ്ടായിരുന്നുവെങ്കിലും ഒരു പുതിയ സ്ഥലം കാണാനുള്ള ആഗ്രഹവും വിപത്തുകളെ വിലയ്ക്കുവാങ്ങുന്ന സ്വഭാവവും യൌംഗിൻെറകൂടെ പോകുവാൻ സുരേശനെ നിർബ്ബന്ധിതനാക്കി. അയാരം പുതിയ കൂട്ടുകാരനോടൊരുമിച്ചു കഫേയിൽനിന്നു വെളിയിലിറങ്ങി.

വെളിയിലിറങ്ങി അവർ ഷൺമുഖംറോഡിലേയ്ക്കു തിരിച്ചു. തേവരജെങ്ക്ഷൻ കഴിഞ്ഞപ്പോരം യൌംഗ് പോക്കററിൽനിന്ന് സിഗററുകേസ് എടുത്തുകൊണ്ടുപറഞ്ഞു—"ഒരു സിഗററുവലിക്കണം. കുറച്ചുദൂരംകൂടി നടക്കുന്നതിലെന്താണു് തരക്കേടു്?"

സുരേശൻനായർ സിഗററു കത്തിച്ചു. അവർ പിന്നെയും ഒരു ഫർലാംഗ് മുന്നോട്ടു നടന്നു. സുരേശൻെറ ഗതി മന്ദീഭവിച്ചു. അയാരം യൌംഗിനോടുപറഞ്ഞു—"ഒരു ടാക്സിപിടിക്കു. എനിക്കു് ക്ഷീണം തോന്നുന്നു."

യൌംഗ് അവിടെനിന്നുകൊണ്ടുതന്നെ കൈകാട്ടി ഒരു ടാക്സി വിളിച്ചുവരുത്തി. രണ്ടുപേരും അതിൽ കയറിയിരുന്നു. കയറിയയുടൻതന്നെ സുരേശൻനായർ സീററിൽ ചാരി മലന്നു കിടന്നു. ടാക്സി ഏതു ദിക്കിലേക്കാണ് പോകുന്നതെന്നുപോലും ശ്രദ്ധിച്ചില്ല. ഏതോ വിചിത്രമായ ഒരു മാനസികവ്യ

ഗ്രത അയാൾക്ക് അനുഭവപ്പെട്ടു. ബുദ്ധിയ്യേന്തു തകരാറാണ് പററിയതെന്ന് സുരേശന് ഒരു നിശ്ചയവുമില്ല. ജ്ഞാനേന്ദ്രിയങ്ങൾ ശരിക്കു പ്രവത്തിക്കാതായി. തലകറങ്ങാൻ തുടങ്ങി. കണ്ണുകൾ അടഞ്ഞുതുടങ്ങി, ചാരിക്കിടന്ന് അയാൾ കണ്ണുകളടച്ചു—

"എൻെറ തല ചുററുന്നു. ഓർമ്മയും ശരിക്കു നില്ക്കുന്നില്ല"—സുരേശൻനായർ പരിഭ്രമിച്ചു.

"ഒരുപക്ഷേ, എൻെറ സിഗററുക്കൂടുതൽ കടുപ്പമുള്ളതായിരുന്നു. നിങ്ങൾക്ക് അതു് താങ്ങാൻ കഴിഞ്ഞില്ലായിരിക്കാം. പുകയിലയ്ക്കു ക്ഷാരം കൂടുതലാണ്."—യെറംഗ് മറുപടിപറഞ്ഞു— "പരിഭ്രമിക്കാനൊന്നുമില്ല. പെട്ടെന്ന് തലചുററൽ കുറഞ്ഞുകൊള്ളും."

കാർ ഒരു തിരിവിലെത്തി. രണ്ടുപേരും താഴെഇറങ്ങി. സുരേശൻനായരുടെ മനസിന് ഇപ്പോഴും ആശ്വാസം കിട്ടിയിട്ടില്ല. യെറംഗ് അയാളെ താങ്ങിക്കൊണ്ടു് ഇടവഴിയിൽ പ്രവേശിച്ചു. പത്തോ പതിനഞ്ചോ മിനിട്ടിനുള്ളിലാണോ നിശ്ചിതസ്ഥാനത്തു് വന്നുചേന്നതു് അതോ ആയതിലേക്ക് രണ്ടുമൂന്ന് മണിക്കൂർനേരം അയാൾക്കു യാത്രചെയ്യേണ്ടതായിവന്നോ എന്നൊന്നും സുരേശൻനായക്ക് മനസിലായില്ല. വഴിയരികിലൊരുഭാഗത്തു് എത്തിയപ്പോൾ ഒരു പടിപ്പുരകാണുകയും അതു തുറന്ന് അവർ ഒരു വീട്ടിലേക്കുള്ള ഇടനാഴിയിലെത്തുകയും ചെയ്തു. ഇടനാഴി വീണ്ടുമൊരു പടിപ്പുരയിലേക്ക് അവരെ നയിച്ചു. അതുതുറന്ന് അവർ ഉള്ളിൽ പ്ര

വേശിച്ചു. ഇടനാഴിയിൽ നേരിയ വെളിച്ചമേ ഉണ്ടായിരുന്നൊള്ളു.

ആ ഇടനാഴിക്കുശേഷം വേറൊരു വാതലുണ്ട്. അതു തുറന്ന് യൌഗ് സുരേശൻനായരോടൊരുമിച്ചു നിർദ്ദിഷ്ടസ്ഥാനത്തെത്തി.

"നാം നമുക്ക് എത്തേണ്ട സ്ഥാനത്തെത്തിക്കഴിഞ്ഞു." യൌംഗ് സുരേശനോടു പറഞ്ഞു—"ഇനി നിങ്ങൾ ഈ ചാരുകസേരയിൽകിടന്നല്പം വിശ്രമിക്കു. ഞാൻ നിങ്ങൾക്ക് കുടിക്കാനെന്തെങ്കിലും കൊണ്ടുവരാം." യൌംഗ് ആ കെട്ടിടത്തിൻെറ ഉള്ളിലുള്ള ഒരു മുറിയിലേക്കുപോയി. സുരേശൻനായർതൻെറ നിലയെസംബന്ധിച്ച് ആശ്ചര്യപ്പെടാൻ തുടങ്ങി. തനിക്ക് എന്തുപററിയെന്ന് അയാൾക്ക് മനസിലായില്ല. ഇവിടെ വരാതിരിക്കേണ്ടതായിരുന്നുവെന്ന് അയാൾ വിചാരിച്ചുപോയി.

ആ മുറി പൌരസ്ത്യ പരിഷ്കാരമനുസരിച്ചു അലങ്കരിക്കപ്പെട്ടിരുന്നു. കർട്ടനും മററും വെറും ഏഷ്യൻ രീതിയിലുള്ളതുതന്നെ. മുറിയിൽ ചീന പൂച്ചട്ടികളും ചീനഫർണീച്ചറും സ്ഥാനം തെററാതെ ഒരുക്കിവച്ചിരുന്നു. തറയിൽ ഘനമുള്ള പരവതാനി വിരിച്ചിട്ടുണ്ട്. കമ്പികളിൽ തൂങ്ങുന്ന പൂച്ചട്ടികളിലൊന്നിൽ നിന്ന് മധുരമായ സുഗന്ധം പൊട്ടിപ്പുറപ്പെടുന്നു. മുറിയുടെ നടുവിലായി ഒരു മനോഹരമായ ഗ്ലോബ് വിളക്കു തൂങ്ങുന്നു. അതിൻെറ ആകർഷകമായ വെളിച്ചം എങ്ങുമെവിടെയും വ്യാപിച്ച് മുറിയെ മുഴുവൻ പ്രകാശിപ്പിക്കുന്നു.

പൂച്ചട്ടിയിൽ നിന്ന് വരുന്ന സുഗന്ധം സുരേശൻനായരുടെ മസ്തിഷ്കത്തിൽ വിചിത്രമായ പ്രഭാവമാണുണ്ടാക്കുന്നത്. ക്രോധാവേശനായി അയാൾ കസേരയിൽനിന്ന് ചാടി എഴുന്നേററു. പക്ഷേ, മുറി മുഴുവൻ കറങ്ങുന്നല്ലോ. മനസ്സും ശരീരവും ഇപ്പോൾ അയാളുടെ പിടിയിലല്ല. ഒരു വിചിത്രമായ, ഭയങ്കരമായ ചിരിയോടുകൂടി കാലുതറി അയാൾ കസേരയിലേക്കു മറിഞ്ഞു. ശരീരത്തെ നിയന്ത്രിക്കാൻ അയാൾ വളരെ പരിശ്രമിച്ചു, പക്ഷേ ഫലിച്ചില്ല.

പെട്ടെന്ന് ഷർട്ടിൻെറ കൈയ്യുള്ളിൽ എന്തോ ഇഴയുന്നതുപോലെ അയാൾക്കു തോന്നി. തിരിഞ്ഞു നോക്കിയപ്പോൾ ഒരു ചീന ചെറുപ്പക്കാരൻ അയാളുടെ വിലയേറിയ കൈലേസ് ഷർട്ടിൻെറ കൈയ്യുള്ളിൽനിന്നു വലിച്ചെടുക്കാൻ സാഹസപ്പെടുന്നതാണ് കണ്ടത്.

"കള്ളനോ! നീ ആരെടാ?" സുരേശൻനായർ അട്ടഹസിച്ചു—"എൻെറ കൈലേസ് ഇങ്ങു കൊണ്ടുവാടാ!" നായർ കസേരയിൽ നിന്നെഴുന്നേററ് ആ ചീനയുവാവിൻെറ പിടലിയ്ക്കു പിടികൂടി. അയാൾ വല്ലാതെ പരിഭ്രമിച്ചു. അയാളെ ചതിക്കയാണു ചെയ്തതെന്ന് അയാൾക്ക് മനസ്സിലായി. യൌംഗ് അയാൾക്ക് കൊടുത്ത സിഗററിൽ എന്തോ ലഹരി ചേർത്തിരുന്നു. ആ ലഹരികൊണ്ടാണ് തലച്ചുററലുണ്ടായത്. ശരിയായ ബോധം നില്ക്കാത്തതും അതുകൊണ്ടുതന്നെ. ഏതോ ഭയങ്കര ചതിവിന്നിരയായിരിക്കയാണ് അയാൾ. സുരേശൻനായർ ക്രോധാവേശത്തിൽ ആലിലപോലെ വിറക്കാൻ തുടങ്ങി.

ചീന യുവാവ് ശകാരിച്ചുകൊണ്ട് സുരേശ നെ ശക്തിയായി പുറകോട്ടു തള്ളി. അയാൾ കോച്ചിൽ ചെന്നു വീണു. വീഴ്ചയോടൊരുമിച്ച് ഒരു ഭാരമുള്ള സാധനവും കോച്ചിൻെറ അരികിൽ ചെന്നു വീണു. അതു് ഒരു റിവാൾവറാണ്, സുരേശൻ കുനിഞ്ഞു് അതു കൈയ്യിലെടുത്തു.

മുറിയിലെ നിശ്ശബ്ദനിസ്തബ്ധതയിൽ സുരേശൻ നായർ കണ്ണുകൾ പിളന്ന് അത്യാശ്ചര്യത്തോടെ നോക്കി, ചീനയുവാവിൻെറ ആ മൃതദേഹത്തിലേയ്ക്ക്—"എൻെറ ഈശ്വരാ! ഇവൻ മരിച്ചുപോയല്ലോ. ഇതെങ്ങിനെ സംഭവിച്ചു!"—സുരേശൻെറ ആശ്ചര്യം അതിരു കവിഞ്ഞു. വെടി തീന്നതോടൊരുമിച്ച് വിളക്കിൻെറ പ്രകാശത്തിൽ ഒരു നിഴൽ അയാളുടെ കാലടികളുടെ സമീപത്തു കൂടികടന്നു പോകുന്നതു് അയാൾ കണ്ടു—

"അതെ"—യൌംഗ് പറഞ്ഞു—"നിങ്ങൾ അവനെ കൊന്നുകളഞ്ഞു!"

സുരേശൻനായർ ഭയം കലന്ന വെറുപ്പിൻെറ ആവേശത്തിൽ പിടഞ്ഞെഴുനേററു—"നിങ്ങൾ പറയുന്നതു് പച്ചക്കള്ളമാണ്. ഇത്ര ഭയങ്കരമായ കുററം എന്നിൽ ചുമത്താനുള്ള സാഹസം നിങ്ങൾക്കെങ്ങിനെ ഉണ്ടായി?"—സുരേശൻ ചോദിച്ചു.

"നോക്കണം"— ചീനച്ചെറുപ്പക്കാരൻെറ തലയിൽ പററിയ മുറിവിലേയ്ക്കു കൈ ചൂണ്ടിക്കൊണ്ട് യൌംഗ് തുടന്നു—"ദാ, ഇവിടെയാണ് നിങ്ങളുടെ വെടിയുണ്ട കൊണ്ടതു്. നിങ്ങളാണ് ഈ കൊല

നടത്തിയതു്. നിങ്ങളുടെ കൈയ്യിലുള്ള റിവാൾവ റിൽ നിന്നു പുറപ്പെട്ട വെടിയുണ്ട ഏററാണു് ഈ സാധുവിൻെറ ജീവൻ പോയതു്. നിങ്ങൾ കുററവാ ളിയാണെന്നു് ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യ മില്ല. നിങ്ങൾക്കറിയാം, നിങ്ങൾ തന്നെയാണു് കു ററവാളിയെന്നു്, നിങ്ങളെ ഈ നീചകർമ്മം ചെയ്യു ന്നതിനു് ആരും പ്രേരിപ്പിച്ചിട്ടില്ലെന്നു്."

സുരേശൻനായരുടെ മുഖം വിളറി. അടിമുടി അയാൾ ആലിലപോലെ ആടി, വിറച്ചു. യൌംഗി ൻെറ അഭിപ്രായം കേട്ടു് പരിഭ്രാന്തനായ അയാൾ ഒരടി പുറകോട്ടു മാറി. അപ്പോഴും കയ്യിലുണ്ടായി രുന്ന റിവാൾവർ വഴുതി താഴെ വീണു—"ഈ റി വാൾവർ ഞാൻ കയ്യിലെടുത്തതു ശരിതന്നെ, പക്ഷേ ഞാനിതു പ്രയോഗിച്ചില്ല, ഞാനല്ല വെടിവച്ചതു്."

സുരേശൻെറ കയ്യിൽനിന്നു താഴെ വീണ റി വാൾവർ എടുത്തുകൊണ്ടു് യൌംഗ് സുരേശൻത ന്നെയാണു് വെടിവച്ചതെന്നു തെളിയിക്കാൻ ബദ്ധ പ്പെട്ടു—"നിങ്ങൾതന്നെയാണു് വെടിവച്ചതെന്നുള്ള തിനു യാതൊരു തെളിവുമില്ലെന്നായിരിക്കാം വിചാ രം, അല്ലേ?"

യാതൊരു സമാധാനവും സുരേശനു തോന്നി യില്ല. അയാൾ രണ്ടു കൈകളിലും തല താങ്ങിക്കൊ ണ്ടു് കസേരയിലേയ്ക്കു വീണു. അയാളുടെ തല ക റങ്ങുകയാണു്. എന്തു പറയണമെന്നും എന്തു ചെ യ്യണമെന്നും അയാൾക്കു് ഒരു നിശ്ചയവുമില്ല.

"അയാൾ ആരായിരുന്നു?"—സർവ്വകഴിവുകളുമു പയോഗിച്ചു ശ്രമിച്ചതിൻെറ ഫലമായി ഇത്രയും ചോദിക്കാൻ കഴിഞ്ഞു.

"ഹീസിങ്ങ്ഫൂങ്ങ്!" യൌംഗ് മറുപടി പറ ഞ്ഞു—"എൻെറ ഒരു പഴയ സ്നേഹിതനായിരുന്നു. അയാൾ ഇവിടെ കാണുമെന്നു മനസ്സിലാക്കിയിരു ന്നില്ല."—അയാൾ പുറകോട്ടു തിരിഞ്ഞു ഒരു അല മാരി വലിച്ചു തുറന്നു. ഒരു കുപ്പി വെളിയിലെടുത്തു. ഒരു ഗ്ലാസ്സിൽ കുറച്ചു ബ്രാൻഡിപകൎന്നു് സുരേശൻെറ നേരെ നീട്ടിക്കൊണ്ടു പറഞ്ഞു:—"ദാ, ഇതു കുടിക്കൂ"— അയാളുടെ മുഖത്തു് കുസൃതികലൎന്ന ഒരു പുഞ്ചിരി പൊങ്ങിയമൎന്നു.—"ഇതുകൊണ്ടു് നിങ്ങൾക്കു സുഖ മാകും. ധൈര്യമായി പ്രവൎത്തിക്കേണ്ട അവസരമാ ണിതു്."—യൌംഗിൻെറ ഹിംസ്രദൃഷ്ടികൾ സുരേ ശൻനായരുടെ മുഖത്തു പതിഞ്ഞു. കോടിപ്രഭുവാ യ യുവാവു് സുരേശൻ മിക്കവാറും യൌംഗിൻെറ നിയന്ത്രണത്തിനു വിധേയനായിക്കഴിഞ്ഞിരുന്നു. അ നേകാനേകം കുററങ്ങൾക്കു് കൂട്ടുനിന്ന ഹീസിങ്ങ്ഫൂ ങ്ങ്—ആ കരിംകള്ളൻ, ആ നരാധമൻ—അതാ മ രിച്ചു കിടക്കുന്നു! ഇനി തനിക്കൊന്നും ഭയപ്പെടാനി ല്ല, താനിപ്പോൾ സ്വതന്ത്രനാണെന്നു് യൌംഗ് സ മാധാനിച്ചു. അയാളുടെ രഹസ്യങ്ങൾ മററാൎക്കും അ റിവില്ല. ഹീസിങ്ങ്ഫൂങ്ങിനെ അയാൾക്കു ഭയമായി രുന്നു. ഇനി ആരെയും ഭയപ്പെടേണ്ട ആവശ്യമില്ല.

★

## 2

# ഡിക്ടേററീവ്മേനോൻ അന്വേഷണമാരംഭിക്കുന്നു

ഭാരതമെങ്ങും പേരു കേട്ട ഡിക്ടേററീവ് മി. മേനോൻ ചാരുകസേരയിൽ കിടന്ന് സിഗററു വലിക്കുകയാണ്. ഒരു കേസ് സംബന്ധിച്ച ചില പ്രധാനവശങ്ങളെപ്പററി ആലോചിക്കുകയാണദ്ദേഹം. ഇന്നു രാവിലെയാണ് ടെറിട്ടോറിയൽ പോലീസ് ഇൻസ്പെക്ടർ മി. ഡിസോസ ബീച്ചിലുള്ള സ്റ്റേഷനിലേയ്ക്ക് മി. മേനോനെ ഫോണിൽ വിളിച്ചത്. മി. മേനോൻ സ്റ്റേഷനിലെത്തി. ഒരു അപരിചിതനായ വ്യക്തിയുടെ ശവം പൊഴിക്കു സമീപം കരയ്ക്കടുത്തിരിയ്ക്കുന്നതായി അവിടെ എത്തിയപ്പോൾ അദ്ദേഹത്തിനു മനസ്സിലായി.

ശവം അനേകദിവസങ്ങളായി വെള്ളത്തിൽ കിടന്നിരുന്നതാണ്. വസ്ത്രാദികൾ കൊണ്ടും ശവം തിരിച്ചറിയാൻ സാദ്ധ്യമായില്ല. വെടിയുണ്ട ശരിക്കു തലയുടെ മദ്ധ്യത്തിലാണ് ഏററിരുന്നത്. വെടിയുണ്ട കടന്നുപോയ ദ്വാരം സ്പഷ്ടമായി കാണാമായിരുന്നു. മരണം പെട്ടെന്നു നടന്നതാണ്.

"ഈ വിവരം പെട്ടെന്നു തന്നെ നിങ്ങളെ അറിയിക്കാൻ സാധിച്ചതിൽ എനിക്കു സന്തോഷമുണ്ട്."

ഇൻസ്പെക്റ്റർ ഡിസോസാ പറഞ്ഞു—"പോലീസു കാരെക്കാൾ വേഗം നിങ്ങൾക്ക് എന്തെങ്കിലും ചെയ്യുവാൻ സാധിക്കുമെന്ന് ഞാൻ ആശിക്കുന്നു."

മി. മേനോൻ ഒരു മറുപടിയും പറഞ്ഞില്ല. മരിച്ച ആളിൻെറ അടഞ്ഞിരുന്ന മുഷ്ടി വളരെ ശ്രദ്ധിച്ചു നോക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹം ശവത്തിൻെറ ആ കൈ മുകളിലേയ്ക്കുയർത്തി കുറേക്കൂടി അടുത്തു നോക്കി.

"കൈ ബലമായി പിടിച്ചുകൊള്ളണം."—അദ്ദേഹം പറഞ്ഞു—"ഞാൻ വിരലുകൾ തുറക്കാൻ ശ്രമിക്കയാണ്." ശക്തിയുപയോഗിച്ച് അദ്ദേഹം കൈ തുറന്നു. പല ചെറിയ പാളികളിലായി മടക്കി പന്തുപോലെ ചുരുട്ടിയ ഒരു സിൽക്കു് കൈവിരലുകൾ നിവിന്നയുടൻ താഴെ വീണു. ശവം വെള്ളത്തിൽ കിടന്നതായിരുന്നെങ്കിലും സിൽക്ക് അൽപം പോലും നനഞ്ഞിരുന്നില്ല. വെള്ളം ഉള്ളിൽകയറാത്തവിധം അത്ര ശക്തിയായിട്ടാണ് കൈവിരലുകൾ അടഞ്ഞിരുന്നത്.

"ഓഹ്!" മി. മേനോൻെറ വായിൽ നിന്ന് സന്തോഷസൂചകമായി പുറപ്പെട്ടു. ആ ചെറുതായി മടക്കിയിരുന്ന സിൽക്ക് വളരെ മനോഹരമായ ഒരു കൈലേസായിരുന്നു. അതിൻെറ നാലുവശത്തും വിലപിടിച്ച കസവുകൊണ്ടുള്ള ചിത്രവേലകൾ ചെയ്തിരുന്നു. സാധാരണ കാണാൻ കിട്ടാത്ത ഒരു വിചിത്ര വസ്തുവായിരുന്നു—ആ കൈലേസ്.

"ഇതു നല്ല വിലയുള്ളതായിരിക്കുമല്ലൊ"—ഇൻസ്പെക്റ്റർ ഡിസോസാ പറഞ്ഞു. "ഏതെങ്കിലും വൻപിച്ച പണക്കാരനായിരിക്കും ഈ കൈലേസിൻെറ ഉടമസ്ഥൻ. പോയിൻറു തരക്കേടില്ല."

ഡിക്റ്റേറററീവ് ഒരു മറുപടിയും പറഞ്ഞില്ല. അദ്ദേഹം കൈലേസ് കയ്യിലെടുത്തു അതു നിവൎത്തു. ഏതോ പ്രത്യേകസന്തോഷം കാരണം അദ്ദേഹത്തിൻെറ കണ്ണുകൾ തിളങ്ങി. കൈലേസിൻെറ ഒരു കോണിൽ S. N. എന്നു തൈച്ചിട്ടുണ്ടു്. ഈ രണ്ടക്ഷരങ്ങൾ ചെറു മുത്തുകളുപയോഗിച്ചാണു് തൈച്ചിരുന്നതു്. ആ അക്ഷരങ്ങളുടെ അടിയിലായി തുവരപ്പരിപ്പിൻെറ വലിപ്പത്തിൽ ഒരു ജലപാത്രത്തിൻെറ സുന്ദരമായ ചിത്രം അങ്കിതമാക്കപ്പെട്ടിരുന്നു. ആ ജലപാത്രത്തിൻെറ മുകളിൽ ഇരു വശങ്ങളിൽ നിന്നു് മുകളിലേയ്ക്കു ചേൻ്റ് കത്രികയുടെ രൂപത്തിൽ രണ്ടു കത്തികളും ചിത്രീകരിച്ചിട്ടുണ്ടു്.

ഒററനോട്ടത്തിൽ തന്നെ, കപ്പലടയാളം പൂൎവ്വ്യൻപരിഷ്ക്കാരത്തിൻെറ ചിഹ്നമാണെന്നും കത്തി-കത്രിക മലയൻ സംസ്ക്കാരത്തിൻെറ അടയാളമാണെന്നും മി. മേനോൻ മനസ്സിലാക്കി.

"ഇതൊരു നല്ല പോയിൻറാണു്"—അദ്ദേഹം പറഞ്ഞു. "ഇതു കൈലേസിൻെറ ഉടമസ്ഥൻെറ പേരിലുള്ള ആദ്യ അക്ഷരങ്ങളാണു്. അതിൻെറ താഴെ വംശചിഹ്നവും നല്കിയിട്ടുണ്ടു്. ഏതായാലും ഇതൊരു പ്രധാനപ്പെട്ട പോയിൻറു തന്നെ, സംശയമില്ല"

മി. ഡിസോസായ്ക്കു യാതൊരു ഭാവഭേദവുമു ണ്ടായില്ല. വിവരങ്ങളെല്ലാം മനസ്സിലാക്കിയ ശേഷം തൻെറ ആഫീസിലേയ്ക്കു മടങ്ങിക്കൊണ്ട് അദ്ദേഹം പറഞ്ഞു—"

"ഭേഷ്, കൊള്ളാം. ഇതൊരു സാധാരണ കൊലയായിരിക്കുമെന്നാണ് ഞാൻ വിചാരിച്ചിരുന്നതു്. പക്ഷെ ഇതു ഏതോ ഒരു ഭയങ്കരഗ്രൂഢാലോചനയെ ആണ് സൂചിപ്പിക്കുന്നതു്. ഇതൊരു സാധാരണ കൊല അല്ല തന്നെ".

എന്നാൽ ആ ഗ്രൂഢാലോചന എത്ര ജഡിലമായിരുന്നു എന്നോ ആയിരിക്കുമെന്നോ അദ്ദേഹം ആലോചിച്ചില്ല. പോലീസ് ഡിപ്പാർട്ടുമെൻററിലെ നല്ല തഴക്കവും പഴക്കവും ഉള്ള ഉയന്ന ഉദ്യോഗസ്ഥന്മാരെയാണ് ഈ കേസ് അന്വേഷിക്കാൻ നിയമിച്ചിരുന്നതു്.

അതൊരു സാധാരണകൊലപാതകമല്ലെന്നാണ ഡിക്റ്ററീവ് മി. മേനോൻ പോലും വിശ്വസിച്ചതു്. അതിൻെറ പിന്നിൽ തീർച്ചയായും ഏതോ ഭയങ്കരരഹസ്യം ഒളിഞ്ഞു കിടപ്പുണ്ട്. മി. മേനോൻ തൻെറ താമസസ്ഥലത്തു് മടങ്ങിയെത്തി. അദ്ദേഹം തൻെറ വീട്ടുഭരണക്കാരിയെ വിളിച്ച് ആരെയും അദ്ദേഹത്തിൻെറ അടുക്കലേയ്ക്കു അയയ്ക്കരുതെന്നും അദ്ദേഹത്തിൻെറ ആലോചനയ്ക്കു യാതൊരുവിധമായ തടസ്സവും ഉണ്ടാകാനിടവരുത്തരുതെന്നും പ്രത്യേകം നിർദ്ദേശം നൽകി.

മി: മേനോൻ ആലോചനാമുറിയിലെത്തി ചാരുകസേരയിൽകിടന്നു് ചെറുതായൊന്നു് നിശ്വസിച്ചു. തുടന്നു് ആ കേസിൻെറ രഹസ്യം കണ്ടുപിടിക്കാനുള്ള യത്നമാരംഭിച്ചു. ആദ്യത്തെപ്രശ്നം ആ കൈലേസ് ആരുടേതാണെന്നുള്ളതാണു്. "ആരെല്ലാം എന്തെല്ലാം" എന്ന പേരോടുകൂടിയ ഒരു ഡയറക്ടറിയെടുത്തു് താളുകൾ മറിക്കാൻ തുടങ്ങി. കപ്പലും കത്തി—കത്രികയും ഏതു വംശത്തിൻെറ ചിഹ്നങ്ങളാണെന്നു് കണ്ടുപിടിക്കാൻ വളരെ ശ്രമിച്ചു. പക്ഷെ ഡയറക്ടറി അദ്ദേഹത്തെ ഒരു തരത്തിലും സഹായിച്ചില്ല. എങ്കിലും, ആ ചിഹ്നങ്ങൾ അദ്ദേഹത്തിനു പരിചയമുള്ളതാണെന്നു് അദ്ദേഹത്തിൻെറ മനസ്സ് അദ്ദേഹത്തെ ധൈര്യപ്പെടുത്തി. അദ്ദേഹം അതു എവിടെയോ കണ്ടിട്ടുള്ളതാണു്, കണ്ടിട്ടു് അധികദിവസങ്ങളായിട്ടുമില്ല. S. N. എന്നറിയപ്പെടുന്ന ഒരു വ്യക്തിയെ സംബന്ധിക്കുന്ന ഏതോ കാര്യത്തിലാണു് ആ ചിഹ്നങ്ങൾ അദ്ദേഹം കണ്ടതു്.

പെട്ടെന്നു് ഏതോ കാര്യം അദ്ദേഹത്തിനു ഓർമ്മ വന്നു. അദ്ദേഹം ചാടിഎഴുനേററു. മേശയ്ക്കു സമീപമെത്തി. ഇലസ്റ്റ്രേട്ടഡ് വീക്കിലിയുടെ ഫൈയിൽ മേശപ്പുറത്തു വച്ചിട്ടുണ്ടായിരുന്നു. അദ്ദേഹം അതിൻെറ താളുകൾ മറിച്ചുനോക്കുവാനാരംഭിച്ചു.

"കിട്ടിപ്പോയി!"—അല്പസമയത്തിനുശേഷം അദ്ദേഹം പറഞ്ഞു. ആ ലക്കത്തിൻെറ ആദ്യപേജിൽ ഒരു ചെറുപ്പക്കാരൻെറ ചിത്രം അച്ചടിച്ചിട്ടുണ്ടു്. സുരേശൻനായർ എന്നാണയാളുടെ പേരു്. വലിയ

ടൈപ്പിലാണ് പേരു അച്ചടിച്ചിരിക്കുന്നതു്. ആ ചിത്രം വ്യവസായ സമ്രാട്ട് പത്മനാഭപിള്ളയുടെ ഏകപുത്രൻേറതാണ്. പത്മനാഭപിള്ള കോടിപ്രഭു വാണ്. അദ്ദേഹത്തെ അറിയാത്തവരായി കിഴക്കും പടിഞ്ഞാറും ആരും കാണുകയില്ല. അദ്ദേഹത്തിൻെറ വംശചിഹ്നവും ചിത്രത്തോടൊരുമിച്ചു കാണിച്ചിരുന്നു. മലയാ സ്റ്റേററും മററു കിഴക്കൻരാജ്യങ്ങളുമായി അദ്ദേഹത്തിനുള്ള അടിയുറച്ച ബന്ധം വെളിപ്പെടുത്തുന്നതിനുള്ള ഒരു പുതിയ ഉപായമായിരുന്നു അതു്.

ചിത്രത്തിലേക്ക് ഒരു പ്രാവശ്യം നോക്കിയ ഉടൻതന്നെ മി: മേനോനു മനസിലായി, ഇന്നു രാവിലെ കണ്ട ശവം ആ യുവാവിൻേറതല്ലെന്ന്. പക്ഷെ അതോടൊരുമിച്ചു ആ സിൽക്ക് കൈലേസ് ആ യുവാവിൻേറതാണെന്നും അദ്ദേഹം മനസ്സിലാക്കി.

“കൊല്ലപ്പെട്ടവനും സുരേശൻ നായരുമായി വല്ല ബഹളവുമുണ്ടായോ? അങ്ങനെ സുരേശൻ ഒടുവിൽ ആ യുവാവിനെ വധിച്ചതാണോ?”—മി: മേനോൻ തന്നത്താൻ പിറുപിറുത്തു—“കൈലേസു് തീർച്ചയായും സുരേശൻനായരുടേതാണ്, ഏററവും കുറഞ്ഞതു് അങ്ങിനെയാണ് ഊഹിക്കേണ്ടതു്.”

ചിത്രത്തിൻെറ ചുവട്ടിൽ കൊടുത്തിരുന്ന പരിചയകുറിപ്പിൽനിന്നു മനസിലാക്കേണ്ട രണ്ടു കാര്യങ്ങളുണ്ട്, ഒന്ന് സുരേശൻനായർ ഹോട്ടൽ ഡി ഹാർബറിലാണ് താമസമെന്നും രണ്ടാമത്തേതു് അദ്ദേഹം പെട്ടെന്നുതന്നെ എർണാകുളത്തുനിന്ന് സിംഗപ്പൂരിലേക്കു പോകുമെന്നുമാണ്.

"എന്തെങ്കിലും പെട്ടെന്നു ചെയ്യണം"—മി: മേനോൻ മനസ്സിൽ വിചാരിച്ചു—"ഞാൻതന്നെ ഹോട്ടൽ ഡി ഹാർബറിൽപോയി വിവരമന്വേഷിക്കാൻ ശ്രമിക്കാം?" വാതലിൽ ആരോമുട്ടി. അതു് അദ്ദേഹത്തിൻെറ സഹപ്രവത്തകൻ മി: ഗോപകുമാറാണു്. വാതലുതുറന്നു, അയാൾ മുറിക്കുള്ളിൽ പ്രവേശിച്ചു.

"കുമാർ, നിങ്ങളും എൻെറകൂടെ വരൂ"—മി: മേനോൻ പറഞ്ഞു—"പകൽ മുഴുവൻ ഒരുപക്ഷേ കറങ്ങേണ്ടതായിവന്നേക്കാം."

മി: മേനോൻെറ വാക്കുകൾ കേട്ടപ്പോൾ കുമാറിനു വലിയ സന്തോഷം തോന്നി.

"വളരെ സന്തോഷം." അയാൾ പറഞ്ഞു—"ഇന്നു് എന്തു് ഇരയാണു് കിട്ടിയിരിക്കുന്നതു്?"

"കൊല!" മി: മേനോൻപറഞ്ഞു. മേശതുറന്നു ധാരാളം നോട്ടുകളും, കുറച്ചു ചില്ലറയും പോക്കററിലിട്ടു.

"ഒരു വിചിത്ര കൊലയാണു് കണ്ടുപിടിക്കേണ്ടതു്." അദ്ദേഹം തുടൻു—"സൂക്ഷിക്കണം. ബുദ്ധി ശരിയായി വ്യാപരിപ്പിക്കണം നമുക്കു് ഇന്നു് അതിൻെറ ഉപയോഗമുണ്ടാകും."

ഒരു ടാക്സിപിടിച്ചു രണ്ടുപേരും ഹോട്ടൽ ഡി ഹാർബറിലെത്തി. ഗോപകുമാറിനെ ടാക്സിയിൽ തന്നെ ഇരുത്തിയിട്ടു് മി: മേനോൻ ഹോട്ടലിനുള്ളിലേക്കുപോയി.

മുകളിലെത്തി മി: മേനോൻ നേരേ മാനേജരുടെ മുറിയിലേക്കു നടന്നു, മാനേജർ ഓഫീസിനുവെ

ളിയിൽ നില്ക്കുകയായിരുന്നു. അദ്ദേഹത്തെ കണ്ടയുടൻ ആളിനെ മനസിലാക്കിയ മാനേജർ മുന്നോട്ടുവന്ന് സ്വാഗതം ചെയ്തുകൊണ്ടു പറഞ്ഞു—

"ഇന്ന് അങ്ങയെ കണ്ടിട്ടു തീരെ മനസിലാകുന്നില്ലല്ലോ. ഹാർബർ കാണാനിറങ്ങിയതാണോ അതോ വല്ല പ്രത്യേക കാര്യവുമുണ്ടോ?"

"രണ്ടും ശരിതന്നെ." മി: മേനോൻ പറഞ്ഞു: "എൻെറ ചോദ്യങ്ങൾക്ക് നിങ്ങൾ നല്കുന്ന മറുപടിയെ ആധാരമാക്കിവേണം ഞാൻ എന്തിനാണ് വന്നതെന്ന് നിശ്ചയിക്കേണ്ടത്. മി: സുരേശൻനായർ ഇപ്പോഴും ഇവിടെത്തന്നെയാണോ താമസം?"

മാനേജർ അത്യന്തം ആശ്ചര്യത്തോടുകൂടി മി: മേനോനെനോക്കിക്കൊണ്ടു മറുപടിനല്കി—"ഇല്ല, അദ്ദേഹം കഴിഞ്ഞ ശനിയാഴ്ച ഇവിടെനിന്ന് പോയതാണ്."

"ഓഹോ!" നൈരാശ്യത്തോടുകൂടി മി: മേനോൻ പറഞ്ഞു—"എനിക്ക് അദ്ദേഹത്തെ സംബന്ധിച്ച ചില പ്രത്യേക കാര്യങ്ങളറിയാൻ സാധിച്ചില്ലല്ലോ എന്നാണ് ഞാൻ ദുഃഖിക്കുന്നത്. ഒരത്യാവശ്യകാര്യം പ്രമാണിച്ച് എനിക്ക് അദ്ദേഹത്തെ ഒന്നു കാണണമായിരുന്നു. മി: സുരേശൻ സ്ഥലം വിട്ടുകഴിഞ്ഞോ എന്ന് തീർച്ചയായും നിങ്ങൾക്കറിയാമായിരിക്കണം."

"തീർച്ചയായും പോയിക്കഴിഞ്ഞു. എൻെറ ഒരു സ്നേഹിതൻ അദ്ദേഹത്തെ യാത്രയയയ്ക്കാൻ പോയിരുന്നു. സ്റ്റീമർ വിട്ടുകഴിഞ്ഞശേഷമാണ് അയാൾ മടങ്ങിവന്നത്."

"Thank you." മി: മേനോൻ തുടൎന്നു—"മി: സുരേശനെ കണ്ടു സാധിക്കേണ്ടിയിരുന്ന കാൎയ്യം ഇനി എത്രകാലം കഴിഞ്ഞാൽ സാധിക്കുമെന്നാണു് ഞാൻ വിഷമിക്കുന്നതു്. ശരി, നമസ്തേ!" മി: മേനോൻ മാനേജരോടു യാത്ര പറഞ്ഞുവെങ്കിലും അദ്ദേഹം ഹോട്ടലിൽ നിന്നു് വെളിയിൽ പോയില്ല.

ഹോട്ടലിലെ രജിസ്റ്റർ നോക്കി മി: സു്രേശൻ നായർ മൂന്നാമത്തെ നിലയിൽ റൂം നമ്പർ 67-൦64-മാണു് താമസിച്ചിരുന്നതെന്നു് മി: മേനോൻ മനസ്സിലാക്കി. അദ്ദേഹം ലിഫ്ററിൻെറ സഹായത്തോടുകൂടി മുകളിലെത്തി. ആ മുറികളുടെ കാവൽക്കാരനെ കണ്ടു് അയാൾക്കു് ഒരു രൂപ സംഭാവനയായി കൊടുത്തശേഷം മി: സു്രേശനെ സംബന്ധിച്ചു് അയാളോടു ചോദിച്ചു.

"അതെ, സർ! എനിക്കു് നല്ല ഓൎമ്മയുണ്ടു്"—കാവൽക്കാരൻ മറുപടി പറഞ്ഞു —"പാവം നല്ല മനുഷ്യനായിരുന്നു. കൂടുതൽ സമയവും അദ്ദേഹം വെളിയിലാണു് കഴിച്ചു കൂട്ടിയിരുന്നതു്. ഒരു മാസത്തോളം അദ്ദേഹം ഇവിടെ താമസിച്ചു. പക്ഷേ അദ്ദേഹത്തെ കാണാൻ വളരെ കുറച്ചാളുകളെ ഇവിടെവന്നിട്ടൊള്ളു."

"രാത്രിയിൽ എത്ര സമയം അദ്ദേഹം വെളിയിൽ കഴിച്ചുകൂട്ടിയിരുന്നു?"—മി: മേനോൻ ചോദിച്ചു.

"രാത്രിയിൽ നേരത്തെ തന്നെ മടങ്ങിവരികയാണു് പതിവു്."— കാവൽക്കാരൻ മറുപടി പറ

ഞ്ഞു—"കഴിഞ്ഞ വെള്ളിയാഴ്ച രാത്രിയിൽ വളരെ അമാന്തിച്ചാണ് അദ്ദേഹം തിരികെ വന്നത്. രാത്രി മൂന്നു മണിക്ക് എൻെറ ഡ്യൂട്ടി സമയമായിരുന്നു. എനിക്ക് അദ്ദേഹം തിരികെ വന്നതു ശരിക്ക് ഓർമ്മയുണ്ട്. മടങ്ങി വന്നപ്പോൾ അദ്ദേഹം വളരെ ക്ഷീണിച്ചിരുന്നു, വിചാരമഗ്നനുമായിരുന്നു. സമിതിവക ഹാളിലെ ഒരു പ്രോഗ്രാം അദ്ദേഹത്തിൻെറ മുറിയിൽ കിടന്നു എനിക്കു കിട്ടിയിട്ടുണ്ട്"

കാവൽക്കാരനോടു സംസാരിച്ചതിനുശേഷം മി: മേനോൻ ടാക്സിയുടെ സമീപം മടങ്ങിയെത്തി. പോക്കററിൽനിന്ന് കുറച്ചു പണമെടുത്ത് അദ്ദേഹം തൻെറ സഹപ്രവത്തകനെ ഏല്പിച്ചു. പണം ക്രമത്തിലധികമുണ്ടായിരുന്നു, ഗോപകുമാർ ആശ്ചര്യപ്പെട്ടു.

"ഹോട്ടൽ ഡിഹാർബറിൽ ഒരാൾ, മി: സുരേശൻനായർ അയച്ച എഴുത്തു വാങ്ങാൻ വരും. കവറിൽ സുരേശൻെറ വംശക്കാരുടെ മോനോഗ്രാം അടിച്ചിട്ടുണ്ട്. ആരെങ്കിലും ആ എഴുത്തു വാങ്ങാൻ വന്നാൽ നിങ്ങൾ അയാളെ പിൻ തുടരണം, അയാളെ സംബന്ധിച്ച വിവരങ്ങളെല്ലാം കണ്ടുപിടിക്കണം. ഏതുവിധമായാലും ഈ കാര്യം സാധിക്കണം. നിങ്ങളുടെ ബുദ്ധിക്കു ശരിയായി തോന്നുന്നതു ചെയ്തുകൊള്ളണം. ആ വ്യക്തിയെ നിങ്ങൾ പൂർണ്ണമായി മനസ്സിലാക്കിക്കഴിഞ്ഞാൽ വിവരം എന്നെ അറിയിക്കണം. മനസ്സിലായല്ലോ?"

ഗോപകുമാർ പ്രസന്നചിത്തനായി ടാക്സിയിൽ

നിന്നിറങ്ങി ഗേററിന്ന സമീപം കിടന്ന ബഞ്ചിൻെറ അടുക്കലേക്കു നടന്നു.

"ഞാൻ കഴിവതും വേഗം പാർസൽ നിശ്ചിത സ്ഥാനത്തു് എത്തിച്ചുകൊള്ളാം."—ദാമോദരൻ മുന്നോട്ടു പോകുന്നതിനിടയ്ക്കു പറഞ്ഞു.

മി: മേനോൻ അവിടെനിന്നു് സമിതിവക ഹാളിലെത്തി. അവിടെ നാലുമണിക്കുള്ള മാററിനി നടക്കുകയാണു്. അദ്ദേഹം ബുക്കിംഗ് ഓഫീസിലെത്തി. അവിടെ നിന്നു് ബുക്കുസ്റ്റാളിലേക്കു വന്നു. സ്റ്റാൾ ഹോൾഡറെ മി: സുരേശൻനായരുടെ ഫോട്ടോ കാണിച്ചുകൊണ്ടു ചോദിച്ചു—"നിങ്ങൾ ഈ ആളിനെ കണ്ടിട്ടുണ്ടോ? എന്തെങ്കിലും പരിചയമുണ്ടോ?"

"ഉണ്ടു്. ഞാൻ ഇദ്ദേഹത്തെ കണ്ടിട്ടുണ്ടു്"—അയാൾ പറഞ്ഞു. "കഴിഞ്ഞ വെള്ളിയാഴ്ച വൈകുന്നേരം ഇവിടെ വന്നിരുന്നു. പ്രോഗ്രാമിൻെറ ഒരു കോപ്പി ഇദ്ദേഹം ഇവിടെനിന്നു വാങ്ങി. പക്ഷെ, പെട്ടെന്നു തന്നെ തിരികെ പോയി. ഇദ്ദേഹത്തോടൊരുമിച്ചു് വേറൊരാൾകൂടി ഉണ്ടായിരുന്നു. പ്രായം ഇദ്ദേഹത്തേക്കാൾ കൂടുതൽ കാണും. അയാളുടെ മുഖം കണ്ടാൽ വെറുപ്പു തോന്നും." വെറുപ്പുഭാവം പ്രകടിപ്പിച്ചുകൊണ്ടു സ്റ്റാൾഹോൾഡർ മറുപടി പറഞ്ഞു.

"എന്താണു് വെറുപ്പിന്ന കാരണം?"— മി: മേനോൻ ചോദിച്ചു.

"വെറുപ്പിനുള്ള കാരണം എന്താണെന്ന് പറയാൻ പ്രയാസമാണ്. അയാളെ കാണുമ്പോൾ ഒരു ചീനക്കാരൻെറ ഓർമ്മയാണ് എനിക്കുണ്ടാകുന്നത്. അയാൾ ബൂട്ടും സൂട്ടുമാണ് ധരിച്ചിരുന്നതെങ്കിലും ഒരു ചീനക്കാരനാണെന്നാണ് എൻെറ വിശ്വാസം, അതുകൊണ്ടായിരിക്കാം വെറുപ്പുതോന്നുന്നത്."

മി: മേനോൻ അയാൾക്ക് നന്ദി പറഞ്ഞശേഷം തൻെറ താമസസ്ഥലത്തു മടങ്ങിയെത്തി. ആ മനുഷ്യൻ ഒരു ചീനക്കാരനാണെങ്കിൽ ആരായിരിക്കാമെന്ന് വീട്ടിലെത്തുന്നതുവരെ അദ്ദേഹം ബുദ്ധി ചെലുത്തി ചിന്തിച്ചുകൊണ്ടിരുന്നു.

★

## 3

## ഗോപകുമാറിനെ സമുദ്രത്തിലേക്കു എറിയുന്നു

ഗോപകുമാർ മി: മേനോൻെറ നിർദ്ദേശാനുസരണം ഹോട്ടൽ ഡി ഹാർബറിലെത്തി. കുറച്ചു നേരം വരാന്തയിൽ അങ്ങുമിങ്ങും ചുററിനടന്ന ശേഷം നോട്ടീസ് ബോർഡിൻെറയും ലററർ റേക്കിൻെറയും മുൻപിൽ വന്ന് അവിടെക്കിടന്ന ഒരു ചാരുബെഞ്ചിലിരുന്ന് അതിലെ കടന്നുപോകുന്ന ഓരോരുത്തരെയും ശ്രദ്ധിക്കാൻതുടങ്ങി. ഗോപകുമാറിന് ഏകദേശം

നാല്പത്തിയഞ്ചുമിനിട്ടുനേരം പ്രതീക്ഷിക്കേണ്ടതായി വന്നു. അതിനിടയ്ക്ക് ആ എഴുത്ത് റേക്കിൽ എവിടെയാണ് തൂക്കിയിരിക്കുന്നതെന്നയാറം കണ്ടുപിടിച്ചു. കവറിൽ യൌംഗ്ഫൂങ്ങിൻെറ മേൽവിലാസമാണ് എഴുതിയിരുന്നത്.

മുക്കാൽ മണിക്കൂറിനുശേഷം മുപ്പതു മുപ്പത്തിയഞ്ചിനോടടുത്ത ഒരുചെറുപ്പക്കാരൻമനോഹരമായ ബൂട്ടും സൂട്ടും ധരിച്ചുകൊണ്ട് അവിടെ വന്നുചേൎന്നു. യൌംഗ്ഫൂങ്ങിൻെറ മേൽവിലാസത്തിലുള്ള കവറെടുത്തു് കീശയിലാക്കി വന്നഭാഗത്തേയ്ക്കുതന്നെ തിരികെപോയി. ഗോപകുമാരനും ഒളിഞ്ഞൊളിഞ്ഞു ആ വ്യക്തിയെ പിന്തുടൎന്നു. വെളിയിലിറങ്ങി അയാറം ഒരു ടാക്സിപിടിച്ചു ഒരു ഭാഗത്തേക്കു ഓടിച്ചുപോയി. ഗോപകുമാറും വേറൊരു ടാക്സിപിടിച്ചു അയാളെപിന്തുടൎന്നു. ടാക്സിക്കാരൻ ഗോപകുമാറിനെ മനസിലാക്കി. മുൻപേപോകുന്ന ടാക്സിയെ പിൻതുടരുവാൻ കുമാർ ടാക്സിക്കാരനു നിർദ്ദേശം നല്കി.

പല റോഡുകളും കവലകളും കടന്ന് മുൻപിലുള്ള ടാക്സി തൃപ്പൂണിത്തുറ ക്ഷേത്രത്തിനു വടക്കുവശമെത്തി. ഗോപകുമാറിൻെറ ടാക്സി മുൻപിലുള്ള ടാക്സിയിൽനിന്ന് അൻപതുഗജം പുറകിലായിരുന്നു. ആ മുപ്പത്തഞ്ചുവയസ്സു പ്രായമുള്ള ചെറുപ്പക്കാരൻ പകുതി ചീനിയും പകുതി ആംഗ്ലേയനും അതായത്, ആംഗ്ലോചീനിയാണെന്നുതോന്നുന്നു. അയാറം ടാക്സിയിൽനിന്നിറങ്ങി ഇടവഴിയിൽ പ്രവേശിച്ചു ഗോപകുമാർ തൻെറ ടാക്സിക്കാരനോടു

കാത്തുകിടക്കാൻ പറഞ്ഞശേഷം അയാളുടെ പിന്നാലെയെത്തി. ഒന്നുരണ്ടു ഇടവഴികൾ കടന്ന് അയാൾ ഒരു വൃത്തികെട്ട കെട്ടിടത്തിൻെറ മുൻപിൽ ചെന്നു നിന്നു. വാതില് പെട്ടെന്ന് തുറന്നു. അയാൾ ഉള്ളിൽ പ്രവേശിച്ചു.

അല്പനിമിഷത്തിനുശേഷം ഗോപകുമാറും ആ വാതുക്കലെത്തി. വാതല് അടച്ചുപൂട്ടിയിരുന്നില്ല. അദ്ദേഹം സാവധാനം വാതലുതുറന്ന് അകത്തുകടന്നു. ഒരു ഇടനാഴി. ഇടനാഴി കഴിഞ്ഞു് വേറൊരുവാതിലുണ്ടു്. അതുകഴിഞ്ഞാൽ ഒരു മുറിയാണ്. മുറിയിൽ ആരോ സംസാരിക്കുന്ന ശബ്ദം കേൾക്കാം. ഗോപകുമാറിനു മുന്നോട്ടു നീങ്ങുവാൻ ധൈര്യമുണ്ടായില്ല. കതകു അടച്ചുപൂട്ടാതിരുന്നതിൻെറയും ടാക്സിക്കാരനെ തിരിച്ചയക്കാതിരുന്നതിൻെറയുമർത്ഥം വീണ്ടും ആ വ്യക്തി വെളിയിലേക്കു വരുമെന്നാണ്. ഗോപകുമാർ മിണ്ടാതെ വെളിയിലിറങ്ങി തൻെറ ടാക്സിയിൽ വന്നിരുന്ന് അയാളെ പ്രതീക്ഷിക്കാൻ തുടങ്ങി. ഏകദേശം അര മണിക്കൂറിനുശേഷം ആ വ്യക്തി തിരികെവന്നു അയാളുടെ ടാക്സിയിലിരുന്ന് ഒരു ഭാഗത്തേയ്ക്കു ഓടിച്ചുപോയി. ഗോപകുമാറും തൻെറ ടാക്സി അതിൻെറ പിന്നാലെ ഓടിച്ചു.

അയാളുടെ ടാക്സി ഹാർബറിലെത്തി. അതവിടെനിന്നു. അയാൾ കാറിൽനിന്നിറങ്ങി കസ്റ്റംസിൻെറ ഉള്ളിൽ പ്രവേശിച്ചു. ഗോപകുമാറും പിന്നാലെ എത്തി. ഉള്ളിലെത്തി അയാൾ ഒരു പോ

ട്ടറെ വിളിച്ചു് ചില സാധനങ്ങൾ ഹോണ്ഡാമാരു എന്നാ ജപ്പാൻ കപ്പലിൽ കയററുവാൻ പറഞ്ഞു. ആ കപ്പൽ തുറമുഖം വിടുവാൻ തയാറായി നില്ക്കുകയായിരുന്നു. ഗോപകുമാറിന്നു മനസ്സിലായി, അയാൾ ഒരു യാത്രയ്ക്കു തയാറാണെന്നു്. അദ്ദേഹം പെട്ടെന്നു കസ്റ്റംസിന്നു വെളിയിൽ വന്നു് ടാക്സിഡ്രൈവൎക്കു് പത്തിൻെറ മൂന്നുനോട്ടുകൾ കൊടുത്തശേഷം പറഞ്ഞു—

"ഞാൻ ഒരത്യാവശ്യകാൎയ്യം പ്രമാണിച്ചു ഈ ഹോണ്ഡാമാരു എന്ന ജപ്പാൻ കപ്പലിൽ ഒരു സ്ഥലത്തേക്കു പോകുകയാണു്. നിങ്ങൾ നേത്ത്രസ്റ്റേഷനിൽ മി: മേനോൻെറ താമസസ്ഥലത്തുചെന്നു്—ഞാൻ അവിചാരിതമായി ഒരു യാത്രയ്ക്കു നിൎബന്ധിതനായിരിക്കയാണെന്നും പൂൎണ്ണവിവരത്തിന്നു കൊളമ്പിലെത്തിയശേഷം എഴുതയക്കാമെന്നും പറയണം. മറക്കരുതു്."

ടാക്സിഡ്രൈവർ സലാംപറഞ്ഞു നോട്ടു പോക്കററിലിട്ടു. ഗോപകുമാർ വീണ്ടും കസ്റ്റംസിന്നുള്ളിലേക്കു പോയി. അവിടെനിന്നു് അദ്ദേഹം ഹോണ്ഡാമാരുവിലെത്തി. ഒരാൾ അദ്ദേഹത്തെ തടഞ്ഞു നിറുത്തി പാസ്സു്പോർട്ടും മററും കാണണമെന്നാവശ്യപ്പെട്ടു. അദ്ദേഹത്തിന്നു ടിക്കററും മററും വാങ്ങാൻ സൗകൎയ്യം കിട്ടിയില്ല. അതിന്നുള്ള സമയംതന്നെ എവിടെയായിരുന്നു. അദ്ദേഹം ആ ഉദ്യോഗസ്ഥനോടു പറഞ്ഞു—

"മിസ്റ്റർ, ഞാൻ ഉടൻതന്നെ തിരികെ പൊയ്ക്കൊള്ളാം. ഒരാളിൻെറ സാധനങ്ങൾ ഒരു പോർ

ട്ടർ കൊണ്ടുപോയിട്ടുണ്ട്. അതു യഥാസ്ഥാനത്തു വയ്പിച്ചശേഷം തിരിച്ചുപൊയ്ക്കൊള്ളാം." സൂത്രം ഫലിച്ചു. ഉദ്യോഗസ്ഥൻ ഗോപകുമാർ മുന്നോട്ടുപോകാനനുവദിച്ചു. സ്റ്റീമറിൽ ഗോപകുമാറിനു ഒളിഞ്ഞിരിക്കത്തക്ക ഒരു സ്ഥാനംകിട്ടി. ഹാർബറിൽനിന്ന് കപ്പൽ തിരിച്ചു വളരെദൂരം സമുദ്രത്തിലെത്തിയപ്പോൾ അദ്ദേഹം വെളിയിലിറങ്ങി. അല്പസമയത്തിനുള്ളിൽ അദ്ദേഹം ക്യാപ്റ്റന്റെ മുൻപിൽ ഹാജരായി.

ഒളിച്ചുയാത്രചെയ്യുന്നത് നിയമവിരുദ്ധമാണെന്നും അങ്ങനെ നിയമവിരുദ്ധപ്രവർത്തനത്തിനു വിധേയനാകയാൽ ഗോപകുമാറിനെ പോലീസ് കസ്റ്റടിയിൽ ഏല്പിച്ചുകൊടുക്കേണ്ടതാണെന്നും ക്യാപ്ററൻ ആദ്യം തീരുമാനിച്ചുവെങ്കിലും ഗോപകുമാർ ഭാരതപ്രസിദ്ധ ഡിക്ടേററിവ് മി: മേനോന്റെ സഹപ്രവർത്തകനാണെന്നു മനസ്സിലായപ്പോൾ അദ്ദേഹത്തെ സംബന്ധിച്ച ക്യാപ്ററന്റെ അഭിപ്രായം മാറുകയും വളരെ സന്തോഷത്തോടുകൂടി തന്റെ അടുത്തുതന്നെ കസേരയിലിരിക്കാൻ ക്ഷണിക്കയും ചെയ്തു.

ക്യാപ്റ്റൻ മുഖാന്തിരം യൌംഗ് സിംഗപൂരിലേയ്ക്കു പോകയാണെന്നു ഗോപകുമാറിനു മനസ്സിലായി. അദ്ദേഹവും പെട്ടെന്നു തന്നെ ഒരൊന്നാം ക്ലാസ്സ് ക്യാബിൻബുക്കു ചെയ്യുകയും ക്യാബിനിലേക്കു പോകയും ചെയ്തു.

അടുത്ത ദിവസം മുതൽ ആ ആംഗ്ലോ ചീനിയുമായി സമ്പർക്കത്തിലേർപ്പെടണമെന്ന ഉദ്ദേശത്തോടുകൂടി അദ്ദേഹം പല പ്രാവശ്യം അയാളുടെ ക്യാ

ബിനിന്റെ സമീപം പോയെങ്കിലും അയാളെ കാണാൻ സാധിച്ചില്ല. യൌംഗ് ഫൂങ് തന്റെ ക്യാബിനിൽ നിന്നു് വെളിയിലിറങ്ങി ഡക്കിലോ റെലിംഗിന്റെ സമീപമോ ഒരിക്കലും വരികയുണ്ടായില്ല. ആ മുറിയിലെ അററൻഡറോട്ട് ചോദിച്ചതിൽ യൌംഗ് സമുദ്രയാത്ര കാരണം അസ്വസ്ഥനാണ്, വെളിയിലിറങ്ങാറില്ലെന്നാണ് സമാധാനം പറഞ്ഞതു്. കാലവും പ്രകൃതിയും വളരെ അനുകൂലമായിരിക്കെ ഈ സമുദ്രരോഗം എങ്ങനെയാണ് പിടിപെട്ടതു്? യൌംഗ് ധാരാളം കറപ്പും തിന്നുന്നുണ്ടെന്നു് അററൻഡർ ഗോപകുമാറിനോടു പറഞ്ഞു. ആൾ മനസ്സിലാക്കാൻ ഗോപകുമാറിനു് അത്രയും മതിയായിരുന്നു. യാത്ര പൂർണ്ണമാകുന്നതിനു മുമ്പു് എപ്പോഴെങ്കിലും അയാൾ മുറിയിൽ നിന്ന് വെളിയിലിറങ്ങാതെ ഇരിക്കയില്ലെന്നു അററൻഡർ അദ്ദേഹത്തെ സമാധാനിപ്പിച്ചു.

ഒരു ദിവസം ചായ കുടി കഴിഞ്ഞു് ഗോപകുമാറും മററു യാത്രക്കാരും ഡെക്കിലിരുന്നു ചീട്ടു കളിച്ചു കൊണ്ടിരിക്കുമ്പോൾ യൌംഗ് ക്യാബിനിൽ നിന്നിറങ്ങി ആ ഭാഗത്തേക്കു് വന്നു. ഗോപകുമാർ ആ അവസരം ഉപയോഗിക്കാൻ തന്നെ തീരുമാനിച്ചു. അദ്ദേഹം യൌംഗിനെ സംബോധനം ചെയ്തുകൊണ്ടു പറഞ്ഞു—

“മിസ്റ്റർ, ഞങ്ങൾ മൂന്നു പേരെയുള്ളു. ഒരാൾ കൂടി വേണം. നിങ്ങൾക്കു സൗകര്യമുണ്ടെങ്കിൽ ഇരിക്കണം. നാം ഒരു സൈഡ്.”

അൽപ്പസമയം യൌംഗ് ഗോപകുമാറിനെ നോക്കിക്കൊണ്ടിരുന്നതിന്റെ ശേഷം പറഞ്ഞു—"ഓഹോ! കളിച്ചു കളയാം." അയാൾ ഒരു കസേര നിരക്കി മാററിയിട്ടു ഗോപകുമാറിൻെറ മുമ്പിലിരുന്നു. കളി സമയത്തു ഗോപകുമാർ സ്നേഹം വർദ്ധിപ്പിക്കാൻ ശ്രമിക്കയും അതിലദ്ദേഹം വിജയിക്കുകയും ചെയ്തു.

അതിൻ ശേഷം ഗോപകുമാർ പല പ്രാവശ്യം യൌംഗിനെ കാണുകയും അയാളുടെ വ്യക്തിത്വത്തെ ശ്രദ്ധിച്ചു് അയാളെ ശരിക്കു മനസിലാക്കാൻ ശ്രമിക്കയും ചെയ്തു. യൌംഗ് ഒരു ചൈനാക്കാരനാണെങ്കിലും ഇംഗ്ളീഷുകാരൻ ചമഞ്ഞു് ചുററിക്കറങ്ങുകയാണ്. ഈ ആൾമാറാട്ടത്തിൽ ലോകത്തെ മുഴുവൻ വഞ്ചിക്കയാണയാൾ. അങ്ങനെയാണയാൾ തൻെറ ആഗ്രഹനിവൃത്തി വരുത്തുന്നതു്. ആ ആഗ്രഹം പൊതുജനങ്ങൾക്കു ഉപകാരപ്രദമാകാൻ സാദ്ധ്യതയില്ല. അതുകൊണ്ടു് ആക്കെങ്കിലും പ്രയോജനമുണ്ടെങ്കിൽ അതു കേവലം യൌംഗിനു മാത്രമാണു്.

യൌംഗിനോടടുത്തു് അയാളുടെ വ്യക്തിത്വത്തെ ശരിക്കു മനസ്സിലാക്കാൻ ശ്രമിക്കുന്തോറും അയാൾ കൂടുതൽ കൂടുതൽ കരുതലുള്ളവനാണെന്നു് തെളിഞ്ഞുകൊണ്ടിരുന്നു. അയാളുടെ അന്തരംഗരഹസ്യങ്ങളറിയുന്നതു് ഏററവും വിഷമമാണെന്നു് ഗോപകുമാറിനു ബോദ്ധ്യമായി.

ഒരു ദിവസം യൌംഗിനെ സംബന്ധിച്ചു് ആലോചിച്ചുകൊണ്ടു് ഗോപകുമാർ റേലിംഗിൽ കുനിഞ്ഞു തിരമാലകളിലേക്കു നോക്കുകയായിരുന്നു. യൌംഗ്

സ്മോക്കിംഗ് റൂമിൽ നിന്ന് വെളിയിൽ വന്നു. അയാൾ ഗോപകുമാറിനെ കടന്നാണ് ഡക്കിലേക്കു പോയതു്. പക്ഷെ ആലോചനയിൽ മുഴുകിയിരുന്ന ഗോപകുമാർ അയാളെ കണ്ടില്ല. അദ്ദേഹം 125 മൈലകലെ കൊളമ്പു തുറമുഖത്തു ഘടിപ്പിച്ചിരുന്ന സേർച്ച് ലൈററ് കാണുകയായിരുന്നു.

യൌംഗ് മിണ്ടാതെ സലൂണിലേക്കു നീങ്ങി. ഇടനാഴിയുടെ തിരിവിലുള്ള ക്യാബിനു സമീപമെത്തി അയാൾ അവിടെ നിന്നു. അൽപ്പസമയം അയാൾ അവിടെത്തന്നെ നിന്നതിനു ശേഷം ക്യാബിൻെറ കതകു തുറന്നു ഉള്ളിൽ പ്രവേശിച്ചു.

അതു ഗോപകുമാറിൻെറ ക്യാബിനായിരുന്നു. ഒററ നോട്ടത്തിൽ ക്യാബിൻ മുഴുവൻ അയാൾ പരിശോധിച്ചു. കിടക്കയിൽ എഴുത്തും മററും വയ്ക്കുന്നതിനുള്ള ഒരു ബാഗ് കിടന്നിരുന്നു. ആ ബാഗിൽ ഒരു സെർക്കിൻ ഘടിപ്പിച്ചിരുന്നു. സെക്കിൻ വലിച്ചാണ് ബാഗ് തുറക്കുന്നതും അടയ്ക്കുന്നതും. സെർക്കിൻെറ അവസാനം പ്രത്യേകരീതിയിലുള്ള ഒരു താഴ് ഇട്ടിരുന്നു. അതിൻെറ താക്കോലും പ്രത്യേകരീതിയിലുള്ളതാണ്.

യൌംഗ് തൻെറ പോക്കററിൽ നിന്ന് ഒരു താക്കോൽക്കൂട്ടം വെളിയിലെടുത്തു ബാഗ് തുറന്നു. അനേകം എഴുത്തുകളും മററും നോക്കിയ ശേഷം അയാൾ ഒരു ഡയറി വെളിയിലെടുത്തു. ആ ഡയറിയിൽ കപ്പലിൽ കയറിയതു മുതൽ അന്നുവരെയുള്ള ദൈനികവിവരണം എഴുതിയിട്ടുണ്ട് യൌംഗിനെ

പിന്തുടരുക പരിചയപ്പെടുക, മുതലായ കാര്യങ്ങൾ ചുരുക്കത്തിൽ എഴുതിയിട്ടുണ്ട്.

യൌംഗ് ഡയറിയുടെ പേജുകൾ മറിക്കുന്തോറും ക്രോധം കൊണ്ട് അയാളുടെ മുഖം കൂടുതൽ കൂടുതൽ ചുവന്നു കൊണ്ടിരുന്നു. ഡയറി മുഴുവൻ വായിച്ചുകഴിഞ്ഞു. അതു തിരികെ ബാഗിൽ വച്ച് പൂട്ടി തലയണയിലിട്ടിട്ട് ക്യാബിൻെറ വാതലടച്ചു. അതിനു ശേഷം മിണ്ടാതെ വെളിയിലിറങ്ങി.

കോപവും ഭയവും നിറഞ്ഞ അയാളുടെ മനോവൃത്തി അയാളെ പ്രതികാരത്തിനു പ്രേരിപ്പിച്ചു. ഹിംസ്രഭാവനകൾ മനസ്സിൽ നിറഞ്ഞു. ഡെക്കിലെത്തി അയാൾ ഒരു ചാരുകസേരയിൽ കിടന്ന് കണ്ണുകളടച്ച് ആലോചിക്കാൻ തുടങ്ങി. എന്തോ ആലോചിച്ചുറച്ചു. എഴുന്നേററു നേരെ തൻെറ ക്യാബിനിലേക്കു പോയി രണ്ടു ലെമനെഡ് കുപ്പികളും രണ്ടു ഗ്ലാസ്സുകളും എടുത്തുകൊണ്ടുവന്നു. കുപ്പികളും ഗ്ലാസ്സുകളും മേശപ്പുറത്തു വച്ചു. രാത്രി മണി പതിനൊന്നു കഴിഞ്ഞിരുന്നു. ഘോരാന്ധകാരം നിറഞ്ഞ രാത്രി. ഡക്കിൽ എങ്ങുമെവിടെയും നിശ്ശബ്ദനിസ്തബ്ധതയാണ്. യാത്രക്കാരെല്ലാം ഉറങ്ങാൻ പോയിക്കഴിഞ്ഞു.

റേലിംഗിൽ കുനിഞ്ഞുനിന്നുകൊണ്ടു അപ്പോഴും യൌംഗിനെ സംബന്ധിച്ച രഹസ്യങ്ങൾ കണ്ടുപിടിക്കാൻ യത്നിച്ചുകൊണ്ടിരുന്ന ഗോപകുമാറിനെ അയാൾ കൈകൊട്ടി വിളിച്ചു

ഗോപകുമാർ ഞെട്ടിപ്പോയി. അദ്ദേഹം വന്ന്. യൌംഗിൻെറ സമീപമിരുന്നു.

"എന്താ, ലമൻ കുടിക്കുന്നോ? എനിക്കും ഉറക്കം വരുന്നില്ല. ഡക്കിലേക്കു പോകുകയായിരുന്നു. അപ്പോൾ നിങ്ങൾ നില്ക്കുന്നതു കണ്ടു. ദാഹമുണ്ടായിരുന്നു. ക്യാബിനിലിൽ പോയി നിങ്ങൾക്കു കൂടി ലമനീഡ് എടുത്തുകൊണ്ടുവന്നു."—യൌംഗ് ഗ്ലാസ്സിൽ ലമനീഡ് ഒഴിച്ചു ഗോപകുമാറിൻെറ നേരേ നീട്ടിക്കൊണ്ടു പറഞ്ഞു.

"ശരിയാണ്, ഇന്ന് ചൂട് അല്പം കൂടുതലാണ്." ഗോപകുമാർ ലമനീഡ് കുടിക്കാൻ തുടങ്ങി. "കൊടുങ്കാററുണ്ടായേക്കുമെന്ന് തോന്നുന്നു. കുഴപ്പം കൂടാതെ കൊളമ്പുവരെ ചെന്നുചേരാൻ സാധിക്കയില്ലെന്ന് വരാം."

"അങ്ങിനെ തന്നെയാണ് തോന്നുന്നതു്." യൌംഗ് പുഞ്ചിരിച്ചു.

ഏതാണ്ടു പതിനഞ്ചു മിനിട്ടുനേരം ആ വിഷമത്തെ സംബന്ധിച്ചുതന്നെ അവർ സംസാരിച്ചുകൊണ്ടിരുന്നു. ഗോപകുമാറിന്ന് ഒരു തളർച്ച അനുഭവപ്പെട്ടു. അദ്ദേഹം കോട്ടുവായ് വിട്ടുകൊണ്ടു് ചാരുകസേരയിൽ മലർന്നു. അല്പസമയത്തിനുശേഷം തല കറങ്ങാൻ തുടങ്ങി. ബോധവും ശരിക്കു നില്ക്കുന്നില്ല. യൌംഗ് എന്തു ചെയ്യുകയാണെന്നു നോക്കി—അയാൾ ഇരുന്നു പുഞ്ചിരിക്കയാണ്. ഗോപകുമാറിനു സംശയം തോന്നി. യൌംഗ് പുഞ്ചിരിച്ചുകൊണ്ടുതന്നെയിരിക്കുകയാണ്. എന്താണിതിൻെറ കാരണമെന്നു ഗോപകുമാർ ചിന്തിക്കാൻ തുടങ്ങി. ലമനെഡിൻെറ കാര്യം ഓർമ്മിച്ചു. കാര്യങ്ങളെല്ലാം ഇ

പ്പോൾ മനസ്സിലായി. അപ്പോൾ യൌംഗ് അദ്ദേഹത്തെ തിരിച്ചറിഞ്ഞു കാണും. അദ്ദേഹത്തിൻെറ സംശയദൃഷ്ടികൾ യൌംഗിൻെറ മുഖത്തു പതിഞ്ഞു.

"അതെ, നിങ്ങൾക്ക് ശരിയായ കരുതലില്ലാതെ പോയി."—യൌംഗ് പറഞ്ഞു. അയാൾ ഗോപകുമാറിൻെറ മനോഭാവം മനസ്സിലാക്കിയെന്നു തോന്നുന്നു.—"നിങ്ങൾ ഇത്ര ശ്രദ്ധയില്ലാതെ പെരുമാറുമെന്ന് മി. മേനോൻ വിചാരിച്ചുകാണുകയില്ല. എങ്കിലും ഇത്രയും ദിവസം എനിക്ക് നിങ്ങളെ തിരിച്ചറിയാൻ സാധിച്ചില്ല, അതിനു ഞാൻ നിങ്ങളെ പ്രശംസിക്കയും ചെയ്യുന്നു."

"ഞാൻ ആരാണെന്ന് നിങ്ങൾക്കെങ്ങിനെ മനസ്സിലായി?" വളരെ ആശ്ചര്യത്തോടും വിഷമിച്ചും ഗോപകുമാർ ചോദിച്ചു. അദ്ദേഹത്തിൻെറ സ്വരം താഴ്ന്നതുപോലെ തോന്നി, നാക്കു കുഴയുന്നു. ശരീരം മുഴവൻ തളരുന്നു.

"അതൊ! അതു വളരെ എളുപ്പം സാധിച്ചു. ഞാൻ നിങ്ങളുടെ ക്യാബിനിൽ പോയി. നിങ്ങളുടെ ബാഗിൽ ഒരു മനോഹരമായ ഡയറിയില്ലേ? അതിൽ എന്നെ സംബന്ധിക്കുന്ന പല ഓമ്മക്കുറിപ്പുകൾ നിങ്ങൾ എഴുതിയിട്ടുണ്ട്. നിങ്ങളുടെ ഭാഷാശൈലി വളരെ വിചിത്രംതന്നെ."—അയാൾ പുഞ്ചിരിച്ചുകൊണ്ടു തുടൻറു—"അല്പസമയത്തിനുശേഷം ആ ഡയറി എൻേറതായിത്തീരും. നിങ്ങളുടെ ഓമ്മക്കായി ഞാൻ അതു് എന്നും എൻെറ പക്കൽ സൂക്ഷിക്കുന്നതായിരിക്കും"

"അതു നിങ്ങൾക്ക് ഒരിക്കലും കിട്ടുകയില്ല."— ഗോപകുമാറിന്റെ ശരീരം വിയർപ്പിൽ കുളിച്ചു. ബോധക്ഷയത്തിന്റെ ലക്ഷണങ്ങളും കണ്ടുതുടങ്ങി.

"ഇനി നിങ്ങൾക്ക് ഒന്നും ചെയ്യാൻ സാദ്ധ്യമല്ല"—യൌംഗിന്റെ സ്വരം വ്യംഗ്യപൂൎണ്ണമായിരുന്നു—"നിങ്ങളുടെ അവസാനമടുത്തുകഴിഞ്ഞു. ആ ലമനീഡു കുടിച്ചതോടുകൂടി യമകിങ്കരന്മാർ നിങ്ങളെ സമീപിച്ചിരിക്കയാണ്. അതിൽ ഒരു തരം വിഷം കലൎന്നിട്ടുണ്ട്. അതു കുടിച്ചാലുടൻ ശരീരം മുഴവൻ തളരും. അതിന്റെ ശക്തി ഇപ്പോൾ നിങ്ങൾക്കു തന്നെ അനുഭവപ്പെട്ടുന്നുണ്ടായിരിക്കുമല്ലോ?"—യൌംഗ് പൊട്ടിച്ചിരിച്ചു. ശരീരം കുനിച്ചു ഗോപകുമാറിനെ ശ്രദ്ധിച്ചു നോക്കാൻ തുടങ്ങി അദ്ദേഹം പെട്ടെന്ന് ചാടി എഴുന്നേററു അയാളുടെ പിടലിക്കു പിടികൂടി, തന്റെ മുൻപിലേക്കു വലിച്ചു. പിടിയും വലിയും നടക്കുന്നതിനിടക്കു രണ്ടുപേരും ഡക്കിൽ വീണ് ഉരുളാൻ തുടങ്ങി. ഗോപകുമാർ മുകളിലും യൌംഗ് താഴെയുമാണ്. യൌംഗ് കൈചുരുട്ടി അദ്ദേഹത്തെ ധാരാളം ഇടിച്ചു. പക്ഷേ ഗോപകുമാർ അയാളുടെ പിടലിക്കുള്ള പിടി വിട്ടില്ല. സകല ശക്തിയുമുപയോഗിച്ച് അദ്ദേഹം അയാളുടെ പിടലി അമൎത്തി. യൌംഗിന്റെ പിടി അയഞ്ഞു. ആ ചീനക്കാരനെ തോൽപ്പിക്കാൻ സാധിക്കുമെന്ന് ഗോപകുമാർ ആശിച്ചു. പക്ഷെ സംഭവിച്ചത് മററൊന്നാണ്. തിരമാലകളിൽ പെട്ട കപ്പൽ അവിചാരിതമായി മേല്പോട്ടുയൎന്ന് ഇരുന്നു. ഗോപകുമാർ

ഉതറി ഡക്കിൽ ചെന്നു വീണു. അദ്ദേഹത്തിൻെറ ശിരസ്സ് വളരെ ശക്തിയായി തറയിലടിച്ചു. പെട്ടെന്ന് അദ്ദേഹം ബോധരഹിതനായി വീണു.

യെറംഗ് രക്ഷപെട്ടു. അയാൾ എഴുന്നേററുനിന്ന്, കുറച്ചുനേരം കിതച്ചു. അനന്തരം മുന്നോട്ടുവന്ന് അയാൾ ഗോപകുമാറിനെ കൈകളിൽ താങ്ങിയെടുത്തുകൊണ്ട് റേലിംഗിൻെറ സമീപമെത്തി. അയാളുടെ കൈകൾ ആ ശരീരത്തോടു കൂടി മേല്പോട്ടുയൎന്നു. ഗോപകുമാർ തിരമാലകളിൽ വീണു മറഞ്ഞു.

വെള്ളത്തിൽ വീണയുടൻ അദ്ദേഹത്തിൻെറ ബോധക്ഷയം നീങ്ങി. ലമനീഡിൽ കലൎത്തിയിരുന്ന വിഷത്തിൻെറ ശക്തി നിശ്ശേഷം നീങ്ങി. എങ്കിലും സമുദ്രത്തിലെ ഉത്തുംഗതരംഗങ്ങളോടു എതിരിടാൻ എങ്ങിനെ സാദ്ധ്യമാകും. നീന്തി സമുദ്രം കടക്കുവാൻ സാധിക്കുകയില്ലെന്നുതന്നെ അദ്ദേഹം തീരുമാനിച്ചു. കൊളമ്പിലേക്കു ഇനിയും അനേകം മൈൽ ദൂരമുണ്ട്. അദ്ദേഹം നിരാശയിലാണ്ടു. ആ നൈരാശ്യത്തിൽ ഒരു തടിക്കഷണം അൽപ്പദൂരത്തിൽ തിരമാലകളിൽ പൊങ്ങുകയും താഴുകയും ചെയ്യുന്നതു് അദ്ദേഹം കണ്ടു. ഗോപകുമാർ ആ ഭാഗത്തേക്കു നീന്തിയടുത്തു. അദ്ദേഹത്തിനു ആ തടിക്കഷണം പിടികിട്ടി. തുഴഞ്ഞുതുഴഞ്ഞു തളൎന്ന കൈകൾ അല്പം വിശ്രമിച്ചു. വീണ്ടും തുഴഞ്ഞു. അങ്ങിനെ കണ്ണുകളടച്ചുകൊണ്ടു് എത്രനേരം അദ്ദേഹം തുഴഞ്ഞുകാണുമെന്നാർക്കറിയാം?

ആരോ അദ്ദേഹത്തിൻെറ അരക്കെട്ടിൽ പിടിച്ചുയത്തിയെടുത്തു് ഒരു വള്ളത്തിലിട്ടു. കണ്ണുതുറന്നപ്പോഠം അദ്ദേഹം കണ്ടതു് നേരം വളരെപുലൎന്നിരിക്കുന്നതാണു്. ഉച്ചകഴിഞ്ഞിരുന്നു. അദ്ദേഹത്തെ രക്ഷപെടുത്തിയവള്ളം സിംഹളി മീൻപിടുത്തക്കാരുടേതാണു്. മുക്കവൻ ദയാദ്രുഷ്ടികളോടെ അദ്ദേഹത്തിൻെറനേരെ നോക്കി. ഭാഷ പരിചയമില്ലാത്തതാണു്. ഒരു മണിക്കൂറിനുശേഷം വള്ളം കരക്കടുത്തു. ഗോപകുമാർ സിലോണിലാണു് എത്തിയിരിക്കുന്നതു്. പക്ഷെ തുറമുഖത്തുനിന്നു് വളരെ ദൂരത്തിൽ "ഹോണ്ഡുമാരു"വും കൊളമ്പിൽ എത്തിക്കാണുമെന്നു് അദ്ദേഹം വിചാരിച്ചു. രണ്ടുമൂന്നു മണിക്കൂർനേരം വിശ്രമിച്ചതിനുശേഷം അദ്ദേഹം മുക്കവരോടു ആംഗ്യഭാഷയിൽ യാത്രപറഞ്ഞു. യൌംഗ് അദ്ദേഹത്തെക്കാഠം മുൻപേ കൊളമ്പിലെത്തിക്കാണുമെന്ന ദുഃഖമേ അദ്ദേഹത്തെ വിഷമിപ്പിച്ചിരുന്നൊള്ളൂ. അങ്ങിനെയായാൽ അയാഠം നേരത്തെതന്നെ സിംഗപ്പൂരിലും എത്തുമെല്ലോ.

എങ്ങിനെയോ നഗ്നതമറച്ചുകൊണ്ടു് ഗോപകുമാർ പട്ടണത്തിലേക്കു തിരിച്ചു. സന്ധ്യയാകാൻ ഇനി അധികസമയമില്ല അദ്ദേഹം ചന്തയിലെത്തി ഒന്നു രണ്ടു കൂലിച്ചുമടുകളെടുത്തു് വൈകിട്ടത്തെ ആഹാരത്തിനും താമസത്തിനുമുള്ള വ്യവസ്ഥചെയ്തു ശേഷിച്ച ഒന്നോരണ്ടോ അണകൊണ്ടു ഒരു കവർ വാങ്ങി മി: മേനോനു് ഒരെഴുത്തയച്ചു. ആരംഭംമുതലുണ്ടായ സകല സംഭവങ്ങളും അദ്ദേഹം അതിൽ ചുരുക്കി എഴുതിയിരുന്നു.

പിറേറദിവസം അദ്ദേഹം വീണ്ടും കൂലിവേലക്ക് പോയി. കൊളമ്പിലെ ഇൻഡ്യൻ പ്രതിനിധിയെകണ്ട് യാത്രയ്ക്കും മററുമുള്ള ഏർപ്പാടുകൾ ചെയ്യിക്കാമെന്നു ആലോചിച്ചുവെങ്കിലും അങ്ങിനെചെയ്യുന്നതു് ശരിയല്ലെന്നാണ് ഒടുവിൽ തീരുമാനിച്ചതു്. പകൽ ജോലിചെയ്തു് ആവശ്യത്തിനുള്ള പണമുണ്ടാക്കും, രാത്രിയിൽ ഏതെങ്കിലും ഹോട്ടലിൽ കിടന്നുറങ്ങും. നഗരനിവാസികൾ അത്യാശ്ചര്യത്തോടുകൂടിയാണ് അദ്ദേഹത്തെ കണ്ടതു്. ധാരാളം ഭാരതീയരും അവിടെ ഉണ്ടായിരുന്നു. അവരെ കണ്ടാൽ ആവശ്യങ്ങൾ നിറവേററാൻ സാധിക്കുമായിരുന്നുവെങ്കിലും—സിംഗപ്പൂർ വരെചെന്നു ചേരുന്നതിനുള്ള സഹായം അവരിൽനിന്നു കിട്ടുമായിരുന്നുവെങ്കിലും—മി: മേനോൻെറ മറുപടി കിട്ടുന്നതുവരെ അവിടെ താമസിക്കുന്നതാണ് സന്ദർഭോചിതമായിട്ടുള്ളതെന്നു് ഗോപകുമാർ തീരുമാനിച്ചു. അങ്ങിനെ ആറുദിവസം കൂലിവേലചെയ്തുകൊണ്ട് അദ്ദേഹം അവിടെ കഴിച്ചുകൂട്ടി.

ഏഴാംദിവസം ഉച്ചയ്ക്ക് ഗോപകുമാർ തുറമുഖത്തെത്തി. അല്പസമയത്തിനുശേഷം കൊച്ചിവഴി ബോംബയിൽനിന്നുള്ള ഒരു കപ്പൽ അവിടെ വന്നുചേൎന്നു. യാത്രക്കാർ കരയ്ക്കിറങ്ങാൻ തുടങ്ങി. അവരിൽ ആദ്യം കരയ്ക്കിറങ്ങിയതു് സിൽക്ക് സൂട്ടും ഷോലാഹാററും ധരിച്ചിട്ടുള്ള തടിച്ചുകൊഴുത്ത ഒരു വ്യക്തിയായിരുന്നു. ഗോപകുമാറിനു ആൾ മനസ്സിലായി, അതു് മി: മേനോനായിരുന്നു.

"മാസ്റ്റർ!" അത്യാഹ്ലാദത്തോടുകൂടി ഗോപകുമാർ അദ്ദേഹത്തിൻെറ സമീപം ഓടിയെത്തി.

"ഓഹ്! കുമാറോ? നിങ്ങൾ കൽക്കരിഖനിയിൽനിന്ന് ഒളിച്ചോടിവന്നതാണെന്ന് തോന്നുന്നല്ലോ" മി: മേനോൻ സഹപ്രവർത്തകൻെറ മുഷിഞ്ഞു നാറിയ വേഷത്തിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു:— "നിങ്ങൾക്ക് വളരെ കഷ്ടപ്പെടേണ്ടിവന്നു. ഇത്രവെട്ടെന്ന് നിങ്ങളെ കണ്ടുപിടിക്കാൻ സാധിക്കുമെന്നു ഞാൻ വിചാരിച്ചതല്ല."

ഗോപകുമാർ ചിരിക്കുകയാണ്. താൻ കൊളമ്പിൽ അത്രയും ദിവസം ഏതെല്ലാം രീതിയിലാണ് ജീവിതം കഴിച്ചുകൂട്ടിയതെന്ന് അദ്ദേഹം മാസ്റ്ററെ പറഞ്ഞുകേൾപ്പിച്ചു.

"ശരി, സാരമില്ല."—മി: മേനോൻ ഗോപകുമാറിനെ സമാധാനിപ്പിച്ചു. "ഈ സ്റ്റീമറിൽതന്നെ നമുക്ക് സിംഗപ്പൂരിലേക്കു പോകണം "ഹോണ്ഡൊമാരു" അവിടെ എത്തി ഒരാഴ്ചയ്ക്കുശേഷം നമുക്കും ചെന്നുചേരാം. കപ്പൽ പുറപ്പെടാൻ ഇനി ആറുമണിക്കൂർ താമസമുണ്ട്. നമുക്കുപോയി ആവശ്യമുള്ള ഡ്രസ്സുകൾ വാങ്ങിക്കൊണ്ടുവരാം.

"യൌംഗ് രക്ഷപെടുമെല്ലോ എന്നാണ് ഞാൻ വിചാരിക്കുന്നത്."–ഗോപകുമാർ ഖേദംപ്രകടിപ്പിച്ചു.

"അയാളുടെ യഥാർത്ഥരൂപം നിങ്ങൾക്ക് മനസ്സിലായല്ലോ."—മി: മേനോൻ പറഞ്ഞു "ഇനി സാരമില്ല."

★

4

## കുമാരി ലിശ്കാ

## ഗോപകുമാരെ രക്ഷിക്കുന്നു

കുറച്ചു ദിവസങ്ങൾക്കു ശേഷം മി. മേനോൻ ഗോപകുമാറിനോടൊരുമിച്ച് സിംഗപ്പൂരിലെത്തിച്ചേ ന്നു. അവിടെ അവർ ഒരു ഹോട്ടലിൽ താമസമാക്കി. അടുത്ത ദിവസം തന്റെ സഹപ്രവർത്തകനെ ഹോട്ടലിൽ വിട്ടിട്ടു മി. മേനോൻ വ്യവസായ സമ്രാട്ട് പത്മനാഭപിള്ളയുടെ മകൻ സുരേശൻനായരെ കാണാൻ പോയി. മി. സുരേശൻനായർ സ്ഥലത്തില്ലായിരുന്നു. പത്മനാഭപിള്ളയെ കാണാൻ സാധിച്ചു.

സുരേശൻനായരെ കാണാനുള്ള മി മേനോന്റെ താല്പര്യം കണ്ട് പത്മനാഭപിള്ള ചോദിച്ചു—"നിങ്ങൾ എന്തിനാണ് എന്റെ മകനെ കാണാനാഗ്രഹിക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം. അവൻ ഇപ്പോൾ ഇവിടെയില്ല. ബോംബെക്കു പോയിരിക്കയാണ്.

"ബോംബെക്കോ?" മി. മേനോൻ അത്യാശ്ചര്യത്തോടു കൂടി ചോദിച്ചു. "ഇരുപതു ദിവസം മുമ്പു അദ്ദേഹം എർണാകുളത്തു നിന്ന് പി. ആൻഡ് ഓ. സ്റ്റീമറിൽ ഇങ്ങോട്ടു പോന്നതാണെന്നാണല്ലോ ഞാൻ അറിഞ്ഞിട്ടുള്ളത്."

"അതെ, അതു ശരിയാണ്. പക്ഷെ ഒരത്യാവശ്യകാര്യം പ്രമാണിച്ച് മാർഗ്ഗമദ്ധ്യെ കൊളംബിൽ നിന്ന് തിരികെ ബോംബെക്ക് അയക്കേണ്ടിവന്നു."—പത്മനാഭപിള്ള പറഞ്ഞു—"ഒരു കാര്യം പ്രമാണിച്ച് എനിക്കും ബോംബേക്ക് പോകേണ്ട ആവശ്യമുണ്ട്. അവൻ ബോംബെയിൽ ഇപ്പോൾ എന്നെ പ്രതീക്ഷിക്കുകയായിരിക്കും. കാര്യം സാധിച്ചാൽ ഞങ്ങൾ ഒരുമിച്ചുതന്നെ സിംഗപ്പൂരിലേക്ക് തിരികെ പോരും"

"അപ്പോൾ അദ്ദേഹം തിരികെപോയതു തന്നെയോ" മി. മേനോൻ ചോദിച്ചു.

"അതെ, എന്റെ കമ്പിക്കു കൊളമ്പിൽ നിന്നു അവൻ അയച്ച മറുപടിക്കമ്പിയിൽനിന്നു മനസ്സിലാക്കേണ്ടതു് അങ്ങനെ തന്നെയാണ്. നിങ്ങൾ എന്താണ് ഇതു പരിഭ്രമിക്കുന്നതു്"—ആശ്ചര്യത്തോടുകൂടി കോടിപ്പിള്ള ചോദിച്ചു—"എന്താണ് സംഗതി? നിങ്ങൾ ഒരു ഡിക്ടേറ്റീവ് ആണല്ലൊ. എന്റെ മകന്റെ കാര്യത്തിൽ ഇതു താൽപ്പര്യം കാണിക്കാനുള്ള കാരണമെന്താണ്?"

മി. മേനോൻ സകലസംഭവങ്ങളും പറഞ്ഞു കേൾപ്പിച്ചു.

"അപ്പോൾ നിങ്ങൾ വിചാരിക്കുന്നതു് ഹീസിങിനെ എന്റെ മകൻ കൊന്നു എന്നാണോ?"

"അല്ലാ, ഹീസിങ്ങിനെ കൊന്നതു് യെൌംഗ് തന്നെയാണെന്നും എന്നാൽ അങ്ങയുടെ മകനാണ് കൊന്നതെന്ന് അദ്ദേഹത്തിനു തന്നെ തോന്നത്തക്ക

വണ്ണമുള്ള കൗശലം പ്രയോഗിച്ചിരിക്കുന്നുവെന്നുമാണ് ഞാൻ വിചാരിക്കുന്നത്. അന്വേഷണഫലമായി യെറംഗ് ഒരു ആംഗ്ലോചീനിയാണെന്നും അൽബായിനോ ജാതിയിൽപ്പെട്ടവനാണെന്നും അറിയുവാൻ കഴിഞ്ഞു. എർണാകുളത്തു അയാൾ ഒരു പാശികളി ക്ലബ്ബും ശീമമദ്യക്കടയും ആരംഭിച്ച്, എല്ലാത്തരത്തിലുമുള്ള കൊള്ളകളും അവിടെ നടത്തിവന്നു. ഇപ്പോഴും അതു പോലീസുകാർ അറിഞ്ഞിട്ടില്ലെന്നുള്ളതാണ് ആശ്ചര്യം. യെറംഗിൻെറ കൂട്ടുകാരനായിരുന്നു ഹീസിങ്. വളരെക്കാലമായി അയാളെ വീട്ടിൽനിന്ന് അടിച്ചിറക്കിയതാണ്. യെറംഗിനെ സംബന്ധിച്ചിടത്തോളം അയാളൊരു ബാധയായിരുന്നു. ആ ബാധ അയാൾ ഒഴിച്ചെന്നുമാത്രം. എങ്ങിനെയോ അങ്ങയുടെ മകനെ കബളിപ്പിച്ചു ആ കൊലയ്ക്കു ഉത്തരവാദി അദ്ദേഹമാണെന്നു പറഞ്ഞു വിശ്വസിപ്പിച്ചിരിക്കയാണ്."

പത്മനാഭപിള്ളയ്ക്കു ആശ്വാസമായി. അദ്ദേഹം പറഞ്ഞു. "നിങ്ങൾ എൻെറ മകനെ കുററവാളിയെന്നു കരുതാത്തതു സന്തോഷപ്രദം തന്നെ. പക്ഷേ എന്നെ വിഷമിപ്പിക്കുന്ന സംഗതി ആ ചീനക്കാരൻ എൻെറ മകൻെറ പിന്നാലെ എന്തിനു നടക്കുന്നു എന്നാണ്."

"എന്തിനാണ് പിറകെ കൂടിയിരിക്കുന്നതെന്ന് നമുക്ക് പിന്നീടു അറിവാകും." മി: മേനോൻ പറഞ്ഞു—"അതാണ് അന്വേഷിച്ചറിയേണ്ട സംഗതി."

"അന്വേഷിച്ചാലറിയാതിരിക്കയില്ല. പക്ഷേ എന്റെ മകന്റെ ജീവനും അഭിമാനവും അതുവരെ അപകടത്തിലായിരിക്കുമെല്ലോ" വെറുപ്പുകലർന്ന ഭാഷയിൽ പത്മനാഭപിള്ള പറഞ്ഞു.

"അങ്ങ് പരിഭ്രമിക്കാതിരിക്കണം. ഈ നില അധികകാലത്തേക്കു നീണ്ടുനില്ക്കുകയില്ല"— മി: മേനോൻ പത്മനാഭപിള്ളയെ സമാധാനിപ്പിച്ചു.

പത്മനാഭപിള്ള എഴുന്നേററു ലാത്തുവാൻ തുടങ്ങി. കുറച്ചുനേരം ലാത്തിയതിനുശേഷം അദ്ദേഹം മി: മേനോന്റെ നേരെ തിരിഞ്ഞിട്ടുപറഞ്ഞു: "ഞാൻ നാളെ ഇവിടെ നിന്ന് കുറച്ചുകലെ കാട്ടിൽ നായാട്ടിനു പോകുകയാണ്. ചെന്നായ്ക്കൾ ധാരാളം കിട്ടും. സകല ഒരുക്കങ്ങളും പൂർത്തിയായി. ആ പ്രോഗ്രാം തെററിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇഷ്ടമുണ്ടെങ്കിൽ നിങ്ങൾക്കും വരാം."

"വേണ്ട, അങ്ങു നിശ്ചയിച്ച പ്രോഗ്രാം തെററിക്കേണ്ട ആവശ്യമില്ല. എനിക്കു ഇവിടെ ഒരു പ്രത്യേക ജോലിയുമില്ല. അതുകൊണ്ടു ഞാനും അങ്ങയുടെ കൂടെ വരുന്നുണ്ട്"—അൽപ്പം ആലോചിച്ചതിനു ശേഷം മി. മേനോൻ പറഞ്ഞു. അദ്ദേഹം കഴിയുന്നത്ര കൂടുതൽ സമയം പത്മനാഭപിള്ളയോടൊരുമിച്ച് കഴിച്ചുകൂട്ടാനാണ് ആഗ്രഹിച്ചത്.

പത്മനാഭപിള്ളയുടെ ഫിററനിൽ അദ്ദേഹം ഹോട്ടലിൽ തിരിച്ചെത്തി. ഗോപകുമാർ വെളിയിൽ പോയിരിക്കയായിരുന്നു.

ഗോപകുമാർ തനിച്ചു വളരെ നേരം ഇരുന്ന

പ്പോഠം മനസ്സു മുഷിഞ്ഞു. കുറച്ചു നടന്നിട്ടു തിരികെ വരാമെന്നു വിചാരിച്ചു വെളിയിലിറങ്ങി. യാതൊരു പ്രത്യേകലക്ഷ്യവും കൂടാതെ മുന്നോട്ടു നടന്നു. നടന്നു നടന്നു അദ്ദേഹം ഒരു വൃത്തികെട്ട ഗ്രാമപ്രദേശത്തെത്തി. അവിടത്തെത്താമസക്കാരെല്ലാം ഏഷ്യാക്കാരായിരുന്നു. അഴുക്കും കുപ്പയും എങ്ങും കുന്നു കൂടി കിടന്നിരുന്നു.

മാർഗ്ഗമദ്ധ്യേ തനിക്കു എതിരെ വരുന്ന ഒരു ചീനക്കാരനെ അദ്ദേഹം കണ്ടു. അയാളെ കണ്ടപ്പോഠം ഗോപകുമാറിന്ന് യൌംഗിന്റെ ഓർമ്മയുണ്ടായി. മററു ചീനക്കാരെപ്പോലെയാണ് അയാളും വസ്ത്രധാരണം ചെയ്തിരുന്നതു്. മുഖത്തിന്റെ നിറവും ചീനക്കാരുടെതു തന്നെ. ആ വ്യക്തിയിൽ കണ്ട സാമ്യങ്ങഠം മാത്രമാണു് അയാഠം യൌംഗ് ആണെന്നു തോന്നിച്ചതു്. സംശയം നിശ്ചയമായി മാറി. ആ ആഠം യൌംഗ്ഫൂങ് തന്നെയാണെന്നു അദ്ദേഹത്തിന്റെ അന്തരാത്മാവു പ്രേരണ നൽകി. ഇത്രയും വൈഷമ്യങ്ങഠം തരണം ചെയ്തും സിംഗപ്പൂർവരെ വന്നതു ഈ യൌംഗിനെ കാണാനാണല്ലൊ.

ഹോട്ടലിലേക്കു മടങ്ങാതെ അദ്ദേഹം അയാളെ പിന്തുടന്നു. മുമ്പേ പോകുന്ന ചീനിയുടെ പോക്കു കണ്ടാൽ അയാഠംക്കു അവിടുള്ള എല്ലാഇടവഴികളും തിരിവും വളവുമെല്ലാം നല്ല പരിചയമാണെന്നു തോന്നും. അയാഠം ഒരു ഇടവഴികടന്നാൽ വേറൊന്നിൽ പ്രവേശിക്കും. അതു കഴിഞ്ഞു മറെറാന്നിൽ. അയാഠം കടന്നുപോയ ഇടുങ്ങിയ ഇടവഴികഠം കണ്ട

ല്പോൾ അപകടത്തിൽ പെട്ടേക്കാൻ ഇടയുണ്ടെന്നു ഗോപകുമാർ ശങ്കിച്ചു.

അയാൾ ഒരു കെട്ടിടത്തിൻെറ മുമ്പിൽ ചെന്നു നിന്നു. ഒരു വശത്തു മഞ്ഞയും മറുവശത്തു ചുവന്നതും കടലാസ് മൂടിയുള്ള ഒരു വിളക്കു ഗേററിൽ തൂങ്ങിയിരുന്നു. ആ ചീനികെട്ടിടത്തിൻെറ ഗേററിനുള്ളിൽ പ്രവേശിച്ചു യാതൊരു സംശയവും കൂടാതെ ഗോപകുമാറും ആ ഗേററിലൂടെ ഉള്ളിലെത്തി. ഗേററു കഴിഞ്ഞാൽ ഒരു ചെറിയ മുററമുണ്ടു് കുറച്ചു ചീനികൾ അവിടെയിരുന്നു് ചൂതുകളിക്കയാണു്.

ആ മുററത്തിൻെറ ഒരരികിൽ പാറാവുകാരനു നില്ക്കുന്നതിനുള്ള ഒരു തടിപ്പെട്ടി വച്ചിട്ടുണ്ടു് അതിനപ്പുറത്തു ഉള്ളിലായി ഒരു തടിച്ചു കൊഴുത്ത ചീനി ഇരിപ്പുണ്ടായിരുന്നു. അയാളുടെ മുൻപിൽ ഒരു ക്യാഷ്ബോക്സുണ്ടു്. അതിൽ ഒരറയിൽ ഡാളറും മറേറതിൽ മെക്സിക്കോനാണയങ്ങളുമാണു്. ഗോപകുമാർ നേരേ അയാളുടെ മുൻപിലെത്തി. അദ്ദേഹം പോക്കററിൽനിന്നു് അഞ്ചു ഡോളറിൻെറ ഒരു നോട്ടെടുത്തു് പെട്ടിപ്പുറത്തുവച്ചു. യാതൊന്നും സംസാരിക്കാതെ ആ ചീനി ഗോപകുമാറിനു് ഒരു ചുവന്ന കടലാസുകഷണം കൊടുത്തു. അതിൽ ചീനി ഭാഷയിൽ എന്തോ എഴുതിയിരുന്നു.

അനന്തരം ഗോപകുമാർ ഗോവേണിപ്പടികൾ കയറി മുകളിലൊരു മുറിയിലെത്തി. അതിൻെറ നാലുവശവും ചുവന്നകർട്ടൻ തൂക്കിയിരുന്നു. മുറിയിലെത്തിയയുടൻ വേറൊരു ചീനി അദ്ദേഹത്തിൻെറ മുൻ

പ്പിലെത്തി. അദ്ദേഹം ആ ചുവന്ന കടലാസ് അയാളുടെ കൈയിൽ കൊടുത്തു. ആ ചീട്ടു കണ്ടയുടൻ അയാൾ ഒരു ഭാഗത്തെ കർട്ടൻ മാററി അദ്ദേഹത്തെ ഉള്ളിലേക്കു വിട്ടു.

ഗോപകുമാർ ഒരു വിശാലമായ മട്ടുപ്പാവിലെത്തി. അവിടെ ഒരു മങ്ങിയ പ്രകാശമേ ഉണ്ടായിരുന്നുള്ളു. തട്ടിൽ വളരെ ചെറിയ വിളക്കുകളാണു തൂങ്ങിയിരുന്നത്. അതിൻെറ ഇരുവശങ്ങളിൽ രണ്ടു ചെറു ഇടനാഴികളുണ്ടായിരുന്നു. അവിടെനിന്നു വെറിപിടിപ്പിക്കുന്ന മദ്യത്തിൻെറ ഗന്ധം പുറപ്പെട്ടുകൊണ്ടിരുന്നു അതൊരു മദ്യക്കടയാണ്. ധാരാളം ആളുകളിരുന്നു കുടിക്കുന്നുണ്ട്. ഗോപകുമാർ ഒഴിഞ്ഞു കിടന്ന ഒരു ഇടനാഴിയിൽ പ്രവേശിച്ചു. തറയിൽ വിരിപ്പുവിരിച്ചിട്ടുണ്ടായിരുന്നു

ഇടനാഴിയിൽ പ്രവേശിച്ചയുടൻ ഒരു വൃദ്ധനായ ചീനി ഗോപകുമാറിൻെറ മുൻപിൽ മദ്യം കുടിക്കുന്നതിനുള്ള കോപ്പയും ഒരു കുപ്പി മദ്യവും കൊണ്ടുവന്നുവച്ചു. നീലച്ചിമ്മിനിയുള്ള ഒരു ചെറിയ വിളക്കും അവിടെ വയ്ക്കപ്പെട്ടു.

മദ്യം കുടിക്കാതെ ഗോപകുമാർ ആ വിരിപ്പിൽ കിടന്നു. അദ്ദേഹത്തിൻെറ ശരീരത്തിൽ മുഴുവൻ രോമാഞ്ചമുണ്ടായി. അതിലെ കടന്നുപോകുന്നവരുടെ നിഴലുകൾ കർട്ടനിൽ കാണാമായിരുന്നു. മദ്യത്തിൻെറ ഗന്ധം മട്ടുപ്പാവിലെങ്ങും വ്യാപിച്ചിരുന്നു. ഗോപകുമാർവല്ലാതെ വിഷമിച്ചു. അദ്ദേഹം പരിഭ്രമിച്ചു. ഓക്കാനിക്കാൻ തുടങ്ങി. ഒരു വശത്തുള്ള

ഇടനാഴിയിൽനിന്ന് ആരുടെയോ കാൽപെരുമാററം അദ്ദേഹം കേട്ടു. ആ ഇടനാഴിയിലുണ്ടായിരുന്നആൾ— ഒരു പക്ഷെ അയാൾ യൌംഗ് ആയിരിക്കാം—പോകാൻ ഭാവിക്കയാണ്. മദ്യക്കട പരിശോധന വെറുതെയായല്ലോ എന്ന് ഗോപകുമാർ പശ്ചാത്തപിച്ചു. അദ്ദേഹം അടുത്ത ഇടനാഴിയിലേക്ക് എത്തിനോക്കി ആരുമില്ല. ആൾ പോയിക്കഴിഞ്ഞു.

മറുഭാഗത്തുള്ള ഇടനാഴിയിൽ ആരോ ചുമക്കുന്നതു് അദ്ദേഹം കേട്ടു. അദ്ദേഹത്തിനു സംശയം തോന്നി. അതു് ഒരു ചീനിയല്ലന്നാണു തോന്നുന്നതു്.

അയാൾ അവിടെ നിന്നെഴുന്നേററ് ഗോപകുമാർ ഇരുന്ന ഭാഗത്തെ ഒരു കർട്ടൻ പൊക്കി ഒളിഞ്ഞു നോക്കിക്കൊണ്ടു പറഞ്ഞു—"മി: മേനോൻെറ സഹപ്രവർത്തകൻ! ഈ പ്രാവശ്യം രക്ഷപെട്ടു പോകാമെന്നു് വിചാരിക്കേണ്ട."

അയാളുടെ സ്വരം മനസ്സിലായപ്പോൾ ഗോപകുമാറിനു വലിയ ആശ്ചര്യം തോന്നി. അതു് യൌംഗിൻെറ സ്വരമാണ്, ഒരു സംശയവുമില്ല. പക്ഷേ മുഖത്തിൻെറ നിറം ആംഗ്ലോ ചീനികളുടേതല്ല, തനി ചീനികളുടേതു പോലെയാണല്ലോ.

യൗംഗ് ഒരു നിവർത്ത കത്തിയുമെടുത്തു കൊണ്ടു് യാദൃശ്ചികമായി ഗോപകുമാറിനെ ആക്രമിച്ചു. അദ്ദേഹം പെട്ടെന്ന് ഒരു ഭാഗത്തേയ്ക്കു ഒഴിഞ്ഞു മാറി. അനന്തരം മുന്നോട്ടു കുതിച്ച് എതിരാളിയുടെ മൂക്കിനെ ലക്ഷ്യമാക്കി ശക്തിയായി

ഇടിച്ചു. യൌംഗ് കയ്യും കാലും പൊക്കി മലൎന്ന വീണു. ഗോപകുമാർ അതിവേഗം കോവേണ്ണിയുടെ സമീപത്തേക്കു ഓടി. പക്ഷെ കർട്ടനിൽ കാൽ തട്ടി കമഴ്ന്നു വീണു. ചീനി അദ്ദേഹം വീഴുന്നതു് കണ്ടു് പൊട്ടിച്ചിരിച്ചുകൊണ്ടു് അയാളും പിറകെ ഓടിയെത്തി. അയാറും ഗോപകുമാറിനെ കർട്ടനിൽ പൊതിഞ്ഞെടുത്തു. അദ്ദേഹം രക്ഷപെടാൻ വളരെ ശ്രമിച്ചു. പക്ഷെ ഒരു പ്രയോജനവും കിട്ടിയില്ല. അടിയും ഇടിയും കൊണ്ടു് ഗോപകുമാർ വിഷമിച്ചു. കോപവും ആവേശവും കൊണ്ടു് അദ്ദേഹം കർട്ടനുള്ളിൽ തന്നെ ചാടി എഴുനേററു. പക്ഷെ കർട്ടനുള്ളിൽ കാലുതറി കോവേണ്ണിയുടെ മുകളിൽ ഒരു വശത്തുള്ള ഭിത്തിയിൽ ചെന്നടിച്ചു. ഭിത്തി ഘനം കുറഞ്ഞതായിരുന്നു. അതിടിഞ്ഞു് മറുഭാഗത്തേയ്ക്കു വീണു. അതോടൊരുമിച്ചു് അദ്ദേഹവും കീഴ്പ്പോട്ടു വീണു. അടിയും ഇടിയും വീഴ്ചയും മദ്ധ്യക്കടെയിൽ വലിയ ഇളക്കമുണ്ടാക്കി. കുടിയന്മാരുടെ ബഹളം നിമിഷനേരത്തേക്കു നിശബ്ദമായി.

ഏകദേശം ഇരുപതടി താഴ്ചയിലാണു് ഗോപകുമാർ ചെന്നു വീണതു്. അടുത്ത ഒരു ഒരുനിലക്കെട്ടിടത്തിൻെറ മേൽക്കൂരയുടെ അരികിലാണു് ഇപ്പോറം അദ്ദേഹം മലൎന്നു കിടക്കുന്നതു്. മേൽക്കൂരയിൽ നിന്നു് നിരങ്ങി ഊൎന്നു മുററത്തു വീണവീഴ്ച അദ്ദേഹത്തിൻെറ ശരീരത്തെ വല്ലാതെ വേദനിപ്പിച്ചു. എങ്കിലും എതിരാളികളുടെ പിടിയിൽ നിന്നു രക്ഷപെട്ടല്ലോ. അദ്ദേഹം പെട്ടെന്നു തന്നെ കർട്ടൻ വലിച്ചുകീറി ദൂരെ

എറിഞ്ഞു. അദ്ദേഹം എഴുനേററു. ഭയങ്കരമായ ഇരുട്ടാണ് മുററത്ത്. അതാ ഒരു വാതല് അൽപ്പം തുറന്നിരിക്കുന്നു. മുറിക്കുള്ളിൽ നേരിയ വെളിച്ചമുണ്ട്.

വാതില്ല കുറേക്കൂടി തുറന്നു. രണ്ടു മൂന്നു ചീനയുവതികൾ—നർത്തകികളാണെന്നു തോന്നുന്നു—വെളിയിലേയ്ക്കു ഒളിഞ്ഞു നോക്കുകയാണ്. അവരുടെ കവിളുകളിൽ ധാരാളം പൌഡറും ചുണ്ടുകളിൽ ലിപ്സ്റ്റിക്കും പുരട്ടിയിരുന്നു. മുടിയിൽ കടലാസ് പൂക്കൾ കോർത്തിട്ടുണ്ട്. ആശ്ചര്യത്തോടുകൂടി അവർ ഗോപകുമാറിൻെറ നേരെ നോക്കിക്കൊണ്ടിരുന്നു.

ആ നർത്തകികളുടെ ദയയ്ക്കു വേണ്ടി അപേക്ഷിക്കാൻ തന്നെ ഗോപകുമാർ തീരുമാനിച്ചു. മുററത്തിൻെറ മൂന്നുവശവുമുള്ള ഭിത്തി വളരെ ഉയരമുള്ളതാണ്. ചാടിക്കടക്കാൻ സാദ്ധ്യമല്ല. രക്ഷപെടുവാൻ വേറെ മാർഗ്ഗവുമില്ല, മദ്യക്കടയിലെ ബഹളം അടിക്കടി വദ്ധിച്ചുകൊണ്ടിരുന്നു. വീണ്ടും അവരുടെ പിടിയിൽ അകപ്പെടാനും പാടില്ലല്ലോ, ഇനി കൈയ്യിൽ കിട്ടിയാൽ ആംഗ്ലോചീനി അദ്ദേഹത്തിൻെറ കഥ കഴിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

പുഞ്ചിരിച്ചുകൊണ്ടു ഗോപകുമാർ ആ യുവതികളുടെ സമീപത്തേക്കു നീങ്ങി. പക്ഷെ അദ്ദേഹം അടുത്തു വരുന്നതു കണ്ടപ്പോൾ ആ യുവതികൾ വാതലടച്ചുകളഞ്ഞു. പിൻഭാഗത്തു ചീനികളുടെ ബഹളം വദ്ധിച്ചുകൊണ്ടിരുന്നു. ഗോപകുമാർ ശക്തിയായി വാതലിനു തട്ടുവാൻ തുടങ്ങി. ഒടുവിൽ വളരെ

സാവധാനം ഒരു യുവതി വാതല്പ തുറന്ന് വെളിയി ലേക്ക എത്തി നോക്കി. അദ്ദേഹം ഉള്ളിൽ പ്രവേ ശിച്ചു കൊള്ളുവാൻ അവൾ ഒരു വശത്തേയ്ക്കു മാറി നിന്നു. ഗോപകുമാർ ഉള്ളിൽ പ്രവേശിച്ചയുടൻ അ വൾ വാതലടച്ചു സാക്ഷയിട്ടു.

"നിങ്ങൾക്ക എന്താണ് വേണ്ടതു്?" ആ യുവതി അവൾക്കറിയാവുന്ന 'പൊട്ടിംഗ്ലീഷിൽ' ചോദിച്ചു. "നിങ്ങൾ ഏതൊ വലിയ അപകടത്തിൽ പെട്ടിരിക്ക ന്നതു പോലെ തോന്നുന്നു"

"നിങ്ങളുടെ ഊഹം ശരിയാണ്. അടുത്തുള്ള മദ്യക്കടയിൽ വച്ചു ഒരാളുമായി വഴക്കുണ്ടായി. എ ന്നോടു മുൻപു തന്നെ വിരോധമുള്ള ആളാണ്. അ യാളും കൂട്ടുകാരും എന്നെ അകപ്പെടുത്താൻ ശ്രമിച്ചു" ഗോപകുമാർ മറുപടി പറഞ്ഞു.

"ഓഹോ!" ആ യുവതി പറഞ്ഞു—"ആ മദ്യക്ക ടയിലെ കാര്യങ്ങൾ ഞങ്ങൾക്ക ശരിക്കറിയാം. ഭാഗ്യം കൊണ്ടുമാത്രമാണ് നിങ്ങൾ രക്ഷപെട്ടതു്. പക്ഷെ സിംഗപ്പൂരിലെ ഈ പ്രദേശത്തു് നിങ്ങൾക്ക വരേണ്ട ആവശ്യമെന്തായിരുന്നു? ഇവിടെ വരുന്ന വിദേശി കൾ ആ നരകത്തിലേയ്ക്കു പോകാതിരിക്കയില്ല. ഇതൊരു ദുഷിച്ച ഗ്രാമമാണ്"

"അതെ, ഇതെല്ലാം എനിക്കറിയാമായിരുന്നു. എന്നാൽ എന്തുചെയ്യാം. നടക്കാൻ ഇറങ്ങിയതാണ് ഇങ്ങനെ പററിപ്പോയി. ഭാവിയിൽ സൂക്ഷിച്ചു കൊ ള്ളാം. റോഡ് വരെ എത്താനുള്ള വഴി എനിക്ക

ദയവുചെയ്തു കാണിച്ചുതരണം." ഗോപകുമാർ യാചിച്ചു. അദ്ദേഹത്തിൻെറ അപേക്ഷ അവർ സ്വീകരിക്കുമെന്നു അദ്ദേഹത്തിനു ഒരു വിശ്വാസവുമില്ലായിരുന്നു. പക്ഷെ ആ യുവതി പറയുകയാണ്—"ശരി, എൻെറ പിറകെ വരൂ."

ഗോപകുമാർ അവരെ പിന്തുടൎന്നു. ഒരു ശൂന്യമായ ഇടനാഴിയിലൂടെ യുവതി അദ്ദേഹത്തെ ഒരു റോഡരുകിലെത്തിച്ചു. അവൾ അവിടെ എത്തിയ ശേഷം ഒരു വിസിലൂതി. പെട്ടെന്നു ഒരു റിക്ഷാക്കാരൻ അവളുടെ മുമ്പിൽ ഹാജരായി. അല്പസമയം അവൾ ആ റിക്ഷാക്കാരനോടു രഹസ്യമായി എന്തോ സംസാരിച്ചു. അനന്തരം ഗോപകുമാറിൻെറ നേരെ തിരിഞ്ഞു പുഞ്ചിരിച്ചുകൊണ്ടു് പറഞ്ഞു—

"ഇവൻ നിങ്ങളെ ഒരു കുഴപ്പവും കൂടാതെ കൂട്ടിക്കൊണ്ടു പോകും. ഇനി നിങ്ങൾക്കു പോകാം. ആ തെമ്മാടികൾക്കു ഇനി നിങ്ങളെ പിടിക്കാൻ സാദ്ധ്യമല്ല."

"നിങ്ങളുടെ പേരെന്താണ്." ഗോപകുമാർ വളരെ വിനയത്തോടെ ചോദിച്ചു. "ഞാൻ എന്നും നിങ്ങളെ ഓർമ്മിക്കുന്നതായിരിക്കും"

"എൻെറ പേരു്"—അവൾ സാവധാനം പറഞ്ഞു—"ലിശ്ംകാ എന്നാണ്"

"ഈ വിപത്തിൽ നിന്നൊന്നെ രക്ഷിച്ചു് സ്വയം ഈ വിപത്തു സഹിക്കാൻ നിങ്ങൾ തയ്യാറായതു് എന്തുകൊണ്ടാണ്?"

"ശരി, അതിന് ഒരു കാരണമുണ്ടു്"—ആ യുവതി തുടൎന്നു—"നിങ്ങളുടെ പിറകെ കൂടിയിരിക്കുന്ന ആ തെമ്മാടി ആരാണെന്നു് എനിക്കറിയാം. യൌംഗ് ഫ്യൂംഗ് എന്നാണവൻെറ പേരു്. എനിക്കും അവനോടു വലിയ വെറുപ്പാണു്. എൻെറ പിതാവിൻെറ മരണത്തിന് കാരണം അവനാണു്. അതുകൊണ്ടാണു് ജീവിതം കഴിച്ചുകൂട്ടാൻ എനിക്കു നത്ഥകിയായി ഈ തൊഴിൽ സ്വീകരിക്കേണ്ടതായി വന്നതു്. എന്നെങ്കിലുമൊരിക്കൽ താൻ ചെയ്തതിൻെറ ഫലം അവൻ അനുഭവിക്കാതിരിക്കയില്ല."

ഒരു മണിക്കൂറിനു ശേഷം ഗോപകുമാർ തൻെറ ഹോട്ടലിൽ തിരികെ എത്തി. മി. മേനോൻ മട്ടുപ്പാവിൽ നിന്നു് സിഗററു വലിക്കയായിരുന്നു. ചന്ദ്രിക സർവ്വത്ര വ്യാപിച്ചിട്ടുണ്ടു്.

"മാസ്റ്റർ," ഗോപകുമാർ പരിഭ്രമത്തോടെ വിളിച്ചു. "ഞാൻ യൌംഗിനെ കണ്ടു. ഒരു കൈ നോക്കിയിട്ടാണു് വരുന്നതു്."

"ഒരു ഗുസ്തി നടത്തിയിട്ടാണു് വരുന്നതെന്നു് നിങ്ങളെ കണ്ടാൽ തന്നെ അറിയാം. എല്ലാം ഒന്നു വിസ്തരിച്ചു പറയൂ, കേൾക്കട്ടെ"—മി. മേനോൻ പറഞ്ഞു.

ഗോപകുമാർ നടന്ന കഥ മുഴുവൻ മാസ്റ്ററെ പറഞ്ഞു കേൾപ്പിച്ചു.

"വളരെ നന്നായിരിക്കുന്നു, കുമാർ."മി. മേനോൻ തുടൎന്നു—"നിങ്ങൾ അഭിമാനപൂർവ്വം പ്രവൎത്തിച്ചു. അയാളെ കണ്ടുമുട്ടുമ്പോൾ പെട്ടെന്നു മനസ്സിലാക്കാതിരിക്ക

യും അയാളെ പിൻതുടരാതിരിക്കയും ചെയ്തിരുന്നു എങ്കിൽ യൌംഗിനെ കണ്ടുപിടിക്കാൻ അത്ര എളുപ്പത്തിൽ സാദ്ധ്യമാകുമായിരുന്നില്ല. അവൻ മുഖത്തിൻെറ നിറം മാററി ഒരു ചീനിയെപ്പോലെ നടക്കുന്നതുകൊണ്ട് അവനെ തിരിച്ചറിയാൻ സാദ്ധ്യമാകുമായിരുന്നില്ല."

ഗോപകുമാർ പൊട്ടിച്ചിരിച്ചു—"അവൻ സ്വയം സ്വന്തരൂപം എൻെറ മുമ്പിൽ പ്രകടിപ്പിച്ചില്ലായിരുന്നുവെങ്കിൽ എനിക്കവനെ അറിയാൻ സാധിക്കയില്ലായിരുന്നു. പഴയ യൌംഗിനെയാണ് ഞാൻ തെരെഞ്ഞുകൊണ്ടിരുന്നതു്"

അതിനു ശേഷം താൻ നായാട്ടിനു പോകാൻ തീരുമാനിച്ചിരിക്കുന്ന വിവരം മി. മേനോൻ ഗോപകുമാറിനെ അറിയിച്ചു. സഹപ്രവൎത്തകൻ ഹോട്ടലിൽ തന്നെ താമസിക്കണമെന്നാണ് മി. മേനോൻ നിൎദ്ദേശിച്ചതു്. മാസ്റ്ററുടെ കൂടെ നായാട്ടിനു പോകുവാൻ ഗോപകുമാർ ആഗ്രഹിച്ചുവെങ്കിലും ഹോട്ടലിൽ താമസിക്കുന്നതാണ് ഉചിതമെന്നായിരുന്നു മി. മേനോൻെറ അഭിപ്രായവും തീരുമാനവും.

★

## 5

# യൌംഗ് പുതിയ അടവു പ്രയോഗിക്കുന്നു.

വനപ്രദേശത്തേക്കുള്ള ഒരു വളഞ്ഞുപുളഞ്ഞ ഒററയടിപ്പാതയിൽ ഒരു സംഘം നായാട്ടുകാർ വളരെ പ്രതീക്ഷകളോടുകൂടി മുന്നോട്ടു പോവുകയാണ്. പത്മനാഭപിള്ളയും മി: മേനോനും മുന്നിലാണ് നടക്കുന്നത്. അവർക്കു പിറകിലായി മൂന്നു പട്ടാണികൾ വഴി-കാട്ടുന്നുണ്ട്. പട്ടാണികളുടെ പിന്നാലെ അനേകം ചീനി കൂലിക്കാർ നായാട്ടു സംഘത്തിനാവശ്യമുള്ള സാധനങ്ങൾ തലയിൽ ചുമന്നുകൊണ്ടു പട്ടാണികളിൽനിന്നു വളരെ പിന്നിലാകാതിരിക്കാൻ ബദ്ധപ്പെടുകയാണ്.

"അങ്ങയുടെ ഈ പട്ടാണികൾ വലിയ പരാക്രമികളാണെന്ന് തോന്നുന്നു."—മി: മേനോൻ പത്മനാഭപിള്ളയോടു പറഞ്ഞു —"ആപത്തുണ്ടാകുമ്പോൾ പുറം തിരിഞ്ഞോടുന്നകൂട്ടത്തിലല്ലെന്നു തോന്നുന്നു."

"വളരെ നന്ദിയുള്ളവരാണ്."— പത്മനാഭപിള്ള മറുപടി പറഞ്ഞു —"ഇവർ വളരെക്കാലമായി എൻെറകൂടെ താമസിക്കയാണ്."

"യജമാനനേ!" ആ മൂന്നു പട്ടാണികളിൽ ഏററവും മുൻപേ-നടന്നിരുന്ന ജമാഖാൻ പത്മനാഭപിള്ളയെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു—

"കൊടുങ്കാററിനുള്ള ഭാവമുണ്ടു്. ഭയങ്കരമായ കാററ് ആരംഭിച്ചുകഴിഞ്ഞു. നാം താവളത്തിലെത്തുന്നതിനുമുൻപു കൊടുങ്കാററുണ്ടായേക്കും."

"കൊടുങ്കാറേറാ?"—പത്മനാഭപിള്ള അമ്പരന്നുപോയി. "പ്രകൃതിക്കൊരു വ്യത്യാസവും കാണുന്നില്ലല്ലോ." അദ്ദേഹം ശിരസ്സുയർത്തി ആകാശത്തേക്കു നോക്കി. "രണ്ടു മിനിട്ടിനു മുൻപു നല്ല നീലനിറത്തിലിരുന്ന ആകാശത്തിലെങ്ങും മഞ്ഞ നിറം വ്യാപിച്ചിരിക്കുന്നല്ലോ!" ദൂരെ ചീനമഹാസമുദ്രത്തിൽ കൊടുങ്കാററാരംഭിച്ചു കഴിഞ്ഞിരുന്നു. വനപ്രദേശത്തു കൊടുങ്കാററിൽ പെട്ടുകഴിഞ്ഞാൽ എന്തായിരിക്കും ഫലമെന്ന് പത്മനാഭപിള്ളയ്ക്കു അറിയാമായിരുന്നു. വൻവൃക്ഷങ്ങളുടെ ഇടയിൽ എത്തിയെങ്കിൽ മാത്രമേ രക്ഷ കിട്ടുമായിരുന്നുള്ളു. എങ്കിലും ഏതു വിപത്തിലും പരിഭ്രമിക്കാത്ത സ്വഭാവക്കാരനായിരുന്നു അദ്ദേഹം.

"ജമാഖാൻ! കൊടുങ്കാററിനു മുൻപു എങ്ങിനെയെങ്കിലും നമുക്ക് താവളത്തിലെത്തണം. അവിടെയെത്തിയാൽ പിന്നെ ഭയപ്പെടാനൊന്നുമില്ല. വേഗം നടക്കണം. കൂലിക്കാരോടും വേഗം നടക്കാൻ പറയൂ."

ജമാഖാൻ യജമാനനെ താണു വണങ്ങിയശേഷം കൂലിക്കാരുടെ സമീപമെത്തി. കാററിൻെറ ശക്തിയും വേഗതയും വർദ്ധിച്ചു. വൻവൃക്ഷങ്ങളുടെ ഇലകൾ ആടി അടിച്ചു ഭയങ്കരശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു. അന്ധകാരവും വർദ്ധിച്ചു.

ഒരു വലിയ വൃക്ഷശിഖരം ഒടിഞ്ഞു മി: മേനോൻെറ മുൻപിൽ വീണു. അദ്ദേഹം പെട്ടെന്നു പുറകോട്ടു മാറിയില്ലായിരുന്നുവെങ്കിൽ അതിൻെറ കീഴിലമൎന്നു് അദ്ദേഹത്തിനു് പ്രാണഹാനി സംഭവിക്കുമായിരുന്നു.

"ഇതെന്തു ശബ്ദമാണു്?"— അദ്ദേഹത്തിൻെറ ചെവികളിൽ വെടി തീരുന്ന ശബ്ദം വന്നലച്ചു. അദ്ദേഹം തിരിഞ്ഞു നോക്കി. അനേകം അൎദ്ധനഗ്നരായ മലയാക്കാരെ ലക്ഷ്യമാക്കി വെടിവെച്ചുകൊണ്ടു അയാറം മുന്നോട്ടു വരികയാണു്. അവർ ജമാഖാനെയും അയാളുടെ രണ്ടു സഹോദരന്മാരെയും ആക്രമിക്കയായിരുന്നു. ചീന കൂലിക്കാർ ചുമടു വലിച്ചെറിഞ്ഞശേഷം പ്രാണരക്ഷാൎത്ഥം ഓടിപ്പോയി.

പത്മനാഭപിള്ളയും മി: മേനോനും റിവാറം വർ കൈയ്യിലെടുത്തുകൊണ്ടു ജമാഖാനെയും സഹോദരന്മാരെയും രക്ഷിക്കാൻ പാഞ്ഞെത്തി. അവരുടെ ഒരു ഉണ്ടപോലും നിഷ്പ്രയോജനമായില്ല. ഓരോ വെടിക്കും ഒരു മലയാക്കാരനെങ്കിലും താഴെ വീണുകൊണ്ടിരുന്നു. പക്ഷെ ഒരാറം നിലം പതിച്ചാൽ ഒന്നിനുപകരം അഞ്ചോ ആറോ പേർ ആ സ്ഥാനത്തെത്തിച്ചേരും. ആക്രമണകാരികളുടെ പക്കൽ കത്തിയും കുന്തവുമുണ്ടായിരുന്നു. ജമാഖാൻെറ രണ്ടു കൂട്ടുകാരും മുറിവേററു താഴെ വീണു. തനിച്ചു ജമാഖാൻ അവരെ എതിൎക്കുകയാണു്.

"ജമാഖാൻ!" പത്മനാഭപിള്ള ഉറക്കെ വിളിച്ചു: "നിനക്കു് ഓടി രക്ഷപെടാൻ സാധിക്കുമെ

ങ്കിൽ സിംഗപ്പൂരിലെത്തി വിവരം റിപ്പോർട്ടു ചെയ്യണം."

പെട്ടെന്നു അനേകം മലയാക്കാരൊരുമിച്ച് പത്മനാഭപിള്ളയുടെ സംഘത്തെ ആക്രമിച്ചു. അദ്ദേഹവും മി: മേനോനും പിറകോട്ടു മാറി. പിറകോട്ടുമാറി അവർ വൻ വൃക്ഷങ്ങളുടെയിടയിലെത്തി. രണ്ടു നേതാക്കന്മാരും വളരെ വീറോടുകൂടി ആ മലയാക്കാരെ എതിർത്തുവെങ്കിലും സംഖ്യയിൽ വളരെ കൂടുതലുണ്ടായിരുന്ന ആ കാട്ടു ജാതിക്കാരെ എത്ര സമയം എതിർത്തു നിൽക്കാൻ സാധിക്കുമായിരുന്നു. ഒടുവിൽ മലയാക്കാർ അവരെ പിടികൂടി കൈയും കാലും കെട്ടി നിലത്തിട്ടു.

ഒരു ടോർച്ചിൻെറ പ്രകാശത്തിൽ ഒരു ചീനി മുന്നോട്ടടുക്കുന്നതു മി. മേനോൻ കണ്ടു. അയാളുടെ ചുണ്ടുകൾ മുറിഞ്ഞിരുന്നു. മുഖം തടിച്ചു പൊങ്ങിയിരുന്നു. യൌംഗ് ആയിരുന്നു അതു്. മി. മേനോന് മനസ്സിലായി തലേ ദിവസം ഗോപകുമാരുമായി നടന്ന ഏററുമുട്ടലിൽ പററിയ പരുക്കാണതെന്ന്.

"ഓഹോ! ഇങ്ങനെ ഇവിടെ വച്ചു നാം ആദ്യമായി കണ്ടുമുട്ടുന്നമെന്നായിരുന്നു വിധി!" യൌംഗ് ചിരിച്ചുകൊണ്ടു് പറഞ്ഞു—"നിങ്ങൾ തോററു പോയി. പക്ഷേ ഈ കളി ഇതുകൊണ്ടു തീർന്നില്ല. നിങ്ങളുടെ കോടിപ്രഭുവിനെ ഇനി ഈ ജന്മം നിങ്ങൾക്കു കാണാൻ സാദ്ധ്യമാകയില്ല. നിങ്ങളുടെ കഥ കഴിച്ചതിനുശേഷം അയാളെ ശരിപ്പെടുത്തിക്കൊള്ളാം. ശരി, മി. മേനോൻസാറേ, നിങ്ങളുടെ അവസാനം അടുത്തു കഴിഞ്ഞു"

അയാൾ അടുത്തു നിന്നിരുന്ന മലയാക്കാരുടെ നേരെ നോക്കി. അവർ കാര്യം മനസ്സിലാക്കി മി. മേനോനെ എടുത്തു തോളിലിട്ടുകൊണ്ടു വനത്തിലെങ്ങോട്ടോ പാഞ്ഞുപോയി. അവരുടെ മുന്നിൽ നടന്നിരുന്നതു് യൌംഗ് ആണു്.

യൌംഗ് സിംഗപ്പൂരിലെത്തിയതു് കോടിപ്രഭുവായ പത്മനാഭപിള്ളയെ തേടിപ്പിടിക്കാനായിരുന്നു. നിമിഷംപ്രതി നടക്കുന്ന സംഭവങ്ങൾ അയാൾ മനസ്സിലാക്കിയിരുന്നു. ഗോപകുമാർ അയാളെ അപമാനിക്കയും ചെയ്തല്ലൊ. ഗോപകുമാറിനും ചില്ലറ പരുക്കുകൾ ഏററിരുന്നു. യൌംഗിൻെറ ചാരന്മാർ പത്മനാഭപിള്ളയും മി. മേനോനും നായാട്ടിനു പോകുന്ന വിവരം അയാളെ അറിയിച്ചു. അയാൾക്കു സന്തോഷമായി. പ്രതികാരത്തിനുള്ള നല്ല അവസരം തന്നെ. വനപ്രദേശത്തു വച്ചു തന്നെ അവരെ അടിപെടുത്താൻ അയാൾ തീരുമാനിച്ചു. ന്യൂറുന്യൂററമ്പതു മലയാക്കാരെയും കൂട്ടിക്കൊണ്ടു യൌംഗ് വനത്തിലേക്കു പുറപ്പെടുകയും പെട്ടെന്നു മി. മേനോനെയും മററും ആക്രമിക്കയുമാണുണ്ടായതു്.

പക്ഷെ തനിക്കു സിംഗപ്പൂരിലും ഒരു ഭയങ്കര ശത്രുവുണ്ടെന്ന സംഗതി യൌംഗിനു അറിവില്ലായിരുന്നു. അയാൾ മററുള്ളവരുടെ രഹസ്യങ്ങൾ തേടി പിടിക്കുന്നതു പോലെ അയാളുടെ രഹസ്യങ്ങളെല്ലാം ആ ശത്രുവും സസൂക്ഷ്മം അറിഞ്ഞുകൊണ്ടിരുന്നു. ലിശ്കാ ആയിരുന്ന അയാളുടെ ആ ശത്രു.

അടുത്ത ദിവസം കാട്ടിൽ വച്ചു പത്മനാഭപിള്ള

യെയും കൂട്ടുകാരെയും യൌംഗ് ആക്രമിക്കുന്നതാണെന്ന വിവരം ലിശ്കായ്ക്കു മനസ്സിലായി. യൌംഗും സംഘവും 'ഒളിഞ്ഞു' കാട്ടിലേക്ക് യാത്രതിരിച്ചു കഴിഞ്ഞപ്പോൾ ലിശ്കാ തൻെറ നൃത്യശാലയിൽ നിന്നിറങ്ങി ഹോട്ടലിൽ ഗോപകുമാറിൻെറ പക്കലെത്തി. അദ്ദേഹം ആ സമയം ഉദ്യാനത്തിൽ ഒരു ഈന്തപ്പനയുടെ ചുവട്ടിലിരുന്ന് ഐസ്ക്രീം തിന്നുകയായിരുന്നു. ലിശ്കാ അവിചാരിതമായി തൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നതു കണ്ടപ്പോൾ ഗോപകുമാർ ആശ്ചര്യപ്പെട്ടു പോയി.

"ലിശ്കാ! നിങ്ങൾ ഇവിടെ എന്തിനുവന്നു?" ഗോപകുമാർ തുടന്നു—"വരൂ, ഇരിക്കൂ."

"വേണ്ട. എനിക്കു വളരെ ധൃതിയുണ്ട്."—ലിശ്കാ അവളുടെ പൊട്ട് ഇംഗ്ലീഷിൽ മറുപടി പറഞ്ഞു. അവൾ, അദ്ദേഹത്തിൻെറ കസേരയുടെ അടുത്തുവന്നുനിന്നുകൊണ്ടു തുടന്നു—"താമസിക്കാൻ സമയമില്ല."—അവൾ ചുററുപാടും നോക്കി മററാരുമില്ലെന്നു മനസ്സിലാക്കിയശേഷം വീണ്ടും പറഞ്ഞു—"ഞാൻ നിങ്ങളുടെ മാസ്റ്ററെ സംബന്ധിച്ചു ചില കാര്യങ്ങൾ പറയാൻ വന്നതാണ്. അദ്ദേഹം വലിയ വിപത്തിൽ പെട്ടിരിക്കയാണ്."

"എന്താണു പറഞ്ഞതു്? മാസ്റ്റർ ആപത്തിലകപ്പെട്ടുവെന്നോ? പറയൂ, വേഗം പറയൂ. എന്താണ് സംഭവം?"

"അതെ, മി: മേനോനും അദ്ദേഹത്തിൻെറസ്നേഹിതൻ പത്മനാഭപിള്ളയും—" ലിശ്കാ തുടന്നു.

"ഇന്നലെ യൌംഗ് പറയുന്നതു ഞാൻ കേട്ടതാണു്, നിങ്ങളുടെ മാസ്റ്ററും പത്മനാഭപിള്ളയും നായാട്ടിനു പോയിട്ടുണ്ടു്. യൌംഗ് കൂട്ടുകാരോടൊരുമിച്ചു ഇന്നു് അവരെ വളഞ്ഞു് കൊല്ലാൻ നിശ്ചയിച്ചിരിക്കയാണു്—"

"പറയൂ, പറയൂ. വേഗം പറയൂ." ഗോപകുമാർ ഇടയ്ക്കു ധൃതികൂട്ടി.—"നിങ്ങൾക്കു നല്ല സമ്മാനം തരാം."

"എനിക്കു സമ്മാനമൊന്നും വേണ്ട. മി: പത്മനാഭപിള്ള എൻെറ അമ്മയോടു വലിയ ദയകാണിച്ചിട്ടുള്ള ആളാണു്. ഞങ്ങളെ പട്ടിണികിടന്നു ചാകാതെ രക്ഷിച്ച ആളാണു് അദ്ദേഹം. ആ ദുഷ്ടൻ യൌംഗ് എൻെറ അച്ഛനെയും വംശത്തെയും നശിപ്പിച്ചവനാണു്. അവനോടു പ്രതികാരം ചെയ്യേണ്ടതും മി: പത്മനാഭപിള്ളയോടു നന്ദികാണിക്കേണ്ടതും എൻെറ കൎത്തവ്യം മാത്രമാണു്."

"യൌംഗ് എപ്പോൾപോകും?"—ഗോപകുമാർ ചോദിച്ചു.

"അവൻ ഇന്നു രാവിലെ പോയിക്കഴിഞ്ഞു. നിങ്ങൾ വേഗം തയാറാകൂ."—ലിശ്കാ പറഞ്ഞു.

"ഓഹോ! എന്നു പറഞ്ഞാൽ, അയാൾ നേരത്തെ എത്തിക്കാണുമല്ലോ. ഇതിനിടക്കു എന്തെങ്കിലും പ്രവൎത്തിച്ചുകാണുകില്ലേ? ശരി, ലിശ്കാ, നിങ്ങളോടു നന്ദിപറഞ്ഞുകൊള്ളുന്നു."

നൎത്തകി അനുകമ്പയോടുകൂടി ഗോപകുമാറിനെ നോക്കിക്കൊണ്ടുപറഞ്ഞു—"മലയാളികൾ വലിയ ബു

ഢിമാന്മാർ ആണല്ലോ. വേഗം യൌംഗിനെ പിന്തുട
ന്ന് അവനെ തോല്പിക്കൂ."

അനന്തരം ലിശ്കാ അവിടെനിന്ന് തിരികെ
പോയി.

ഗോപകുമാർ ഓടി തൻെറ മുറിയിലെത്തി. പെ
ട്ടെന്ന് ഡ്രസ് മാറി ചില അത്യാവശ്യസാധനങ്ങൾ
പോക്കററിലമത്തിക്കൊണ്ടു വെളിയിലിറങ്ങി. മി:
മേനോനുംമററും നായാട്ടിനു പോയിരുന്ന സ്ഥലം ഗോ
പകുമാറിനറിയാമായിരുന്നു. റെയിൽവേസ്റ്റേഷനിൽ
അദ്ദേഹത്തിനു ഒന്നര മണിക്കൂർനേരം വണ്ടി പ്രതീ
ക്ഷിക്കേണ്ടതായിവന്നു.

വനപ്രദേശത്തിനു സമീപമുള്ള സ്റ്റേഷനിൽ അ
ദ്ദേഹം ഇറങ്ങി. സ്റ്റേഷനിൽനിന്നു വെളിയിലിറങ്ങി
പാളത്തിൽകൂടി കാട്ടിലേയ്ക്കു തിരിച്ചു. രണ്ടു രണ്ട
ര നാഴികമുന്നോട്ടു പോയപ്പോൾ പട്ടാണിജാതിയിൽ
പ്പെട്ട രണ്ടുമൂന്ന്റേൽവേ ലയിൻ സൂക്ഷിപ്പുകാരെ ഗോ
പകുമാർ കണ്ടു. അദ്ദേഹം സകല വിവരങ്ങളും അ
വരെ അറിയിക്കയും സഹായമാവശ്യപ്പെടുകയും ചെ
യ്തു. അവർ തയ്യാറായി ഗോപകുമാറിനോടൊരുമി
ച്ചു അവിടെനിന്നുതിരിച്ചു. അവർ ഏകദേശം നാ
ലുഫർലാംഗുമുന്നോട്ടു പോയപ്പോൾ ഒരു പട്ടാണി
കാട്ടിൽനിന്നു അതുവഴി ഓടിവരുന്നതുകണ്ടു. അവരു
ടെ സമീപമെത്തി അയാൾ ശ്വാസം വിട്ടു—"എ
ൻെറ ഈശ്വര!" ഓടിയെത്തിയ പട്ടാണി സ്വദേശി
കളെ കണ്ടപ്പോൾ ഒന്നാശ്വസിച്ചതാണ്.

"നിങ്ങൾ ആരാണ്?"—ഗോപകുമാർ ചോദിച്ചു.

"സർ! ജമാഖാനാണ് ഞാൻ. പത്മനാഭപിള്ളയജമാനന്റെ ഭൃത്യൻ."—ജമാഖാൻ മറുപടിപറഞ്ഞു. അനേകം നാഴിക ഓടിവന്ന ആ ആൾ ജമാഖാനായിരുന്നു. തന്റെ യജമാനന്റെ നിർദ്ദേശാനുസരണം സിംഗപ്പൂരിൽ വിവരം ധരിപ്പിക്കാൻ ഓടുകയായിരുന്നു. അപ്പോഴാണ് ഇടക്കുവച്ചു ഗോപകുമാറിനെകണ്ടുമുട്ടിയത്.

"നിങ്ങളെ കണ്ടതു നന്നായി."—സംഭവം മുഴുവൻ പറഞ്ഞുകേട്ടതിനുശേഷം ഗോപകുമാർ പറഞ്ഞു—"ഇവരെ വഴിയിൽകിട്ടിയതാണ്. നാമെല്ലാം ആയുധധാരികളല്ലേ? നമുക്ക് ആ പട്ടികളെ പാട്ടിലാക്കാൻ സാധിക്കതെന്നെചെയ്യും. വരു, ജമാഖാൻ, നടക്കൂ വഴികാണിച്ചുതരു."—ഗോപകുമാർ ജമാഖാനോടു പറഞ്ഞു.

കൊടുങ്കാററു തീന്നു കഴിഞ്ഞു. വനപ്രദേശം ശാന്തമായിരുന്നു. സവ്വത്ര അന്ധകാരം വ്യാപിച്ചിരുന്നു. നക്ഷത്രങ്ങളുടെ നേരിയ വെളിച്ചം വഴിയാത്രക്കാക്ക് സഹായകമായിരുന്നു.

അവർ മുന്നോട്ടു നീങ്ങി. രണ്ടുനാഴികദൂരത്തിലെത്തിയപ്പോൾ കാട്ടിലൊരുഭാഗത്ത് തീയ് എരിയുന്നതായിക്കണ്ടു. ആ തീയ് പത്മനാഭപിള്ളയുടെ നായാട്ടുതാവളത്തിനുസമീപമായിരുന്നു. ജമാഖാൻ തനിച്ചു മുന്നോട്ടുപോയി വിവരം അന്വേഷിച്ചശേഷം

മടങ്ങിഎത്തി. "താവളത്തിനുള്ളിൽ വെളിച്ചമുണ്ട്. വെളിയിൽ തീയ്കൂട്ടി മലയാക്കാർ കിടന്നുറക്കമൊണ്"

"അപ്പോഠം താവളത്തിനുള്ളിൽ പത്മനാഭപിള്ളയും മാസ്റ്ററും ഉണ്ടായിരിക്കും"—ഗോപകുമാർ പറഞ്ഞു—"അവിടെ കാവൽക്കാരാരുമില്ലെങ്കിൽ നമുക്ക് നിഷ്പ്രയാസം അവരെ മോചിപ്പിക്കാൻ സാധിക്കും."

ഗോപകുമാറും പട്ടാണികളും പതുങ്ങിപ്പതുങ്ങി താവളത്തിനു സമീപമെത്തി. മലയാക്കാർ ബോധമില്ലാതെ കിടന്നുറങ്ങുകയാണ്. അവർ ജനാലയുടെ സമീപമെത്തി, ഉള്ളിലേയ്ക്കെത്തിനോക്കി. ഉള്ളിൽ തറയിൽ പത്മനാഭപിള്ളയെ കയറുകൊണ്ടു വരിഞ്ഞു കെട്ടി ഇട്ടിരിക്കുന്നു. മി: മേനോനെ കാണാനില്ല.

റിവാഠംവറിൻെറ പിടി കൊണ്ടിടിച്ചു ജനാലയുടെ ഒരു കണ്ണാടിച്ചില്ലു പൊട്ടിച്ച് ഗോപകുമാർ സാവധാനം അതു തുറന്നു. അനന്തരം അദ്ദേഹം ശബ്ദമുണ്ടാക്കാതെ ചാടി ഉള്ളിൽ കടന്ന് എത്രയും വേഗം പത്മനാഭപിള്ളയുടെ കെട്ടുകളെല്ലാം അഴിച്ചു. അദ്ദേഹം സ്വതന്ത്രനായി, എഴുനേററിരുന്നു. ചുററിനും സ്നേഹിതന്മാരെ കണ്ടു പത്മനാഭപിള്ള അത്യന്തം സന്തോഷിച്ചു. അദ്ദേഹം ജമാഖാനെയും ഗോപകുമാറിനെയും മാറിമാറി നോക്കുവാൻ തുടങ്ങി.

പെട്ടെന്ന് വാതില്ക്കൽ തുറന്ന്, ഒരു ചീനി കൈയ്യിൽ റിവാഠംവറും പിടിച്ചുകൊണ്ടു ഉള്ളിൽ പ്രവേശിച്ചു. അയാളുടെ പിന്നാലെ ധാരാളം മലയാക്കാ

രുമുണ്ടായിരുന്നു. ഓരോ മലയാക്കാരന്റെയും കൈയിൽ കത്തിയും കുന്തവുമുണ്ടു്. അവരുടെ കണ്ണുകളിൽ രക്താ ഓളംവെട്ടുന്നതുപോലെ തോന്നി.

"ഓഹോ! കാര്യം വളരെ ഭംഗിയായിരിക്കുന്നു, പ്രശംസനീയംതന്നെ."— ചീനി പറഞ്ഞു— "ഒരു ചെറിയ തെററു മാത്രം നിങ്ങൾക്കു പററി. നിങ്ങൾ വിചാരിച്ചതു് ഈ മലയാക്കാരെപ്പോലെ ഞാനും ബോധമില്ലാതെ കിടന്നുറങ്ങിക്കൊള്ളുമെന്നും എനിക്കു നിങ്ങളെ സ്വാഗതം ചെയ്യാൻ സാധിക്കയില്ലെന്നുമാണു്."

"യൌംഗ്"—ഗോപകുമാർ അറിയാതെ പറഞ്ഞുപോയതാണു്—"ആംഗ്ലോ ചീനി!"

തന്റെ പേരു കേട്ടയുടൻ യൌംഗ് കോപാന്ധനായിത്തീർന്നു. ഒരു മടിയും താമസവും കൂടാതെ അയാൾ ഗോപകുമാറിന്റെ നേരെ വെടിവെച്ചു. ഉന്നം തെററി. യൌംഗ് വീണ്ടും വെടിവെയ്ക്കുന്നതിനുമുൻപ് ഗോപകുമാർ തന്റെ റിവോൾവറിന്റെ നിറ ഒഴിച്ചുകൊണ്ടു മുന്നോട്ടു നീങ്ങി അവിടെ കത്തിക്കൊണ്ടിരുന്ന വിളക്കു് തട്ടി താഴെയിട്ടു് ഉടച്ചു. മുറിയിൽ അന്ധകാരം നിറഞ്ഞു.

തുടന്നു് ഒരു ഭയങ്കര ബഹളം മുറിയിലും വെളിയിലും കേട്ടു തുടങ്ങി. താവളത്തിനു വെളിയിലുണ്ടായിരുന്ന തീയ് ആളിക്കത്തി. അനേകം മലയാക്കാർ നാലുവശത്തുനിന്നും മുറിയിലേക്കു പാഞ്ഞെടുത്തു.

ഗോപകുമാറും കൂട്ടുകാരും മലയാക്കാരുടെ നേരേ ഇടവിടാതെ നിറ ഒഴിച്ചുകൊണ്ടിരുന്നു. മലയാ

ക്കാർ പരിഭ്രമിച്ചു. അവർ പിറകോട്ടു മാറുവാൻ നിർബന്ധിതരായി. ഗോപകുമാറും മററും മുറിക്കുള്ളിൽ നിന്നു വെളിയിൽ ചാടി. പക്ഷേ വീണ്ടും അവർ നല്ല കരുതലോടുകൂടി മുന്നോട്ടടുത്തു. വിശന്ന ചെന്നായ്ക്കളെപ്പോലെ അവർ ഗോപകുമാറിനെയും പട്ടാണികളെയും വളഞ്ഞു. ഗോപകുമാറും പത്മനാഭപിള്ളയുമായിരുന്നു അവരുടെ പ്രധാന ലക്ഷ്യം. അവരെ പിടികൂടി ഇഞ്ചിഞ്ചായി അരിഞ്ഞു കൊല്ലണമെന്നായിരുന്നു അവർ ആഗ്രഹിച്ചിരുന്നതു്. അനേകം മലയാക്കാരുടെ ഇടയിൽനിന്നു് രക്ഷപെടുവാൻ സാധിക്കുകയില്ലെന്നു് ഗോപകുമാറിനറിയാമായിരുന്നു. മരണം തലയിൽ വന്നു കയറിയിരിക്കയാണെന്നു് അദ്ദേഹം ഭയന്നു.

അതിനിടയ്ക്കു ഒരു ഭാഗത്തുനിന്നു് വേറൊരു ബഹളം കേട്ടു. അനവധി കാക്കിഡ്രസ്സുകാർ ആ താവളത്തിലേക്കു് പാഞ്ഞെത്തുന്നതു് അവർ കണ്ടു.

"ഫോറസ്റ്റുറെൻജേർസ്."— പത്മനാഭപിള്ള വിളിച്ചു പറഞ്ഞു.

ഫോറസ്റ്റുഗാർഡുകൾ സമീപിക്കുന്നതു് കണ്ടപ്പോൾ മലയാക്കാർ നിമിഷനേരത്തിനുള്ളിൽ സ്ഥലം വിട്ടു.

"മാസ്റ്റർ എവിടെ?"—ഗോപകുമാർ ചോദിച്ചു. "ഈ യുദ്ധത്തിൽ നാം ജയിച്ചു. പക്ഷെ അദ്ദേഹമെവിടെ?"

"ഏററവും ഒടുവിൽ ഞാൻ അദ്ദേഹത്തെ കണ്ടതു് ആ മലയാക്കാർ ഞങ്ങളെ ആക്രമിച്ച അവ

സരത്തിലാണു്. ആ ഏററമുട്ടലിൽ ഞങ്ങരം അ ന്യോന്യം പിരിഞ്ഞുപോയി."—വളരെ ദുഃഖത്തോടു കൂടി പത്മനാഭപിള്ള പറഞ്ഞു.

"കാടു മുഴവൻ അരിച്ചു വാരേണ്ടതായി വന്നാലും നമുക്കു അദ്ദേഹത്തെ കണ്ടുപിടിക്കുകതന്നെ വേണം."—ഗോപകുമാർ പ്രതിജ്ഞ ചെയ്തു.

അവർ മി: മേനോനെ അന്വേഷിച്ചു കാടിൻെറ ഉരംഭാഗത്തേക്കു തിരിച്ചു. മുന്നോട്ടു പോകുന്തോറും കാടു കൂടുതൽ ഭയങ്കരമായിത്തീൎന്നുകൊണ്ടിരുന്നു. അവർ ഇടതൂൎന്ന ഒരു വനപ്രദേശത്തെത്തി. മുകരംഭാഗം വൃക്ഷശാഖകളെക്കൊണ്ടു നിശേഷം മൂടിയിരുന്നതുകൊണ്ടു അല്പംപോലും പ്രകാശം ഉള്ളിൽ പ്രവേശിക്കുമായിരുന്നില്ല. ജമാഖാൻ മുൻപേനടന്നു് വഴി കാണിച്ചുകൊണ്ടിരുന്നു.

"നിങ്ങരം എൻെറകൂടെത്തന്നെ ഉണ്ടല്ലോ?"—ജമാഖാൻ ചോദിച്ചു.

"അതെ; ഞങ്ങരം കൂടെയുണ്ടു്. നടന്നുകൊള്ളുക."—ഗോപകുമാർ മറുപടി പറഞ്ഞു.

ജമാഖാൻ പെട്ടന്നുനിന്നു. ഏതോ ഭാരിച്ച സാധനം ഇളകുന്ന ശബ്ദം അയാരം കേട്ടു. അയാരം വിസിലടിച്ചു സൂക്ഷിച്ചുകൊള്ളണമെന്നു് കൂട്ടുകാൎക്കു് മുന്നറിയിപ്പു നല്കി. ഒരു അലർച്ച! ആ അലർച്ചയോടുകൂടി ഒരു ചെന്നായ് അവരുടെ മുൻപിൽ ചാടിവീണു. ഗോപകുമാർ പരിഭ്രമിച്ചുപോയി. അദ്ദേഹം താനറിയാതെ വായ്‌വിട്ടു കരഞ്ഞു. പക്ഷേ

നിമിഷനേരത്തിനുള്ളിൽ ചെന്നായ് ഓടി കാട്ടിനു ള്ളിൽ മറഞ്ഞു.

"എൻെറ ഈശ്വരാ!" ഗോപകുമാർ പറഞ്ഞു—"ചെന്നായ് ഭൂമിക്കുള്ളിൽ പൂതഞ്ഞുപോയി!"

"ചെന്നായ്ക്കളെ പിടിക്കാനുള്ള കുഴിപോലെ ഒരു കുഴി ഇവിടെ ആരോ കുഴിച്ചിട്ടുണ്ട്. ചെന്നായ് വീണതു് അതിലാണു്."—പത്മനാഭപിള്ള പറഞ്ഞു.

ജമാഖാൻ, സകലരും മിണ്ടാതിരിക്കാൻ നിർദ്ദേശം നൽകി. ചെന്നായുടെ അലർച്ച കുറുകുറുപ്പായി മാറിയിരുന്നു.

"യജമാനനെ!" ജമാഖാൻ തുടന്നു. "ചെന്നായ് കാരണം കൂടാതെ കുറുകുറുക്കുകയില്ല. ആരെങ്കിലും ഉപദ്രവിക്കയോ ഏതെങ്കിലും ഇരയെ കാണുകയോ ചെയ്യാതെ ചെന്നായ്ക്കൾ ഇങ്ങിനെ കുറുകുറുക്കാറില്ല. അതു് എനിക്കു ശരിക്കറിയാം."—ജമാഖാൻ ആ കുഴിയിലേക്കു വിരൽ ചൂണ്ടി—"ദാ, ഈ വഴി ആ കുഴിയിലേക്കാണു്."

പത്മനാഭപിള്ള ഞെട്ടിപ്പോയി. അദ്ദേഹത്തിൻെറ മുഖം വിളറി. റിവാൾവർ കൈയ്യിലെടുത്തുകൊണ്ടു് അദ്ദേഹം ആ കുഴിയിലേയ്ക്കു പാഞ്ഞു. പക്ഷെ അദ്ദേഹം അവിടെ എത്തുന്നതിനു മുൻപു ജമാഖാനും ഗോപകുമാറും കുഴിവക്കിൽ എത്തിക്കഴിഞ്ഞിരുന്നു.

അത്യന്തം പരിഭ്രമത്തോടുകൂടി അവർ കുഴിയിലേക്കു നോക്കി. അയ്യോ! അതാ ചെന്നായ് കാലു

കരം മടക്കി വാൽ ഉയർത്തി മുന്നോട്ടു ചാടുവാൻ ഭാവിക്കയാണു്. മി: മേനോനാണു് കുഴിയുടെ അരികിൽ ചേൎന്നു നിൽക്കുന്നതു്. ചെന്നായുടെ ലക്ഷ്യം മേനോനാണു്. അദ്ദേഹത്തിൻെറ കൈകൾ രണ്ടും വരിഞ്ഞുകെട്ടിയിരിക്കയാണു്. അനങ്ങാൻ സാദ്ധ്യമല്ല.

ജമാഖാൻ ധൈര്യത്തോടുകൂടി റായിഫിൾ ഉരത്തോടടുപ്പിച്ചു പിടിച്ചു് ഉന്നമുറപ്പിച്ചു വെടിവെച്ചു. പത്മനാഭപിള്ളയും അതോടൊപ്പം റൈഫിൾ പ്രയോഗിച്ചു. ആ ഭയങ്കരമായ ഹിംസ്രമൃഗം ചത്തു വീണു. അതിൻെറ കൈപത്തികൾ മിക്കവാറും മി: മേനോൻെറ ശരീരം വരെ എത്തിയിരുന്നു. ചെന്നായ് പ്രാണവേദനയോടുകൂടി ഒന്നു ഗർജ്ജിച്ചു. മുറുമുറുത്തു കഥ കഴിഞ്ഞു. ജമാഖാനും പത്മനാഭപിള്ളയും വീണ്ടും വെടിവച്ചു. പക്ഷെ അതിനു മുൻപു തന്നെ അതു ചത്തു കഴിഞ്ഞിരുന്നു. ഗോപകുമാർ പെട്ടന്നു് കുഴിയിൽ ചാടി മി: മേനോനെ സമീപിച്ചു് അദ്ദേഹത്തെ ഹൃദയത്തോടു ചേൎത്തു ആലിംഗനം ചെയ്തു— "മാസ്റ്റർ"—സന്തോഷാതിരേകത്താൽ തൊണ്ടയിടറി. "ഇതു നമുക്കുണ്ടായ മഹാവിജയമാണു്. ശത്രുക്കളെ നാം നിശ്ശേഷം തോല്പിച്ചു."

"തീർച്ചയായും."— മി: മേനോൻ പറഞ്ഞു— "എൻെറ കെട്ടുകളഴിച്ചാൽ ഞാൻ നിങ്ങൾക്കു കൈതരാമായിരുന്നു."

ക്ഷണനേരത്തിനുള്ളിൽ അദ്ദേഹം ബന്ധനവിമുക്തനായി. ജമാഖാൻ അവരെ രണ്ടുപേരെയും വലിച്ചു കരയ്ക്കു കയററി.

"ഇതുപോലെ ഭയങ്കരമായ ഒരനുഭവം ആർക്കു മുണ്ടാകരുതെന്നാണ് ഞാൻ പ്രാർത്ഥിക്കുന്നതു്." മി: മേനോൻ തുടൎന്നു "ഏതായാലും ഈ ചെന്നായുടെ തുകൽ എനിക്കു നാട്ടിലേക്കു കൊണ്ടുപോകണം."

"തീർച്ചയായും."— പത്മനാഭപിള്ള പറഞ്ഞു. "അതിൻെറ അവകാശി നിങ്ങൾതന്നെയാണ്. ഈ ശരനാണെ സത്യം, നിങ്ങൾതന്നെയാണതിൻെറ അവകാശി. അതിരിക്കട്ടെ, നിങ്ങൾ ഇവിടെ വന്നു് കുടുങ്ങിയതെങ്ങിനെയാണെന്നു് കേൾക്കട്ടെ!"

"എൻെറ സ്നേഹിതൻ യൌംഗിൻെറ ദയകൊണ്ടു്. അവൻ നോക്കിക്കൊണ്ടു നിന്നു, ആ ദ്രോഹികൾ എന്നെ ഈ കുഴിയിലിട്ടുശേഷം ഇലകൾകൊണ്ടു കുഴിയുടെ മുഖഭാഗം മൂടി."

"യൌംഗിനോടു എണ്ണി എണ്ണി ഇതിനു പകരം ചോദിക്കുന്നുണ്ടു."— പത്മനാഭപിള്ള പ്രതിജ്ഞ ചെയ്തു.

"അപ്പോൾ അവൻ രക്ഷപെട്ടു കടന്നുകളഞ്ഞോ?" മി: മേനോൻ അന്വേഷിച്ചു—"ഞാൻ അങ്ങിനെതന്നെയാണ് വിചാരിച്ചതും"

"തെമ്മാടി എൻെറ കെട്ടിടത്തിൽ വച്ചു എന്നെ ബന്ധനസ്ഥനാക്കിയില്ലേ?" പത്മനാഭപിള്ള പറഞ്ഞു. "പക്ഷേ, എന്നെ എന്തു ചെയ്യാനാണ് അവൻ വിചാരിക്കുന്നതെന്നു് പറഞ്ഞില്ലല്ലോ."

ഗോപകുമാർ പൊട്ടിച്ചിരിച്ചു—"അവനു് അതു പറയാനുള്ള അവസരം നാം കൊടുത്തില്ല. അവൻെറ പ്ലാനെല്ലാം പരാജയപ്പെട്ടു പോയി."

ആ രാത്രി അവർ പത്മനാഭപിള്ളയുടെ കെട്ടിടത്തിൽ കഴിച്ചുകൂട്ടി. രണ്ടുദിവസംകൂടി അവിടെത്തന്നെ താമസിച്ചുകൊണ്ടു് അവർ വേട്ടയാടി. അതു കഴിഞ്ഞു സിംഗപ്പൂരിൽ മടങ്ങിയെത്തി. അന്നു തന്നെ ലിശ്കാ ഗോപകുമാറിനെ കാണാൻ ഹോട്ടലിൽ വന്നു—"യെവംഗ് സ്ഥലം വിട്ടുകഴിഞ്ഞു.—" അവൾ പറഞ്ഞു.

"പോയിക്കഴിഞ്ഞോ?"—ഗോപകുമാർ ചോദിച്ചു—"എങ്ങോട്ടാണു് പോയതു്?"

"മഹാസമുദ്രത്തിനപ്പുറം." ലശ്കാ മറുപടി നല്കി. "കപ്പലിലാണു് പോയതു്. പുതിയ അടവു പ്രയോഗിക്കാതിരിക്കയില്ല."

★

# 6

## അഞ്ചുലക്ഷം ആവശ്യപ്പെടുന്നു

"ഇനി തനിക്കു പോകാം, മാതു."

"എന്നാൽ പോകട്ടെ! എപ്പോൾ വരണം?"

"ഒരു മൂന്നു മണിക്കൂറിനുശേഷം. ഞാൻ ഇവിടെത്തന്നെ ഉണ്ടായിരിക്കും."

ലക്ഷ്മി എന്നു പേരോടുകൂടിയ പത്തേമാരിയുടെ

സൂക്ഷിപ്പുകാരൻ വണങ്ങി യാത്രപറഞ്ഞു ഒരു ചെറു വള്ളത്തിൽ കയറി കരയിലേക്കു തുഴഞ്ഞുപോയി. അയാൾ പോയതിനുശേഷം സുരേശൻനായർ ഒരു സിഗററ്റു കത്തിച്ചുവലിച്ചുകൊണ്ടു വളരെ വ്യാകുലതയോടുകൂടി കരയിലേക്കു ദൃഷ്ടികൾ പായിച്ചു.

ആ പത്തേമാരി സുരേശൻനായരുടെ സ്വന്തമാണ്: ഇന്ന് അദ്ദേഹം ചില സ്നേഹിതന്മാൎക്ക് ഒരു വിരുന്നു സല്ക്കാരം നൽകി. സിംഗപ്പൂരിലെത്തുന്നതിനു മുമ്പ് ഇടയ്ക്കുവച്ചുതന്നെ തിരികെ ബോംബയ്ക്കു പോയശേഷം ഇവിടെ എറണാകുളത്തുവന്നു ചേൎന്നതാണ്. ഇവിടെ എത്തിയയുടൻ അദ്ദേഹം വിലയ്ക്കു വാങ്ങിയതാണ് ഈ പത്തേമാരി. സ്നേഹിതന്മാരെല്ലാം പാർട്ടിയിൽ പങ്കെടുത്തശേഷം മടങ്ങിപ്പോയി. പത്തേമാരി സൂക്ഷിപ്പുകാരനും അദ്ദേഹം കുറച്ചു സമയത്തേക്കു അവധികൊടുത്തിരിക്കയാണ്. ഇപ്പോൾ തനിച്ചാണ് അദ്ദേഹം. അദ്ദേഹം വല്ലാതെ ഭയപ്പെട്ടിരുന്നു. എറണാകുളത്ത് തിരികെ വന്നു കുറച്ചു ദിവസം താമസിക്കുന്നത് എത്രയും ആപൽക്കരമാണ്. എന്തെങ്കിലും കുഴപ്പമുണ്ടായേക്കുമെന്ന വിചാരം അദ്ദേഹത്തെ ഏററവും വിഷമിപ്പിച്ചു.

ഇവിടെ എവിടെയോ ആണ് അദ്ദേഹത്തിൻെറ ഒരു ഭയങ്കര ശത്രുവായ യൌംഗ് താമസിക്കുന്നത്. ആ തെമ്മാടി അദ്ദേഹത്തെ ഒരു വൻവിപത്തിലകപ്പെടുത്തിയിരിക്കയാണ്. ഇന്നും സുരേശൻനായരുടെ മനസ്സിൽ വലിയ ഭീതിയാണുള്ളത്. അദ്ദേഹം സിംഗപ്പൂരിലേക്കു പോയപ്പോൾ യൌംഗും അദ്ദേഹ

ത്തെ പിന്തുടൎന്നുവെന്നും അയാൾ അവിടെവരെ പോയിരുന്നുവെന്നും മററുമുള്ള സംഗതികൾ അദ്ദേഹത്തിനു മനസ്സിലായിട്ടില്ല. എറണാകുളത്തു വന്നതിനുശേഷം ഇതുവരെ അദ്ദേഹം യൌംഗിനെ കണ്ടിട്ടില്ല. അയാളെ കാണാത്തതിനാൽ സംശയം കുറെക്കൂടി വൎദ്ധിച്ചു, ഓൎമ്മിച്ചിരിക്കാതെ അയാൾ എന്തുചെയ്യുമെന്നു് നിശ്ചയിക്കാൻ സാദ്ധ്യമല്ലല്ലോ.

സന്ധ്യയായി. അന്ധകാരം വ്യാപിച്ചു. കരയ്ക്കു നില്ക്കുന്ന തെങ്ങുകളും തീരങ്ങളിലടുത്തുകിടക്കുന്ന വള്ളങ്ങളും, സാവധാനം അന്ധകാരത്തിൽ മറഞ്ഞു. എരിഞ്ഞുതീൎന്നു് ശേഷിച്ച സിഗററ്റു കഷണം ദൂരെ എറിഞ്ഞ ശേഷം വീണ്ടും ചിന്താകുലനായി തീരപ്രദേശത്തേയ്ക്കു—ആ അന്ധകാരത്തിലും—നോക്കുവാൻ തുടങ്ങി. ഒരു മോട്ടോർബോട്ടു വളരെ സാവധാനം ഓടുന്ന ശബ്ദം അദ്ദേഹം കേട്ടു. കുറച്ചു നിമിഷങ്ങൾക്കു ശേഷം ലക്ഷ്മിയുടെ ഒരുവശത്തു ആ ബോട്ടുവന്നുനിന്നു. ഒരാൾ അതിൽനിന്നിറങ്ങി മിണ്ടാതെ ലക്ഷ്മിയിലേയ്ക്കു കയറിവന്നു. കണ്ടയുടൻ സുരേശൻനായൎക്കു് ആൾ മനസ്സിലായി. യൌംഗ് ആയിരുന്നു അതു്. അവനെ കണ്ടയുടൻ ഒരു ചെറിയ നിലവിളിയോടുകൂടി നായർ ഒരടി പുറകോട്ടുവച്ചു.

"നിങ്ങൾ എന്നെ മറന്നില്ലെന്നറിഞ്ഞതിൽ എനിക്കു വളരെ സന്തോഷമുണ്ടു്." ആഗ്ലോചീനി പരിഹാസസൂചകമായി ചിരിച്ചുകൊണ്ടുപറഞ്ഞു—"നമ്മുടെ സന്ദൎശനം ക്ഷണനേരത്തേയ്ക്കുമാത്രമേ ഉണ്ടായിരുന്നൊള്ളുവെങ്കിലും അതു ദൃഢസ്നേഹമായി മാറുകയും അങ്ങിനെതന്നെ ആയിരിക്കയും ചെയ്യും."

അവൻെറ ഓരോവാക്കും അമ്പുപോലെ സുരേശൻനായരുടെ ഹൃദയത്തെ .പിളൎന്നുകൊണ്ടിരുന്നു. അദ്ദേഹം കോപാന്ധനായിത്തീൎന്നു.. "തെമ്മാടി, ദുഷ്ടൻ!" നായർ അലറി—"നീ എന്നെയും നിന്നെപ്പോലെ നീചത്വം പ്രവൎത്തിക്കാൻ നിർബന്ധിക്കയാണ്. പോലീസ്സ്റ്റേഷൻ ഇവിടെ അടുത്തുതന്നെയുണ്ട്. നിന്നെയും കൂട്ടിക്കൊണ്ടു് നേരെ അവിടെ എത്തി അന്നു രാത്രിയിൽ നടന്ന സംഭവങ്ങൾ മുഴുവൻ അവരെ അറിയിക്കയാണു വേണ്ടതു്. അവർ അതിനു തീരുമാനം ചെയ്തുകൊള്ളും."

"ഇല്ല. നിങ്ങൾക്കതു ചെയ്വാൻ സാദ്ധ്യമല്ല"—യൗംഗ് തുടൎന്നു: "മററുകാരണമൊന്നുമില്ലെങ്കിലും തൻെറ അഛൻെറ അഭിമാനത്തെ കരുതിയെങ്കിലും നിങ്ങളങ്ങിനെ ചെയ്യാൻ ധൈര്യപ്പെടുകയില്ല. കൊലക്കുററത്തിനു മകൻ ജയിലിലടയ്ക്കപ്പെട്ടുവെന്ന് കേട്ടാൽ അഛനെന്തുപറയും? അമ്പ! നിങ്ങൾ വിറച്ചുതുടങ്ങിയല്ലോ. മുഖത്തിൻെറ നിറവും മാറിക്കഴിഞ്ഞല്ലോ."

സുരേശൻനായർ തൻെറ ഭാവങ്ങളെ നിയന്ത്രിക്കാൻ പരിശ്രമിച്ചുകൊണ്ടു ചോദിച്ചു—"നിങ്ങൾ എന്തിനാണ് എന്നെ പിന്തുടരുന്നതു്? എന്താണ് വേണ്ടതു്? നിങ്ങൾ ഇനി എന്നെ ഉപദ്രവിക്കുകയില്ലെന്നാണ് ഞാൻ വിചാരിച്ചതു്."

യൌംഗ് ഭയങ്കരമായി ചിരിച്ചുകൊണ്ടു പറഞ്ഞു—"ഒരു കോടിപ്രഭുവായ പിതാവിൻെറ പുത്രൻെറ പ്രവൎത്തനങ്ങൾ രഹസ്യപൂൎണ്ണങ്ങളായിരിക്കയി

ല്ല. അയാളുടെ ഗതിവിഗതികൾ നിഷ്പ്രയാസം ആളുകൾ മനസ്സിലാക്കുന്നതിൽ ആശ്ചര്യപ്പെടാനില്ല. കഴിഞ്ഞ ഒരാഴ്ച രാത്രിയിലോ പകലോ എപ്പോൾവേണമെങ്കിലും എനിക്ക് നിങ്ങളോടുള്ള പരിചയം പുതുക്കാമായിരുന്നതാണ്. പക്ഷേ ഞാൻ അതു ഇഷ്ടപ്പെട്ടില്ല. നമുക്കു രണ്ടുപേർക്കും സമാധാനമായിരുന്നു സംസാരിക്കുവാൻ സാധിക്കുന്ന ഒരവസരം ഞാൻ പ്രതീക്ഷിക്കയായിരുന്നു."

"ശരി, പറയൂ, എന്താണ് പറയുവാനാഗ്രഹിക്കുന്നതു്?" സുരേശൻനായർ പറഞ്ഞു—"നിങ്ങളുടെ വാക്കുകൾക്കു എന്നെ ഇളക്കാൻ സാധിക്കയില്ല."

"ഞാൻ ആദ്യമായി അറിയാൻ ആഗ്രഹിക്കുന്നതു് സിംഗപ്പൂറിലേക്കു പോയിട്ടു ഇടക്കു വച്ചു മടങ്ങിവരാനുള്ള കാരണമെന്തെന്നാണു്?"

"നിങ്ങളുടെ ഈ ചോദ്യം വെറും അപരിഷ്കൃതമാണ്. ഇതിനു മറുപടിപറയാൻ ഞാനുദ്ദേശിക്കുന്നില്ല. മാത്രമല്ല ഞാൻ ബാക്കിതുക നിങ്ങൾക്ക് അയച്ചുതന്നില്ലേ? അങ്ങിനെ നിങ്ങളുടെ മൌനത്തിനു നിങ്ങൾ ആവശ്യപ്പെട്ട തുക ഞാൻ തന്നുകഴിഞ്ഞു. ഇനി എന്തിനാണ് നിങ്ങൾ എൻെറ പിറകെക്കൂടിയിരിക്കുന്നതു്? ഇനി എന്താണ് വേണ്ടതു്?"

"നിങ്ങൾ കാരണമാണ് എനിക്കു സിംഗപ്പൂറിലേക്ക് പോകേണ്ടതായും ആവശ്യമില്ലാതെ പലകഷ്ടപ്പാടുകളും സഹിക്കേണ്ടതായും വന്നതു്. എന്നെ ചതിച്ചു നിങ്ങൾ തെന്നിമാറുമെന്നു് ഞാൻ വിചാ

രിച്ചില്ല. നിങ്ങൾ സിംഗപ്പൂരിലേയ്ക്കു പോയില്ലെന്നു മനസ്സിലായപ്പോൾ എനിക്ക് അവിടെനിന്ന് ഇങ്ങോട്ടു മടങ്ങേണ്ടിവന്നു. അതെ, ഒരു കാര്യം ശരിതന്നെ, നിങ്ങളുടെ അച്ഛൻ എന്നെ കണ്ടു അപ്രിയപ്പെടുകയാണുണ്ടായത്."

"നിങ്ങൾ—നിങ്ങൾ അദ്ദേഹത്തോടു ഈ സംഗതികളെല്ലാം പറഞ്ഞോ?"–ഇടറുന്നസ്വരത്തിൽ നായർ ചോദിച്ചു.

"ഇതുവരെ പറഞ്ഞില്ല. പക്ഷേ രണ്ടുമൂന്നു ദിവസത്തിനകം പറഞ്ഞേക്കും. ഇപ്പോൾ അദ്ദേഹം ബോംബയിലെത്തിക്കാണും. അവിടെനിന്നു ഇങ്ങോട്ടും വന്നേക്കും. നിങ്ങൾ എനിക്കു വെറും മുപ്പതിനായിരമാണു തന്നതു്. എന്നാൽ അദ്ദേഹം, മകനെ കഴുകുമരത്തിൽനിന്നു രക്ഷിച്ചതിനു അഞ്ചുലക്ഷമെങ്കിലും തരാതിരിക്കയില്ല."

ഗർജ്ജിച്ചുകൊണ്ടു സുരേശൻനായർ യെഹംഗിനെ ലക്ഷ്യമാക്കി കുതിച്ചു. അവൻെറ മൂക്കിൽ ശക്തിയായി ഇടിക്കാൻ കൈ ഉയർത്തിയയുടൻ പിറകിൽനിന്ന് ഒരു ചീനി അദ്ദേഹത്തിൻെറ കൈയ്ക്കു കടന്നുപിടിച്ചു. ആ ചീനി സുരേശൻ കാണാതെ ബോട്ടിൽനിന്നു പത്തേമാരിയിൽകയറി അദ്ദേഹത്തിൻെറ പിറകിൽവന്ന് പതുങ്ങിനില്ക്കുകയായിരുന്നു. കാലിൽ ചെരിപ്പോ ബൂട്ട്സോ ധരിച്ചിട്ടില്ലായിരുന്നതുകൊണ്ടാണു് അവൻെറ കാലടിശബ്ദം കേൾക്കാതിരുന്നതു്.

സുരേശനെ പിടിച്ചയുടൻ പുതിയ ചീനി ക്ലോ

റോഫോമിൽമുക്കിയ പഞ്ഞിക്കഷണം സുരേശൻനായരുടെ വായിലും മൂക്കിലും അമത്തി. സുരേശനു ചീനിയുടെ പിടിവിടുവിക്കാൻ സാധിച്ചില്ല. അല്പനിമിഷങ്ങൾക്കുശേഷം അദ്ദേഹം ബോധരഹിതനായി.

"ഫാങ്, അല്പം സൂക്ഷിച്ചുവേണം ഈ പക്ഷിയെ എടുത്തുകൊണ്ടുപോകുവാൻ. ഒരു സ്വർണ്ണപക്ഷിയാണിതു്."—യൌംഗ് തൻെറ കൂട്ടുകാരനോടു പറഞ്ഞു.

അനന്തരം രണ്ടുപേരുംകൂടി സുരേശൻനായരെ താങ്ങിയെടുത്തു ബോട്ടിൽ കൊണ്ടുവന്നു് കിടത്തി. ബോട്ടുസ്റ്റാർട്ടായി. അതു എങ്ങോട്ടോ ഓടിമറഞ്ഞു. യൌംഗ്തന്നെയാണു് ബോട്ടു ഓടിച്ചുകൊണ്ടിരുന്നതു്. അവൻ സ്റ്റീയറിംഗ് കൂടാരത്തിനുള്ളിൽ ഒളിഞ്ഞിരിക്കയായിരുന്നു. ബോട്ടു അതിവേഗം പാഞ്ഞുകൊണ്ടിരുന്നു. രണ്ടുമൂന്നു ഫർലോംഗ് പോയപ്പോൾ ഒരു പോലീസ്ലാഞ്ച് അവരെ സമീപിച്ചു. ലാഞ്ച് ബോട്ടിനെ പിന്തുടന്നു. യൌംഗിൻെറബോട്ടു പോലീസ് ലാഞ്ചിനെക്കാൾ ചെറുതായിരുന്നതിനാൽ അതിൽനിന്നു വളരെ മുന്നോട്ടു ഓടിക്കയറി. ഏതാണ്ടു് അരമൈയിൽ മുന്നോട്ടുപോയപ്പോൾ മാർഗ്ഗമദ്ധ്യേകിടന്നിരുന്ന എട്ടുപത്തു സ്റ്റീമറുകളെച്ചുററി പോകേണ്ടതായിവന്നു. യൌംഗ് വളരെ പരിഭ്രമിച്ചു. അവൻ കപ്പൽക്കാരെ ശപിച്ചു.

യൌംഗിൻെറ ബോട്ടിൻെറ പേരു് കാമിനി എന്നായിരുന്നു. അവൻ കാമിനിയുംകൊണ്ടു പിറകോട്ടുവന്നു. പോലീസ് ലാഞ്ചു ഇപ്പോഴും പിറകേ

യുണ്ടു്. അതിവേഗം കാമിനിയെ പുറകോട്ടു തിരിച്ചു തുറന്നുവച്ചു ഓടിക്കാൻ തുടങ്ങി. ബോട്ടു തിരിക്കുമ്പോൾ യൌംഗ്, പോലീസ് ലാഞ്ചിൽ എല്ലാവരിലും മുന്നിൽ നിർദ്ദേശം നല്കിക്കൊണ്ടിരുന്ന ഡിക്ടേററീവു മി: മേനോനെ കാണുകയുണ്ടായി. അദ്ദേഹത്തെ കണ്ടയുടൻ അവൻ വെറുപ്പും കോപവും കൊണ്ടു മതിമറന്നു. അദ്ദേഹത്തെയാണു് യൌംഗ് ഈ ലോകത്തിൽ ഏററവും ഭയപ്പെട്ടിരുന്നതു്. അതുവരെ അവൻ കരുതിയിരുന്നതു് അദ്ദേഹത്തിൻെറ കഥ കഴിഞ്ഞുകാണുമെന്നാണു്.

ചെന്നായ് അദ്ദേഹത്തെ കീറിപ്പൊളിച്ചുതിന്നു കാണുമെന്നവൻ ആശിച്ചിരുന്നു. അദ്ദേഹത്തിൻെറ അസ്ഥികൾ ആ കുഴിയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന കാഴ്ചയും അവൻ സ്വപ്നം കണ്ടതാണു്. പക്ഷെ ആ വ്യക്തി അതാ ജീവനോടുകൂടി പോലീസു് ലാഞ്ചിലിരിക്കുന്നു! അവൻ വല്ലാതെ പരിഭ്രമിച്ചു നിരാശപ്പെട്ടു. പക്ഷെ, ഇപ്പോൾ ദുഃഖിക്കാനും കരയാനുമുള്ള അവസരമല്ല. എങ്ങിനെയും ഈ വിപത്തിൽനിന്നു രക്ഷപെടണം, അതാണു ആവശ്യം.

മി: മേനോനു യൌംഗിനെ കാണ്വാൻ സാധിച്ചില്ല. കാമിനിയിൽ ലൈററു് ഇട്ടിട്ടില്ലായിരുന്നു. ഈ പ്രാവശ്യവും പോലീസ് ലാഞ്ചിനു കാമിനിയെ പിടികിട്ടിയില്ല. ചെറുതും കനം കുറഞ്ഞതുമായിരുന്നതിനാൽ യൌംഗിൻെറ ബോട്ടു അതിവേഗം മുന്നോട്ടു ഓടി അന്ധകാരത്തിൽ മറഞ്ഞു. പിന്തുടരുന്നതുകൊണ്ടു പ്രയോജനമില്ലെന്നു കണ്ടപ്പോൾ പോലീസ്‌ലാഞ്ചു പിൻവാങ്ങി.

"ഈ പ്രാവശ്യവും അവൻ രക്ഷപെട്ടു."

"അതെ."—മി: മേനോൻ സമ്മതിച്ചു—"ഇപ്പോഴേയ്ക്കു് അവൻ അവൻെറ താവളത്തിൽ എത്തിക്കാണും. മൂടൽമഞ്ഞും വളരെക്കൂട്ടതലാണു്. ഈ ഇരുട്ടിൽ അവനെ കണ്ടുപിടിക്കാൻ സാദ്ധ്യമല്ല."

"അവൻെറ സങ്കേതം അത്ര ദൂരെയായിരിക്കുമെല്ലല്ലോ."—ഇൻസ്പെക്ടർ ഡിസോസാ പറഞ്ഞു. "എന്നാലും അങ്ങു് പറയുന്നതു് സത്യമാണെന്നു തോന്നുന്നു. അവൻ ഇപ്പോഴേക്കു അവൻെറ മാളത്തിൽ എത്തി ഒളിച്ചുകാണും. ഇനി അവനെ പിടികിട്ടുകയില്ല.

"അല്ല, കാര്യം അങ്ങിനെയല്ല."—മി: മേനോൻ തുടൎന്നു—"മാളം കണ്ടുപിടിക്കാൻ തീൎച്ചയായും സാധിക്കും. പക്ഷേ, ഇപ്പോൾ അവനെ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതു് വെറുതെയാണെന്നാണു് ഞാൻ പറഞ്ഞതിൻെറ അൎത്ഥം. മി: ഡിസോസാ! ഞാൻ വിചാരിച്ചതു് അവൻ സിംഗപ്പൂറിൽനിന്നു മടങ്ങിയെത്തി പഴയസ്ഥലത്തുതന്നെ താമസമാക്കിക്കാണുമെന്നാണു്."

"ഇന്നു് അങ്ങു് സിംഗപ്പൂറിൽനിന്നു മടങ്ങിയെത്തിയതും ഇന്നുതന്നെ യൌംഗിനെ കാണാൻ സാധിച്ചതും ഭാഗ്യംതന്നെ. ദാ, നാം കരയ്ക്കുടുത്തു."

ലോഞ്ചിൽനിന്നിറങ്ങി മി: മേനോൻ താമസസ്ഥലത്തേയ്ക്കു തിരിച്ചപ്പോൾ വഴിയിൽ അദ്ദേഹം ആലോചിച്ചു–"യൌംഗ് സമുദ്രത്തിൽ കഴിച്ചുകൂട്ടുന്നസ്ഥി

തിക്ക് അവന്ന് സുരേശൻനായരുടെ പത്തേമാരിയു മായി എന്തെങ്കിലും ബന്ധം ഇല്ലാതിരിക്കയില്ല. ശ രി, വേഗംതന്നെ ആ കാര്യം കണ്ടുപിടിച്ചുകളയാം."

മി: മേനോൻ അന്നാണ് പത്മനാഭപിള്ളയോ ടും ഗോപകുമാറിനോടുമൊരുമിച്ചു സിംഗപ്പൂറിൽനി ന്ന് എറണാകുളത്തു മടങ്ങിയെത്തിയത്. കുറച്ചുസ മയം വിശ്രമിച്ചതിനുശേഷം ഫീസിങ്ങിൻെറ മരണ ത്തെ സംബന്ധിച്ചു പോലീസുകാർ എന്തെല്ലാം നട പടികളാണു നടത്തിയത്, കേസു തെളിഞ്ഞു കഴി ഞ്ഞോ എന്നെല്ലാമറിയുന്നതിന് അദ്ദേഹം ഇൻസ്പ ക്ടർ ഡിസോസായുടെ സമീപമെത്തിയതാണ്. ഇൻ സ്പക്ടർ കായലിൽ ബീററിൻ ഇറങ്ങാൻ ഭാവിക്കയാ യിരുന്നു. മി: മേനോനും അദ്ദേഹത്തോടൊരുമിച്ചു പോലീസ് ലാഞ്ചിൽ കയറി.

ലോഞ്ചിലിരുന്ന് കുറച്ചുദൂരം പോയപ്പോൾ ഫീ സിങ്ങിൻെറ കൊലയെസംബന്ധിച്ചു വിശേഷിച്ചൊ ന്നും അതുവരെ അറിയാൻ സാധിച്ചില്ലെന്നും നോ ത്ത്ഈസ്റ്റേഷനടുത്ത് ആംഗ്ലോചീനി നടത്തിവന്ന മദ്യ ക്കടയിൽ വേണ്ട അന്വേഷണങ്ങൾ നടത്തിയെങ്കിലും ഒരു രഹസ്യവും പുറത്തായിട്ടില്ലെന്നും മി: ഡിസോ സ മേനോനോടു പറഞ്ഞു.

മി. മേനോൻ താമസസ്ഥലത്തെത്തി ഒരു കപ്പു ചായ കുടിച്ചശേഷം ചാരുകസേരയിലിരുന്നു സിഗ റററു പുകയ്ക്കാൻ തുടങ്ങി. വിശ്രമിച്ചുകൊണ്ടിരിക്കു ന്നതിനിടയ്ക്ക് ഫോണിൻെറ ബെല്ലടിച്ചു. അദ്ദേ

ഹം എഴുന്നേററു ഫോണിൻെറ സമീപമെത്തി. റ സീവർ കയ്യിലെടുത്തു ചെവിയോടടുപ്പിച്ചു പിടിച്ചു.

"ഹല്ലോ!...മി. മേനോൻ തന്നെയോ?" മറുവ ശത്തുനിന്നാരോ ചോദിച്ചു. "ഞാൻ – പത്മനാഭപി ള്ള, "ഹോട്ടൽ താജ് മഹലിൽ നിന്നു സംസാരിക്ക യാണ്."

"അതെ, പറയണം എന്താണുകാര്യം? ഞാൻ— മേനോൻ—തന്നെ സംസാരിക്കുന്നതു്."

എനിക്കു സുരേശനെ സംബന്ധിച്ചും വളരെ വി ഷമം തോന്നുന്നു—അങ്ങെയ്ക്കു അറിയാമായിരുന്നല്ലൊ അവൻ പത്തേമാരിയിലായിരുന്നുവെന്നു്? അതിൻെറ സൂക്ഷിപ്പുകാരൻ മാത്തു ഇപ്പോഠം ഇവിടെ ഉണ്ടു്. ഏതോ തന്നിതാവശ്യത്തിനു രണ്ടു മണിക്കൂർ നേര ത്തേയ്ക്കു അവൻ വെളിയിൽ പോയിരിക്കയായിരു ന്നു. തിരികെ ചെന്നപ്പോഠം സുരേശൻ ബോട്ടിലി ല്ലായിരുന്നു, അവനെ കാണുന്നില്ലല്ലൊ."

മി. മേനോൻെറ മുഖത്തു പല വിചിത്രഭാവ ങ്ങഠം പൊങ്ങിയമന്നു. അദ്ദേഹം മറുപടി പറ ഞ്ഞു—"ഞാൻ ഉടൻ വരുന്നു. മാത്തുവിനെ ഇപ്പോഠം തിരികെ അയക്കരുതു്."

മി. മേനോൻ പെട്ടെന്നു തന്നെ ഡ്രെസ്‌ ചെ യ്തു വെളിയിലിറങ്ങി. ഒരു ടാക്സി പിടിച്ചു താജ് മഹൽ ഹോട്ടലിൽ എത്തിച്ചേർന്നു. പത്മനാഭപിള്ള അദ്ദേഹത്തെ കാണാൻ വെമ്പൽ കൊള്ളുകയായി രുന്നു.

"വളരെ നന്നായി. നിങ്ങഠം വന്നുചേൎന്നല്ലൊ" എഴുന്നേററു മി. മേനോനെ സ്വാഗതംചെയ്തുകൊണ്ടു് അദ്ദേഹം പറഞ്ഞു. "ദാ, മാത്തു ഇവിടെത്തന്നെയുണ്ടു്. എല്ലാം അവനോടു ചോദിച്ചു മനസ്സിലാക്കണം."

മി. മേനോൻ മാത്തുവിനെക്കണ്ടു ആകൃഷ്ടനായി. അവൻ ഒരു സമൎത്ഥനാണെന്നു അദ്ദേഹത്തിനു പെട്ടെന്നു തന്നെ മനസ്സിലായി. അവൻ പറഞ്ഞു— "ഞാൻ തിരികെ പത്തേമാരിയിൽ എത്തിയപ്പോഠം യജമാനനെ കാണാനില്ല. അദ്ദേഹം കരയ്ക്കിറങ്ങിയതായിരിക്കുമെന്നു് ഞാൻ വിചാരിച്ചു. ഒരു മണിക്കൂർ സമയം ഞാൻ അദ്ദേഹത്തെ നോക്കിയിരുന്നു. എന്നിട്ടും കാണാതിരുന്നപ്പോഠം വള്ളത്തിൽ കയറി കരയ്ക്കിറങ്ങി. അതിനുശേഷം അടുത്തുള്ള ഹോട്ടലുകളിൽ പോയി അന്വേഷിച്ചു. ഒരിടത്തും അദ്ദേഹത്തെ കണ്ടുകിട്ടിയില്ല. അദ്ദേഹത്തെ ഇന്നു കരയ്ക്കു കണ്ടവരാരുമില്ല. എനിക്കു സംശയമായി. പോലീസിൽ റിപ്പോർട്ടു ചെയ്യാമെന്നു ആദ്യം ഞാൻ വിചാരിച്ചു. അതിനു ശേഷം വലിയ യജമാനൻ വന്നിട്ടുണ്ടോ എന്നറിയാൻ ഇങ്ങോട്ടു വന്നതാണു്."

"ഭേഷ്! കൊള്ളാം."—മി: മേനോൻ പറഞ്ഞു. "നിങ്ങഠം ചെയ്തതു് വളരെ ഉചിതംതന്നെ. ആകട്ടെ, ഇപ്പോഠം പത്തേമാരിയിൽ വല്ലവരുമുണ്ടോ?"

"ഉണ്ടു്. എൻെറ ഒരു കൂട്ടുകാരനുണ്ടു്, വേലുപ്പിള്ള വളരെ വിശ്വസ്ഥനാണു്."—മാത്തു മറുപടി പറഞ്ഞു.

"ഞാൻ മാത്തുവിനോടൊരുമിച്ച് പത്തേമാരി വരെ പോയി ചില സംഗതികളറിയാൻ ആഗ്രഹിക്കുന്നു. എന്താ, അങ്ങുകൂടി വരുന്നുണ്ടോ?" —മി. മേനോൻ പത്മനാഭപിള്ളയോടു ചോദിച്ചു.

"തീർച്ചയായും" പത്മനാഭപിള്ള തുടർന്നു— ഫോൺചെയ്തു ഞാൻ എൻെറ കാർ കൊണ്ടുവരാൻ പറയാം."

അല്പസമയത്തിനുള്ളിൽ ഒരു റോൾസ്റായിസ് കാർ ഹോട്ടലിൻെറ മുമ്പിൽ വന്നുനിന്നു. മി. മേനോൻ പത്മനാഭപിള്ളയേയും മാത്തുവിനെയും കൂട്ടിക്കൊണ്ടു സമുദ്രതീരത്തേയ്ക്കു കാർ ഓടിച്ചുപോയി. സമുദ്രതീരത്തെത്തി ഒരു വള്ളത്തിൽ കയറി പത്തേമാരിയിലെത്തി.

"മാത്തുപിള്ളേ, ലൈററ് എത്ര കൂട്ടാൻ സാധിക്കുമോ അത്രയും കൂട്ടുതലാക്കു."—മി: മേനോൻ പറഞ്ഞു.

"അങ്ങിനെ തന്നെ, യജമാനനെ. ലക്ഷ്മിയിലുള്ളത്ര ലൈററ് വേറൊരു പത്തേമാരിയിലുമില്ല" അല്പസമയത്തിനുള്ളിൽ ലക്ഷ്മിയിൽ പകൽപോലുള്ള പ്രകാശമുണ്ടായി. പത്തേമാരിയുടെ ഓരോ ഭാഗവും ഇപ്പോൾ ശരിക്കു കാണാം മി: മേനോൻ ഓരോ ഭാഗവും ശ്രദ്ധിച്ചു നോക്കാനാരംഭിച്ചു. ഡക്ക് പരിശോധിക്കുന്നതിനിടയ്ക്കു ഒരു സാധനം അദ്ദേഹത്തിൻെറ ശ്രദ്ധയെ ഹഠാത് ആകർഷിച്ചു. കസേരയുടെ താഴെ ഒരു കഷണം പഞ്ഞികിടക്കുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹം അതു കൈയ്യിലെടു

ത്തു. അതിൽനിന്നു ക്ലോറോഫോമിൻെറ ഗന്ധം പുറപ്പെട്ടുകൊണ്ടിരുന്നു.

"പത്തേമാരിയിൽ വല്ലയിടത്തും ക്ലോറോഫോം വച്ചിട്ടുണ്ടോ?"—മി: മേനോൻ മാത്തുവിനോടു ചോദിച്ചു.

മാത്തു അത്യാശ്ചര്യത്തോടുകൂടി മി: മേനോൻെറ നേരെനോക്കി—"ഇല്ല, സർ. ഇവിടെ ക്ലോറോഫോമിൻെറ ആവശ്യമെന്താണ്?"

"ശരി," മി: മേനോൻ പറഞ്ഞു—"ഞാൻ നിങ്ങൾ പറഞ്ഞതു സമ്മതിക്കുന്നു. ക്ലോറോഫോം ആവശ്യമുള്ളതു് ഡാക്കിട്ടർമാൎക്കോ ഗ്രന്ഥാനോചനാസംഘത്തിൽ പെട്ടവൎക്കോ ആണ്."

മി: മേനോൻ താഴെ ചില കാലടി ചിഹ്നങ്ങളും കണ്ടു. ഒരു കടലാസിൽ അവയുടെ അളവെടുത്തു. അടയാളങ്ങളെല്ലാം ഒരേ വ്യക്തിയുടേതാണ്. പാദചിഹ്നങ്ങളുടെ അളവു എടുത്തതിനു ശേഷം മി: മേനോൻ പോക്കററിൽനിന്ന് ഒരു ഷീററു ബൻടായിക്ക് പേപ്പർ എടുത്തു് ഫൌണ്ടൻ പെൻ ഉപയോഗിച്ചു ആ പാദത്തിൻെറ ഛായയും പകൎത്തി.

"ഇതിൽനിന്ന് നിങ്ങൾ എന്താണ് അനുമാനിക്കുന്നതു്?"—പത്മനാഭപിള്ള ചോദിച്ചു.

"വളരെയൊക്കെ"—മി: മേനോൻ മറുപടി പറഞ്ഞു. "ഒന്നാമതു് ഈ പാദചിഹ്നങ്ങളെല്ലാം ചെരിപ്പും ഷൂസും ധരിക്കാത്ത പാദങ്ങളുടേതാണ്. ഈ പാദചിഹ്നങ്ങൾ ആരുടെയാണോ അയാൾ ധാരാളം

എണ്ണ ഉപയോഗിക്കുന്ന കൂട്ടത്തിലാണ്. അതുകൊണ്ടാണ് ഡക്കിൽ പോലും പാദചിഹ്നങ്ങൾ സ്പഷ്ടമായി പതിഞ്ഞു കാണുന്നതു്."

"അതു് ചീനികളുടെ സ്വഭാവമാണ്. അവരാണ് പാദങ്ങളിൽ ധാരാളം എണ്ണ പുരട്ടുന്നതു്."—പത്മനാഭപിള്ള പറഞ്ഞു—"ഏതോ ചീനി ഈ പത്തേമാരിൽ വന്നിരുന്നു എന്നാണോ നിങ്ങൾ വിചാരിക്കുന്നതു്."

"ഒരാളല്ല, ഒന്നിൽകൂടുതൽ. വന്നിരുന്നതു് ഒരാളായിരുന്നുവെങ്കിൽ അന്യോന്യം ഇടഞ്ഞതിന്റെ ലക്ഷ്യങ്ങൾ ഇവിടെ കാണുമായിരുന്നു. കാര്യം സാധിച്ചുകൊണ്ടുപോകാൻ രണ്ടുപേർ മതിയായിരുന്നുവെങ്കിലും അതിൽകൂടുതലാളുകൾ ഇവിടെ വന്നുകാണും." മി: മേനോൻ പറഞ്ഞു.

"അതായതു്?"—പത്മനാഭപിള്ള ചോദിച്ചു.

"അങ്ങയുടെ മകനെ തട്ടികൊണ്ടുപോകുവാൻ. മാത്രു ഇവിടെ ഇല്ലാതിരുന്ന അവസരത്തിലാണ് അതു നടന്നതു്. മി: സുരേശൻനായരെ വഞ്ചിച്ചതായിരിക്കണം. അവിചാരിതമായി അദ്ദേഹത്തിന്റെ വായിൽ ക്ലോറോഫോമിൽ മുക്കിയ പഞ്ഞിക്കഷണം അമർത്തിക്കാണണം. ആ പഞ്ഞിക്കഷണം വലിച്ചുകീറി ദൂരത്തെറിയാൻ അദ്ദേഹം പരിശ്രമിച്ചു കാണും. ആ ശ്രമത്തിലായിരിക്കണം ഈ കഷണം കസേരയുടെ താഴെ വീണതു്. പക്ഷേ ഒരു ചെറിയ കഷണംമാത്രമേ ഇവിടെ വീണിട്ടൊള്ളൂ. പഞ്ഞിയിൽ പുരണ്ടിരുന്ന ക്ലോറോഫോമിന്റെ ശക്തികൊ

ണ്ടു് അദ്ദേഹം ബോധരഹിതനായിക്കാണും. അങ്ങിനെയായിരിക്കണം അദ്ദേഹത്തെ നിഷ്പ്രയാസം എടുത്തുകൊണ്ടുപോകുവാൻ ശത്രുവിനു സാധിച്ചതു്."

പത്മനാഭപിള്ള കൈ തലയ്ക്കടിച്ചുകൊണ്ടുപറഞ്ഞു—"യൌംഗ് പിന്നെയും എത്തിയോ?" അദ്ദേഹം തുടൻ—"സിംഗപ്പൂറിൽനിന്നു മടങ്ങിയെത്തിയശേഷം വീണ്ടും തെമ്മാടിത്തരം ആരംഭിച്ചിരിക്കയാണു്. രണ്ടു മണിക്കൂറിനു മുമ്പു് നിങ്ങൾ കണ്ട മോട്ടോർബോട്ടിൽ തന്നെയായിരിക്കണം അവനെ തട്ടിക്കൊണ്ടുപോയതു്."

മി: മേനോൻ പത്മനാഭപിള്ള പറഞ്ഞതിനൊന്നിനും ഒരു മറുപടിയും പറഞ്ഞില്ല. അദ്ദേഹം അത്യാഗാധമായ ചിന്തയിലാണ്ടു് ഏതോ പരിണാമത്തിലെത്താൻ ശ്രമിക്കയായിരുന്നു.

*　　*　　*　　*

പോലീസ് ലാഞ്ചിനെ കബളിപ്പിച്ചു് ഒരു ഭാഗത്തേയ്ക്കു കാമിനി കടന്നു കളഞ്ഞല്ലോ. തീരത്തുനിന്നു കുറച്ചു ദൂരം മുന്നോട്ടു പോയശേഷം തിരികെ ബോട്ടു ഓടിച്ചുകൊണ്ടുവന്നു് വില്ലിംഗ്ടൺ ദ്വീപു ചുററി റയിൽവേപാലത്തിന്നടിയിൽക്കൂടി തെക്കോട്ടു കടന്നു കിഴക്കേ കരയ്ക്കു് ആൾപാർപ്പധികമില്ലാത്ത ഒരു ഭാഗത്തു് അടുത്തു. യൌംഗും ഫാങും ചേൎന്നു് സുരേശൻനായരെ താങ്ങി ബോട്ടിൽനിന്നു വെളിയിലിറക്കി. അതിനുശേഷം ആളുകൾക്കു എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കാത്ത ഒരു ഭാഗത്തു ബോട്ടു

കെട്ടിയതിന്നശേഷം യെഔംഗ് അവരുടെ അടുക്കൽ തിരിച്ചെത്തി.

അവർ സുരേശനെയും കൊണ്ടു അല്പദൂരം മുന്നോട്ടു നടന്നു. ഒരു ഇടിഞ്ഞുപൊളിഞ്ഞ ഭിത്തിയുടെ അരികിൽ അവർ എത്തി. അതിൻെറ ഒരു ഭാഗത്തുണ്ടായിരുന്ന ഒരു പഴയ വാതല് യെഔംഗ് തുറന്നു. മൂന്നുപേരും അതിൽ പ്രവേശിച്ചു. ആ വാതല് ഒരു തുരങ്കത്തിലേക്കുള്ളതാണ്. മൂന്നുപേരും കനിഞ്ഞു അതിനുള്ളിൽ കടന്നു. ഏകദേശം ഇരുനൂറുഗജം നീളത്തിലുള്ള ആ തുരങ്കം കടന്നു വേറൊരു വാതുക്കൽ അവർ എത്തിച്ചേൎന്നു. ആ വാതലും ഒരു കെട്ടിടത്തിലേക്കുള്ളതാണ്. അവർ ആ കെട്ടിടത്തിനകത്തെത്തി.

സുരേശൻനായരെ അവർ ഒരു മുറിയിൽ കിടത്തി. അല്പസമയത്തിന്നശേഷം അദ്ദേഹം കണ്ണു തുറന്നു ചുററിനും നോക്കിക്കൊണ്ടു ചോദിച്ചു—"ഞാൻ എവിടെയാണു്?" അദ്ദേഹത്തിന്ന് പത്തേമാരിയിൽ വച്ചു നടന്ന സംഭവങ്ങൾ ഓൎമ്മവന്നു.

യെഔംഗ് പുഞ്ചിരിച്ചുകൊണ്ടു മുന്നോട്ടു നീങ്ങി മിണ്ടാതെ നിന്നു. അവനെ കണ്ടയുടൻ സുരേശൻനായർ കോപം കൊണ്ടു നിറഞ്ഞു— "ദുഷ്ടൻ! തെമ്മാടി! നീ എന്നെ ഇവിടെ കൊണ്ടുവന്നു ബന്ധനത്തിലാക്കിയിരിക്കയാണെന്നു തോന്നുന്നു"— അദ്ദേഹം തുടൎന്നു—"എന്നെ എന്തു ചെയ്യാനാണു് ഭാവിക്കുന്നതു്?"

യൌംഗ് പൊട്ടിച്ചിരിച്ചു.—"നിങ്ങളുടെ അ ഛൻ അഞ്ചു ലക്ഷം രൂപാ എന്നെ ഏല്പിച്ചു നിങ്ങളെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടന്നിടം വരെ നിങ്ങൾ എൻെറ മാന്യാതിഥിയായിരിക്കുന്നതാണ്."

★

## 7

## ഗോപകുമാർ തീജ്വാലയിൽ എരിയുന്നു.

സുരേശൻനായരെ തട്ടിക്കൊണ്ടു പോയതിൻെറ പിറേറ ദിവസമാണ്. സന്ധ്യ കഴിഞ്ഞു. ഗോപകുമാർ തൻെറ മുറിയിൽ അസ്വസ്ഥനായി കിടക്കുകയാണ്. കാലിനു പററിയ മുറിവു കാരണം നടക്കാൻ പോലും തനിക്കു നിവ്വാഹമില്ലല്ലോയെന്നും മാസ്റ്റർ, യൌംഗിനെ പിടിക്കാൻ വിഷമിക്കയാണെല്ലോയെന്നും അദ്ദേഹം വിചാരിച്ചു വിഷമിച്ചു. യൌംഗിനോടെതിരിടാനുള്ള ആരോഗ്യവും ശക്തിയും അദ്ദേഹത്തിനു കിട്ടിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു! അദ്ദേഹം പശ്ചാത്തപിക്കയാണ്. സിംഗപ്പൂരിൽനിന്നു തിരികെ വരുന്ന വഴി കപ്പലിൽവച്ചു നടന്ന ഹാക്കിയിൽ പങ്കെടുക്കേണ്ട ആവശ്യമില്ലായിരുന്നു. ആ മാച്ചു കളിക്കാൻ പോയില്ലായിരു

ന്നുവെങ്കിൽ കാൽ മുട്ടിന് ഈ പരുക്ക് പററുമായിരുന്നോ!

ഇപ്പോൾ മുടന്താതെ നടക്കാം. പക്ഷേ കാലിന്നു വേണ്ടത്ര ബലം കിട്ടിയിട്ടില്ല. ഇന്നു അതിരാവിലെ പോയതാണ്, മാസ്റ്റർ. അദ്ദേഹം ഇതുവരെ മടങ്ങി വന്നിട്ടില്ല. എന്തു സംഭവിച്ചുവെന്ന് ഒരു നിശ്ചയവുമില്ല. പത്മനാഭപിള്ളയ്ക്കു ഫോൺ ചെയ്തു അന്വേഷിച്ചാലെന്ത്? എന്തെങ്കിലും പുതിയ സംഗതി അദ്ദേഹത്തിന്നു അറിവു കിട്ടിക്കാണും. അദ്ദേഹം എഴുന്നേററു ഫോണിൻെറ സമീപമെത്തി താജ്മഹൽ ഹോട്ടലിലേക്കു ഫോൺ ചെയ്തു—

“ദാ, ഞാൻ അദ്ദേഹത്തിൻെറ മുറിയിലേക്കു കണക്ഷൻ കൊടുക്കുന്നു. സംസാരിച്ചുകൊള്ളണം.”— ഹോട്ടലിലെ ക്ലാർക്ക് മറുവശത്തുനിന്നു പറഞ്ഞു.

അല്പസമയത്തിന്നുള്ളിൽ കോടിപ്രഭുവായ പത്മനാഭപിള്ള ഫോണിൽ സംസാരിക്കാൻ തുടങ്ങി—

“ഹല്ലോ! ആരാണത്?”

“ഗോപകുമാർ.”— ചെറുപ്പക്കാരനായ ഗോപകുമാർ പെട്ടെന്നു മറുപടി പറഞ്ഞു—“ഞാൻ അങ്ങയെ—” ഒരു പരുപരുത്ത ശബ്ദം ഗോപകുമാറിൻെറ ചെവിയിൽ പതിഞ്ഞു. മറുവശത്തുനിന്നുള്ള ശബ്ദം നിലച്ചു...ആരോ കണക്ഷൻ മുറിച്ചെന്നു തോന്നുന്നു.

“എൻെറ ഈശ്വരാ! എന്താണ് സംഭവം?” ഗോപകുമാർ തന്നത്താൻ പറഞ്ഞു. വീണ്ടും ഫോ

ണിൽ വിളിച്ചുനോക്കി. ഒരു ശബ്ദവുമില്ല.— "അവിചാരിതമായി എന്തോ കുഴപ്പമുണ്ടായതാണു്. ഒന്നു് അന്വേഷിച്ചു കളയാം."—ഗോപകുമാർ പതുക്കെ പറഞ്ഞു.

അദ്ദേഹം പെട്ടന്നു കോട്ടു ധരിച്ചു. റോഡിലെത്തി ഒരു ടാക്സി വിളിച്ചു അതിൽ കയറി. ടാക്സി താജ് മഹലിലേയ്ക്കു് ഓടിപ്പോയി.

*          *          *          *

അന്തസ്സും ആഭിജാത്യവുമുള്ളതെന്നുതോന്നിക്കുന്ന ഒരു വ്യക്തി താജ്മഹൽ ഹോട്ടലിലെ ഹാളിൽ പ്രവേശിച്ചു. കയറുപായ് വിരിച്ചിട്ടുള്ള പടികളിൽ കൂടി മറ്റൊന്നും ശ്രദ്ധിക്കാതെ അയാൾ മേൽപ്പോട്ടുകയറി രണ്ടാമത്തെ നിലയിലുള്ള 37-ാംനമ്പ്ര മുറിയുടെ വാതുക്കൽ ചെന്നു നിന്നു. പതുക്കെ വാതൽ തുറന്നു് അയാൾ ഉള്ളിൽ പ്രവേശിച്ചു.

മുറിക്കുള്ളിൽ തനിച്ചു കഴിച്ചുകൂട്ടുന്ന ആ താമസക്കാരനെ നോക്കി അയാൾ പുഞ്ചിരിച്ചു. അതു പത്മനാഭപിള്ളയുടെ മുറിയായിരുന്നു. അദ്ദേഹം ഫോണിന്റെ സമീപംനിന്നു് ആരോടോ സംസാരിക്കയായിരുന്നു.

മുറിക്കുള്ളിൽ കയറിയ ഉടൻ ആ വ്യക്തി വാതലടച്ചു സാക്ഷയിട്ടു. നിലക്കണ്ണാടിയിൽ പത്മനാഭപിള്ള മുറിയിൽ പ്രവേശിച്ച ആളിന്റെ രൂപം കണ്ടു. ഒരു ശകാരത്തോടു കൂടി അദ്ദേഹം തിരിഞ്ഞു.

"എന്താ സർ, സുഖം തന്നെയല്ലേ?" ആംഗ്ലോചീനിയുടെ മധുരസ്വരം മുറിയിൽ മുഴങ്ങി—"എന്റെ

ഭാഗ്യം കൊണ്ടാണ് അങ്ങയെ ഇവിടെ വച്ചു കാണാൻ സാധിച്ചത്. കൊണ്ടുവരണം, ഇങ്ങോട്ടു തരണം"

ആശ്ചര്യവും കോപവും കൊണ്ടു മതിമറന്ന കോടിപ്രഭുവിൻെറ കൈയ്യിൽ നിന്നു ടെലിഫോൺ വാങ്ങി അയാാം സ്റ്റാൻഡിൽ തൂക്കിയിട്ടു.

"എന്തെടാ തെമ്മാടീ ഇത്? പോക്കിരി!" പത്മനാഭപിള്ള കോപാവേശനായി ആക്രോശിച്ചു. "ഇവിടെ വരാനുള്ള സാഹസം നിനക്കെങ്ങനെ ഉണ്ടായി?"

യൌംഗ് പൊട്ടിച്ചിരിച്ചു—"ഞാൻ തനിച്ചു ചെയ്യാനാഗ്രഹിക്കുന്നതു ചെയ്തുതീക്കാനുള്ള സാഹസം എനിക്കുണ്ടു്. അങ്ങ് വലിയ ധൈര്യശാലിയാണല്ലൊ. ധൈര്യത്തിൻെറ അത്ഥം അങ്ങയ്ക്കു് ശരിക്കറിയാമല്ലോ. അങ്ങയുടെ കൊള്ളരുതാത്ത ധൈര്യമല്ലേ അങ്ങയെ കോടിപ്രഭുവാക്കിത്തീത്തിരിക്കുന്നത്. അങ്ങയുടെ ധൈര്യം അതിനുള്ളതാണ്."

"നിൻെറ ധൈര്യം നിന്നെ മരണത്തിൻെറ മടിയിലേയ്ക്കു വലിച്ചു കൊണ്ടുപോകുമെന്നതിൽ സംശയമില്ല—"കോടിപ്രഭു കോപാന്ധനായി— "നീ—നിൻെറ തല തിരിഞ്ഞുപോയി. ഈ മുറിയിൽ കാൽ വച്ചതോടു കൂടി നീ മരണത്തിൻെറ സമീപമെത്തി കഴിഞ്ഞുവെന്ന് ഒരു പക്ഷെ നിനക്കറിഞ്ഞു കൂടായിരിക്കാം."

"അങ്ങയുടെ വിചാരം തെററാണ്. ഇവിടെ ഞാൻ ഏററവും സുരക്ഷിതനാണ്."

"അങ്ങിനെയാണോ നീ ധരിച്ചിരിക്കുന്നതു്?" —പത്മനാഭപിള്ള ചോദിച്ചു—"അങ്ങിനെയൊ വിശ്വസിക്കുന്നതു്?"

"അതെ, അങ്ങയുടെ പുത്രൻ എൻെറ സങ്കേതത്തിൽ ബന്ധനസ്ഥനായിരിക്കുന്നിടംവരെ എനിക്കൊന്നും ഭയപ്പെടാനില്ല. ഒരു നിശ്ചിത സമയത്തിനുള്ളിൽ ഞാൻ തിരികെ എത്തിയില്ലെങ്കിൽ എന്താണു് ചെയ്യേണ്ടതെന്നു് എൻെറ സഹപ്രവർത്തകന്നു് വേണ്ട നിർദ്ദേശം നല്കിയശേഷമാണു് ഇങ്ങോട്ടു പോന്നിട്ടുള്ളതു്. അങ്ങയുടെ പുത്രനു് മരിക്കേണ്ടതായിവരും. സാധാരണ മരണവുമായിരിക്കയില്ല, അതു്. എൻെറ കൂട്ടുകാരൻ ഫാങ്ങിന്നു കൊല്ലുന്നതിന്നുള്ള അനേക ചീനരീതികളറിയാം."

"നീ പറയുന്നതിൻെറ ഉദ്ദേശം ഞാൻ മനസ്സിലാക്കുന്നുണ്ടു്"—അത്യന്തം ദുഃഖിതനും പരവശനുമെങ്കിലും ദുഃഖവും പാരവശ്യവും നിയന്ത്രിച്ചുകൊണ്ടു ശാന്തചിത്തനെപ്പോലെ അദ്ദേഹം പറഞ്ഞു—"ഞാൻ നിൻെറ ഭീഷണിക്കു വശംവദനാകുമെന്നും എൻെറ പക്കൽനിന്നു് എൻെറ പുത്രൻെറ വില യാചിച്ചുകൊണ്ടു പോകാമെന്നുമായിരിക്കും നിൻെറ ഉദ്ദേശം?"

"യാചിക്കാനല്ല വന്നിരിക്കുന്നതു്. വാങ്ങാനാണു്, ഈടാക്കാനാണു്."—യൌംഗ് അശ്രദ്ധനായിമറുപടിപറഞ്ഞു— "തരാതെ വേറൊരുപായവുമില്ല. നിങ്ങളുടെ പുത്രനെ ഒരു കൊലപ്പുള്ളിയുടെ നിലയിൽ കഴുകിലേററുന്നതു കാണാൻ തീച്ചയായും നിങ്ങൾ

ആഗ്രഹിക്കയില്ല. ഹീസിങ്ങിനെ കൊന്നതു് നിങ്ങളുടെ മകനാണെന്നു് നിങ്ങൾക്കറിയാമല്ലോ?"

"അല്ല."—പത്മനാഭപിള്ള യൌംഗിൻെറ നേരെ വിരൽ ചൂണ്ടിക്കൊണ്ടു പറഞ്ഞു—"അവനെ കൊന്നതു് സുരേശനല്ല. നീയാണു് അവനെ വെടിവച്ചതു്."

"നിങ്ങൾ ഇങ്ങിനെ പറയുന്നതു വെറും സ്വാഭാവികം മാത്രമാണു്."—യൌംഗ് തുടൎന്നു—"ദൗർഭാഗ്യം കാരണം നിങ്ങൾ വഞ്ചനയിൽ പെട്ടിരിക്കയാണു്. കേൾക്കണം, സർ. ഞാൻ മിണ്ടാതിരിക്കാൻ വേണ്ടി നിങ്ങളുടെ മകൻ എനിക്കു് മുപ്പതിനായിരം രൂപ തന്നിട്ടുണ്ടു്. ഇരുപതിനായിരം ഇവിടെവച്ചു തന്നെ തരികയും ബാക്കി കൊളമ്പിൽനിന്നു് അയച്ചുതരികയും ചെയ്തു. നോക്കണം, പണത്തിൻെറകൂടെ നിങ്ങളുടെ മകൻ അയച്ചുതന്ന എഴുത്താണു് ഇതു്."

അനന്തരം യൌംഗ് ഒരെഴുത്തു് പത്മനാഭപിള്ളയെ കാണിച്ചു. എഴുത്തു അദ്ദേഹത്തിൻെറ കൈയ്യിൽ കൊടുത്തില്ലെങ്കിലും അദ്ദേഹത്തിനതു് ശരിക്കു വായിക്കാൻ സാധിച്ചു. യൌംഗിൻെറ കണ്ണുകൾ സൎപ്പത്തിൻെറ കണ്ണുകൾപോലെ തിളങ്ങി. എഴുത്തു വായിച്ചു കഴിഞ്ഞപ്പോൾ പത്മനാഭപിള്ളയുടെ മുഖത്തു അനേകം ചിന്താരേഖകൾ ഉദയംചെയ്തു.

"ഇപ്പോഴും നിങ്ങൾക്കു് സംശയമുണ്ടോ?"—ഞെട്ടി തലതാഴ്ത്തിയതിനെത്തുടൎന്നു് യൌംഗ് അദ്ദേഹത്തോടു ചോദിച്ചു.

പത്മനാഭപിള്ള തലയുയർത്തി. അദ്ദേഹത്തിന്റെ മുഖഭാവം മാറിയിരുന്നു. എഴുത്തു വായിച്ചു കാര്യം മനസ്സിലായപ്പോൾ അദ്ദേഹത്തിന് വളരെയധികം ദുഃഖമുണ്ടായി.

"ആ എഴുത്തിനുപകരം നിങ്ങൾ എത്ര രൂപായാണ് ആവശ്യപ്പെടുന്നതു്?"-പത്മനാഭപിള്ള ചോദിച്ചു.

മറുപടിപറയുന്നതിനുമുൻപ് യൌംഗ് ആ എഴുത്ത് മടക്കി തന്റെ പോക്കററിൽ സൂക്ഷിച്ചു. അതിനുശേഷം പറഞ്ഞു—

"നിങ്ങൾക്ക് ഈ എഴുത്ത് വേണമെങ്കിൽ അഞ്ചുലക്ഷം രൂപാ തരേണ്ടതായിവരും."

യാതൊരുവിധമായ ആശ്ചര്യവും പ്രകടിപ്പിക്കാതെ പത്മനാഭപിള്ള പറഞ്ഞു—"നിനക്ക് തൃപ്തിയാകുമോ?"

"തീർച്ചയായും"—യൌംഗ് മറുപടിപറഞ്ഞു—"അതുകൊണ്ടു നിങ്ങൾക്കൊരു നഷ്ടവും വരാനില്ല. ഒരു വർഷത്തിനുള്ളിൽ നിങ്ങൾക്കു അത്രയും തുകയുണ്ടാക്കാൻ സാധിക്കുമല്ലോ. ഇപ്പോൾ നിങ്ങളുടെ മകനെ തിരികെ കിട്ടുകയും ചെയ്യും. താൻ കാണിച്ച മാത്തരത്തിന്റെ ഭയങ്കരമായ ദുഷ്പരിണാമത്തിൽനിന്നു മകനു രക്ഷയും കിട്ടും."

കോടിപ്രഭുവിന്റെ വായിൽനിന്ന് ഒരു ഭയങ്കരമായ ചിരി പൊട്ടിപ്പുറപ്പെട്ടു.—"ദുഷ്പരിണാമവും മാത്തരവും!—കൊലയുടെ പരിഭാഷ നിന്റെ വിഷ

ണ്ഡുവിലുള്ളതു് ഇങ്ങിനെയാണോ? എടാ, നാറിപ്പ
ട്ടീ! വഞ്ചക! നീ വിചാരിക്കുന്നതു് എൻെറ മകൻ
കൊലനടത്തിയെന്ന് തെളിഞ്ഞുകഴിഞ്ഞാൽ പിന്നെ
യും ഞാൻ അവൻെറ മുഖത്തു നോക്കുമെന്നായിരി
ക്കും? അപ്പോഠം ഞാൻ എന്തുചെയ്യുമെന്നു് നിനക്ക
റിയാമോ? ഒരു ചില്ലിക്കാശു പിന്നീട്ട് ഞാൻ അ
വനുകൊടുക്കുകയില്ല. അവനെ വീട്ടിൽനിന്നു് ഞാൻ
അടിച്ചിറക്കും. തന്തയില്ലാത്ത തെണ്ടിയെപ്പോലെ പ
ട്ടിണികിടന്നു പൊരിഞ്ഞു നീറിച്ചാകുമവൻ! മനസ്സി
ലായോ?"

യൌംഗിൻെറ മുഖത്തു് ഒരു ക്രൂരമായ പുഞ്ചിരി
ചിതറി. അവൻ എഴുന്നേററു—

"എൻെറ ക്ഷമ നശിക്കാൻ ഭാവിക്കയാണു്"—
അവൻ പറഞ്ഞു—"നിങ്ങഠം എന്താണു തീരുമാനി
ച്ചതു്?"

"ഒന്നും തീരുമാനിച്ചില്ല."—പത്മനാഭപിള്ളയു
ടെ ശബ്ദം സ്പഷ്ടവും ദൃഢവുമായിരുന്നു.—"ഒന്നും
തീരുമാനിച്ചില്ല"—അദ്ദേഹം ആവത്തിച്ചു—"ഞാൻ
ഒരു പൈപോലും നിനക്കു തരികയില്ല."

യൌംഗിൻെറ മുഖം ക്രോധംകൊണ്ടു ചുവന്നു
പെട്ടെന്ന് ആരോ വെളിയിൽനിന്നു് വാതല്ല വെട്ടി
പ്പൊളിക്കാൻ തുടങ്ങി. യൌംഗിനെ സംബന്ധിച്ചി
ടത്തോളം അതു മരണത്തിൻെറ സന്ദേശമായിരുന്നു.
ചെന്നായുടെ സാമത്ഥ്യത്തോടുകൂടി അവൻ പത്മ
നാഭപിള്ളയെ തള്ളിമാററിക്കൊണ്ടു ടെറസ്സിലേക്കു

തുറന്നുകിടന്നിരുന്ന വാതലിലൂടെ ഓടി താഴെ ചാടി രക്ഷപ്പെടാൻ ആ ഭാഗത്തേക്കു പാഞ്ഞു.

മേശപ്പുറത്തിരുന്ന ഭാരിച്ച ഓട്ടു ഫ്ളൗവർവേസ് എടുത്തു പത്മനാഭപിള്ള ശക്തിയായി യൌംഗിനെ ലക്ഷ്യമാക്കി എറിഞ്ഞു. ഫ്ളൗവർവേസ് അവന്റെ തോളിൽ ചെന്നു കൊണ്ടു. അവൻ മൂക്കടിച്ചു നിലം പതിച്ചു. പത്മനാഭപിള്ള പെട്ടെന്നു വാതിൽ തുറന്നു. വാതലിനു വെളിയിൽ വരാന്തയിൽ ഗോപകുമാറും ഹോട്ടൽമാനേജരും നിന്നിരുന്നു.

"എന്താണു സംഭവം?"—ഗോപകുമാർ ചോദിച്ചു. പത്മനാഭപിള്ള തിരിഞ്ഞു യൌംഗ് ഏറു കൊണ്ടു വീണ ഭാഗത്തേയ്ക്കു ചൂണ്ടിക്കാണിച്ചു—"അയ്യോ അവൻ കടന്നു കളഞ്ഞല്ലൊ!" അദ്ദേഹം നിലവിളിച്ചു—"യൌംഗ് ആയിരുന്നു അതു്."

ഗോപകുമാർ അദ്ദേഹത്തെ ഒരു ഭാഗത്തേയ്ക്കു് നീക്കിനിറുത്തിയ ശേഷം ടെറസ്സിലേക്കു കുതിച്ചു. ഓ, അവൻ ടെറസ്സിൻ്റെ വക്കിൽ കൈകൾ പിടിച്ചു ശരീരവും കാലുകളും താഴേക്കു തൂക്കി, കാലുകൾ കൊണ്ടു തൂണുകളിലൊന്നു് തപ്പിപ്പിടിച്ചു് ഇഴഞ്ഞു കീഴ്പോട്ടിറങ്ങുന്നു.

"ഓഹോ! ജിംനാസ്റ്റിക്ക് ആരംഭിച്ചിരിക്കയാണു്"—ഗോപകുമാർ തന്നത്താൻ പറഞ്ഞു—"കാലുകൾ ചതിക്കാതിരുന്നാൽ ഭാഗ്യം"

ഒരാൾ പൊക്കത്തിൽ നിന്നു തന്നെ യൌംഗ് ചാടി താഴെവീണു. ഗോപകുമാർ യൌംഗിനെ അനുകരിച്ചു. അദ്ദേഹം താഴെ എത്തിയപ്പോഴേക്കു്

യൌംഗ് ഇടനാഴി കടന്ന് റോഡിലെത്തിക്കഴിഞ്ഞു. ഗോപകുമാർ വായുവേഗത്തിൽ പുറകെ എത്തി. പക്ഷെ യൌംഗ് ഏകദേശം അമ്പതു ഗജം മുന്നിലാണ്. അയാളുടെ ഭാഗ്യം കൊണ്ട് ഒരു ഒഴിഞ്ഞ ടാക്സി അതുവഴി വന്നു. അതിൽ കയറി അയാൾ വായുവേഗത്തിൽ ഓടിച്ചുപോയി. യൌംഗ് പോക്കററിൽ നിന്നു ധാരാളം നോട്ടുകൾ എടുത്തു ഡ്രൈവറുടെ മടിയിലിട്ടുകൊണ്ടു പറഞ്ഞു—

"എത്രയും വേഗം എന്നെ തേവര ജംഗഷനിലെത്തിക്കണം." കാറിനുള്ളിൽ അവൻ സീററിനോട് ചേർന്നു കിടന്നു. അവൻ വിചാരിച്ചതു് താൻ കാറിൽ കയറുന്നതും ഓടിച്ചുപോകുന്നതും ആരും കണ്ടില്ലെന്നാണ്. തൻെറ ജീവിതത്തിൽ ഇങ്ങനെയുള്ള എത്രയോ സന്ദർഭങ്ങളാണുണ്ടായിട്ടുള്ളതും അവയിൽ നിന്നെല്ലാം രക്ഷപെട്ടിട്ടുള്ളതും. ഇന്നും അവൻ അങ്ങിനെ തന്നെ ആശിച്ചുകാണും.

പക്ഷെ ഒരു പയ്യൻ ഹോട്ടൽ മുതൽ തന്നെ അവനെ പിന്തുടരുന്നുണ്ടെന്നു് അവൻ അറിഞ്ഞില്ല. അപ്പോഴും മി. മേനോൻെറ ശിഷ്യപ്പയ്യൻ, ഗോപകുമാർ, സാവധാനമോടുന്ന കാറുകളുടെയും ബസ്സുകളുടെയും പിറകിൽ ചാടിക്കയറി കുരങ്ങുകളിക്കുന്ന ബസ്സ് സ്റ്റാൻഡിലെ പയ്യൻമാരെപ്പോലെ, ടാക്സിയുടെ പുറകിൽ പററിപ്പിടിച്ചിരിക്കുന്നുണ്ടായിരുന്നു.

തേവര ജംക്ഷൻ കഴിഞ്ഞു ടാക്സി നിന്നു. ഗോപകുമാർ ടാക്സിയുടെ പിൻഭാഗത്തുനിന്നിറങ്ങി ഒരു വശത്തേയ്ക്കു മാറി. യൌംഗ് താഴെ ഇറങ്ങി

അയാളുടെ പിറകേ ഗോപകുമാറും തിരിച്ചു. അദ്ദേഹം തന്നെത്താൻ പറഞ്ഞു.—

"ആദ്യത്തെ പ്രാവശ്യവും ഇവൻ ഈ വഴിക്കാണു വന്നതു്. പഴയ സങ്കേതത്തിലേയ്ക്കു് പോകാൻ ശ്രമിക്കയാണു്. ഇപ്പോഴും ഇവൻ പഴയസ്ഥാനത്തു തന്നെയാണു് താമസിക്കുന്നതെന്നാണു് മാസ്റ്റർ വിശ്വസിക്കുന്നതു്. ഇവന്റെ സങ്കേതത്തിനു പല ഭാഗങ്ങളും അങ്ങോട്ടു പോകുവാൻ പല വഴികളുമുണ്ടെന്നു് തോന്നുന്നു."

ഗോപകുമാറിന്റെ ഊഹം ശരിയായിരുന്നു. യൌംഗ് പഴയ ഇടുങ്ങിയതും ഇരുട്ടു നിറഞ്ഞതുമായ ഇടവഴിയിൽ പ്രവേശിച്ചു. അവിടെ ഇതിനുമുൻപു ഒരു പ്രാവശ്യം അദ്ദേഹം വന്നിട്ടുള്ളതാണു്. ഗോപകുമാർ തന്റെ ഷൂസുകളൂരി കൈയ്യിൽ പിടിച്ചു. നടക്കുന്ന ശബ്ദം കേൾക്കാതിരിക്കാനാണു്.

ഒരു ലൈററു പ്രകാശിച്ചു, അണഞ്ഞു. വീണ്ടും പ്രകാശിച്ചു, അണഞ്ഞു.

"തെമ്മാടി ആർക്കോ നിർദ്ദേശം നൽകുകയാണു്"—ഗോപകുമാർ തന്നെത്താൻ പറഞ്ഞു.— "പക്ഷെ ആർക്കാണു്? മുൻപിൽ വെറും ഭിത്തിയാണല്ലോ."

അനന്തരം വിചിത്രരീതിയിലുള്ള ഒരു ശബ്ദം അദ്ദേഹം കേട്ടു. ഏതോ സാധനം കുറച്ചകലെ തറയിൽ വന്നു വീണു. ഗോപകുമാർ പതുങ്ങിപ്പതുങ്ങി അല്പംകൂടി മുന്നോട്ടു നീങ്ങി. ഭിത്തിയുടെ മുകളിൽ വെളിച്ചം വ്യാപിച്ചു. സിംഗപ്പൂരിലെ മത്സ്യക്ക

ടയിൽ കുടിയാന്മാരുടെ മുൻപിൽ കണ്ട വെളിച്ചം പോലെയുള്ള വെളിച്ചം. ആ ചെറിയ വിളക്ക് ഒരു ചീനി ഇടതു കൈയ്യിൽ പിടിച്ചിരിക്കയാണ്. അവൻെറ വലതു കൈയ്യിൽ നിന്ന് കയററു കോവേണി കീഴ്പ്പോട്ടു തൂങ്ങിക്കിടന്നിരുന്നു. മുകൾ ഭാഗം ഭിത്തിയോടു ചേർത്ത് ശക്തിയായി പിടിച്ചു കഴിഞ്ഞപ്പോൾ യൌംഗ് അതുവഴി മേല്പോട്ടു കയറി.

അവൻ പെട്ടന്നു മുകളിൽ കയറിക്കഴിഞ്ഞു. കോവേണി മേല്പോട്ടു വലിച്ചെടുക്കുകയും ചെയ്തു. ആ രണ്ടു ചീനികളും മുകളിൽ അന്ധകാരത്തിൽ മറഞ്ഞു.

"ഇതൊരു വിചിത്രമായ സാഹചര്യംതന്നെ"— ഗോപകുമാർ തന്നത്താൻ പറഞ്ഞു—"ആ തെമ്മാടി ഞാൻ ഇവിടെ നിൽക്കുന്നതു കണ്ടാൽ ചിരിക്കും. പക്ഷേ ഇവിടെ നിന്നിട്ടു വേണമെല്ലോ ചിരിക്കാൻ. ഞാൻ ഭിത്തിയിൽ കയറാൻ പോകയാണ്.

ഗോപകുമാർ പോക്കററിൽനിന്ന് നീളമുള്ള മൂന്ന് ആണികളെടുത്തു. താക്കോൽക്കൂട്ടവും, കത്തിയും, ടാർച്ചും, ആണികളും ഒരു പിസ്റ്റൌലും സദാ ഗോപകുമാറിൻെറ പോക്കററിൽ ഉണ്ടായിരിക്കും. ഡിക്ടേററീവു പ്രവൎത്തനത്തിനു ഈ സാധനങ്ങൾ അത്യന്താപേക്ഷിതമാണ്.

ഭിത്തിയിൽ ആണി തറച്ച് അതിൻെറ സഹായത്തോടുകൂടി ഗോപകുമാർ ഭിത്തിയുടെ മുകളിൽ കയറി. ഭിത്തിയുടെ മുകളിൽ കമഴ്ന്നു കിടന്ന് അദ്ദേഹം മറുവശത്തേയ്ക്കു എത്തിനോക്കി. മറുവശത്തു ഘോരാന്ധകാരമാണ്. അദ്ദേഹം ഇഴഞ്ഞു മുന്നോ

ട്ടു നീങ്ങി. അൽപ്പംകൂടി മുന്നോട്ടുനീങ്ങി. ഭിത്തിയിൽ ഒരു കുററിയടിച്ചിട്ടുണ്ടു്. "ഓഹോ! ഈ കുററിയിൽ കെട്ടികൊണ്ടാണു് ആ കയററു കോവേണി തൂക്കിയിട്ടതു്!" അദ്ദേഹം വിചാരിച്ചു. "അവർ ആ കോവേണി ഇവിടെ ഇട്ടിട്ടുപോയിരുന്നെങ്കിൽ നന്നായിരുന്നു. പക്ഷേ, അതുകൊണ്ടു ഞാൻ തോല്ക്കാൻ പോകുന്നില്ല. "അദ്ദേഹം രണ്ടു കൈകളുംകൊണ്ടു് ആ കുററിയിൽ പിടിച്ചു ഭിത്തയോടു ചേൎന്നു് കീഴ്പ്പോട്ടു തൂങ്ങുകയും അതിനുശേഷം കുററിയിൽ നിന്നു് കൈകൾ വിട്ടു ചാടി താഴെ നില്ക്കുകയും ചെയ്തു.

താഴെ ചാടി വീഴാൻ പറയത്തക്ക വിഷമമൊന്നുമുണ്ടായില്ല. മറുവശത്തുള്ള തറ കട്ടപ്പുമുള്ളതായിരുന്നില്ല. അദ്ദേഹത്തിൻെറ കാലുകൾ മുട്ടുവരെ ചെളിയിൽ താഴ്ന്നുപോയി. ചെളിമണ്ണിൻെറ ഗന്ധം അദ്ദേഹത്തിനു അനുഭവപ്പെട്ടു. അടുത്തു എവിടെയോ വെള്ളമൊഴുകുന്ന ശബ്ദവും അദ്ദേഹം കേട്ടു. തിരിഞ്ഞുനോക്കി. അൽപ്പം ദൂരത്തായി കായൽ തീരം കാണായി.

"വേമ്പനാട്ടുകായൽ!"— ഗോപകുമാർ തന്നെത്താൻ പറഞ്ഞു—"ശരി, ഇനി മുന്നോട്ടുള്ള വഴി കണ്ടുപിടിക്കണം."

ഭിത്തിയുടെ അരികിൽകൂടി അദ്ദേഹം കുറച്ചു ദൂരം മുന്നോട്ടു നടന്നു. ഒടുവിൽ ഒരു ഇടനാഴിയിലെത്തിച്ചേൎന്നു. എങ്ങും അന്ധകാരം വ്യാപിച്ചിരിക്കയാണു്. ടോർച്ചു തെളിക്കാതെ മുന്നോട്ടു പോകുവാൻ സാദ്ധ്യമല്ല. ഇടനാഴി കഴിഞ്ഞു് ഒരു വാതി

ലിന്ന സമീപമെത്തി. വാതല്വ തുറന്ന് ഉള്ളിൽ പ്ര വേശിച്ചു. ഒരു ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടമാണ വിടെയുള്ളതു്. ഗോപകുമാർ അതിൻെറ സമീപ ത്തേയ്ക്കു നടന്നു.

"സകല വിഷമങ്ങളും സഹിക്കാൻ തയ്യാറാക ണം." അദ്ദേഹം പിസ്റ്റൽ കൈയ്യിലെടുത്തു.

വിഷമങ്ങൾ സഹിക്കാൻ തയ്യാറാകണമെന്ന് വിചാരിച്ചയുടൻ ഏതോ സമാധാനം ഗർജ്ജിച്ചുകൊ ണ്ടു അദ്ദേഹത്തിൻെറ മുൻപിൽ ചാടിവീണു. അ തിൻെറ രണ്ടു കണ്ണുകളും പന്തംപോലെ ജ്വലിച്ചു കൊണ്ടിരുന്നു. ഗോപകുമാർ പെട്ടന്നു വെടിവെച്ചു. വെടിയുണ്ട ലക്ഷ്യത്തിൽത്തന്നെ തറച്ചു. അദ്ദേഹം ടോർച്ചു തെളിച്ചുനോക്കി. ഒരു നായാട്ടുപട്ടി ചത്തു കിടക്കുന്നു.—

"ഇതിൻെറ അത്ഥം ഞാൻ ശരിയായ വഴി ക്കുതന്നെ മുന്നോട്ടു പോകുന്നുവെന്നാണ്."— വെളി യിലുള്ളവരാരും ആ വീട്ടിനുള്ളിൽ പ്രവേശിക്കാതി രിക്കാനാണ് പട്ടിയെ അവിടെ നിത്തിയിരുന്നതെ ന്ന് അദ്ദേഹത്തിനു മനസ്സിലായി.

അവിടെ പരിപൂർണ്ണ നിശ്ശബ്ദത വ്യാപിച്ചി രുന്നു. സാവധാനം വാതല്വ തുറന്ന് അദ്ദേഹം വീ ട്ടിനുള്ളിൽ പ്രവേശിച്ചു. ആരെയും കാണാനില്ല. ഒ രു ശബ്ദവും കേൾക്കാനില്ല. കോവേണിപ്പടികളുടെ മുകളിലാണ് ഗോപകുമാർ നിന്നിരുന്നതു്. അദ്ദേ ഹം സൂക്ഷിച്ചു കീഴ്പ്പോട്ടിറങ്ങി. ഒരു മുറിയിലാ ണ് അദ്ദേഹം ഇപ്പോൾ എത്തിയിരിക്കുന്നതു്. മു

റിയുടെ ഇടിഞ്ഞുപൊളിഞ്ഞ ഭിത്തികൾ പച്ചിലകൾ കൊണ്ടു മൂടിയിരുന്നു. മുറിക്കുള്ളിൽ ആരുമില്ല. ഒരു വലിയ പലക ഒരു ഭാഗത്തു ഭിത്തിയോടു ചേർന്നിരിക്കുന്നുണ്ട്.

"ഇവിടെ ഈ പലക എന്തിനാണ്." തന്നെത്താൻ പറഞ്ഞുകൊണ്ടു അദ്ദേഹം പലകയുടെ സമീപമെത്തി. ആ പലക അവിടെനിന്നു മാററാൻ അദ്ദേഹം ഒരു ഭഗീരഥപ്രയത്നം തന്നെ നടത്തി. പക്ഷെ അതു അനങ്ങുക പോലുമുണ്ടായില്ലെങ്കിലും അദ്ദേഹം കുറച്ചു സമയം തന്റെ പ്രയത്നം തുടൎന്നു. അവസാനം ഒരു ബുദ്ധിമുട്ടും കൂടാതെ ഗോപകുമാറിന് അതു മാററുവാൻ സാധിച്ചു.

"ഓഹോ! ഈ പലക ഭിത്തിയോടു ഘടിപ്പിച്ചിരുന്നതു് സ്പ്രിംഗിലാണല്ലോ! വളരെ കരുതി പണികഴിപ്പിച്ചിട്ടുള്ളതാണ്. ആളുകളെ ശരിക്കു കബളിപ്പിക്കുവാനറിയാം"—ഗോപകുമാർ തന്നെത്താൻ പറഞ്ഞു.

പലകയുടെ മറുവശത്തു ഭിത്തിയിലുള്ള വാതലിൽ കൂടിയാണ് ഉള്ളിലേക്കു പോകാനുള്ള വഴി. വഴി വളരെ ഇടുങ്ങിയതായിരുന്നു. വാതൽ കടന്നാൽ നാം എത്തുന്ന ഇടനാഴിയുടെ അവസാനം ഒരു കോവേണിയുണ്ട്. കോവേണിയുടെ മുകളിൽ ഇരുവശങ്ങളിലുമുള്ള ഭിത്തികളിലൊന്നിൽ ഒരു വാതലുണ്ട്. വാതൽ അടഞ്ഞിരുന്നു എങ്കിലും പൂട്ടിയിരുന്നില്ല. അതിൽ കൈവച്ചയുടൻ അതു തുറന്നു. അദ്ദേഹം അതിനുള്ളിൽ കടന്നു. ആ മുറി കായൽതീരത്തുള്ള ഒരു

അടുക്കളയാണ്. ഒരു മേശപ്പുറത്തു മേശവിളക്കു കത്തുന്നുണ്ടു്. അടുപ്പിൽ തീയ് എരിയുന്നു. സകല സാധനങ്ങളും ചീനിവീടുകളിലേതുപോലുള്ളതാണു്. അടുക്കളമുറിക്കു ഒരു ജനലുമില്ല. പച്ചക്കറിസാധനങ്ങൾ തറയിൽ കിടക്കുന്നു. അവ അഴുകി നാറിക്കൊണ്ടിരുന്നു. കറുപ്പിന്റെ ദുർഗന്ധവും ഗോപകുമാറിനു സഹിക്കേണ്ടിവന്നു. അതിനിടയിൽ ആരൊ തുമ്മുന്ന ശബ്ദം അദ്ദേഹം കേട്ടു. അദ്ദേഹം പെട്ടെന്നു മുന്നോട്ടു കുതിച്ചു കതകുപലകയുടെ മറയിൽ ഒതുങ്ങി. അവിടെ നിന്നു കൊണ്ടു് അദ്ദേഹം അടുപ്പിന്റെ അരികിലായി ഒരു ചീനി കിടന്നുറങ്ങുന്നതു കണ്ടു. യെവംഗിനു മേൽപ്പോട്ടു കയറാൻ കയറുകോവേണി ഇട്ടുകൊടുത്ത ഫാങ്ങാണ് ആ വ്യക്തി. അപ്പോൾ കെട്ടിടത്തിന്റെ വേറൊരു ഭാഗത്തുനിന്ന് ബെല്ലടിക്കുന്ന ശബ്ദം കേട്ടു. ചീനി എഴുന്നേററിരുന്ന് ആ ബെല്ലടിക്കുന്ന ശബ്ദം ശ്രദ്ധിക്കാൻ തുടങ്ങി. വിളക്കിന്റെ മങ്ങിയ പ്രകാശത്തിൽ ചീനിക്കു ഗോപകുമാറിനെ കാണ്മാൻ കഴിഞ്ഞില്ല. യെവംഗ് ലാത്തിക്കൊണ്ടിരുന്ന മുകളിലത്തെ മുറിയിൽ നിന്നാണ് ആ ശബ്ദം പുറപ്പെട്ടതു്.

ചീനി എഴുന്നേററ് മുകളിലത്തെ മുറിയിലേക്കു പോയി. അവിടെ എത്തിയപ്പോൾ ഫാങ്ങിനു മനസ്സിലായി തന്റെ യജമാനൻ ഏതോ കാരണത്താൽ കോപാന്ധനായിരിക്കയാണെന്നു്.

"ഫാങ്ങ്!"—യെവംഗ് പറഞ്ഞു. "ഞാൻ തോററുപോയി. സുരേശൻനായരുടെ അമ്മാമൻ, എങ്ങി

നെയെല്ലാം ഭീഷണിപ്പെടുത്തിയിട്ടും, സമ്മതിക്കുന്നില്ല."

"അങ്ങയ്ക്ക് തോല്ക്കുവാൻ സാദ്ധ്യമല്ല."—ഫാങ് യൌംഗിനെ സമാധാനിപ്പിച്ചു—"അദ്ദേഹത്തിന്റെ പുത്രൻ അങ്ങയുടെ അധീനത്തിലിരിക്കുന്നിടത്തോളം യാതൊന്നും ഭയപ്പെടാനില്ല. അദ്ദേഹം തിരസ്കരിച്ച ആ ഡിമാൻഡുതന്നെ അദ്ദേഹത്തിന്റെ പുത്രൻ അവതരിപ്പിച്ചാൽ ഒരിക്കലുമുപേക്ഷിച്ചെന്നു വരുന്നതല്ല. അങ്ങ് നിർബ്ബന്ധിക്കുന്നപക്ഷം സുരേശൻ തന്റെ അഛനു തീർച്ചയായും എഴുതെഴുതുകയും അങ്ങയ്ക്കു രൂപാ കിട്ടുകയും ചെയ്യും."

അവർ അന്യോന്യം അത്ഥഗർഭമായി ഒന്നു നോക്കി—"അങ്ങിനെ തന്നെ."—യൌംഗ് സമ്മതിച്ചു. "ഞാൻ വിചാരിച്ചതു് ഇന്നു രാത്രി അവന്റെ കഥ കഴിക്കണമെന്നാണു്. പക്ഷെ അങ്ങിനെ വെറുതെ കൊന്നാൽ പോരാ. അവൻ സ്വപ്നം കാണാത്ത യാതനകൾ അവനു നല്കണം. അങ്ങിനെ വിഷമിപ്പിച്ചശേഷം അവനെക്കൊണ്ടു് അവന്റെ അഛനോടു രൂപ ചോദിപ്പിക്കണം. അപ്പോൾ കാണാം അഞ്ചുലക്ഷം തന്നു് നമസ്കരിച്ചു പോകുന്നതു്. ശരി, ഫാങ്, നീ എന്റെ കൂടേ വരൂ. നീ തന്നെ അവനെ ആദ്യപാഠം ഒന്നു പഠിപ്പിയ്ക്കു്."

യൌംഗ് ഒരു കനമുള്ള കർട്ടൻ ഒരു ഭാഗത്തേക്കു വലിച്ചു നീക്കി. കത്തുന്ന ഒരു വിളക്കുമെടുത്തുകൊണ്ടു് ഫാങ് അവന്റെ പിന്നാലെ നടന്നു. ഭി

ത്തിയുടെ അരികിൽ പട്ടിത്തുടൽകൊണ്ടുവരിഞ്ഞുകെട്ടിയ സുരേശൻനായർ കിടന്നിരുന്നു.

തുടലിൻെറ ഇളക്കം അദ്ദേഹത്തെ ഉണർത്തി. അദ്ദേഹം ഞെട്ടി കണ്ണുകൾ തുറന്നു മുറിയിൽ അവിചാരിതമായി വന്നവരെ നോക്കിക്കൊണ്ടു പറഞ്ഞു— "കുറച്ചു ദിവസങ്ങൾക്കു ശേഷം അല്പം ഉറക്കം വന്നതാണ്, നിങ്ങൾ വന്നു എന്നെ ഉണർത്തി. ഇവിടെ വന്നതിനുശേഷം ആദ്യമായി ഒന്ന് ഉറങ്ങിയതാണ്."

"ഒരുപക്ഷേ അവസാനത്തേതും."—യൌംഗ് പരിഹാസസൂചകമായി ചിരിച്ചുകൊണ്ടു പറഞ്ഞു— "ഇനി നിങ്ങൾക്ക് ഉറങ്ങാൻ സാധിച്ചില്ലെന്നുവരാം."

"യഥാർത്ഥമോ?" സുരേശൻനായർ അത്യന്തം പരിഭ്രമത്തോടുകൂടി ചോദിച്ചു—എങ്കിൽ എൻെറ ജീവിതം വെറുതെ നശിക്കും."

"തീർച്ചയായും"—യൌംഗ് പറഞ്ഞു. തുടർന്ന് ഫാങ്ങിനോടു എന്തോ ആംഗ്യം കാണിച്ചു. അവൻ ഒരു ചുററിക പോക്കററിൽ നിന്നെടുത്തു താഴെവച്ചു. അതോടൊരുമിച്ചു നല്ലവണ്ണം കൂർത്ത ധാരാളം മുളയാണികളുമുണ്ടായിരുന്നു.

"ഈ ആണികൾ നിങ്ങൾ കാണുന്നുണ്ടല്ലൊ." യൌംഗ് ചോദിച്ചു. "ഇതു എന്തിനാണെന്നു അറിയാമോ?"

നകാരാത്മകമായി സുരേശൻ നായർ തലയാട്ടി.

"ഈ ആണികൾ നിങ്ങളുടെ നഖങ്ങളുടെ അടിയിൽ തറക്കാനാണ്"—യൌംഗ് യാതൊരു കൂസലും കൂടാതെ പറഞ്ഞു. "ആ ജോലിക്കു ന

മ്മുടെ ഫാങ്ങ് വളരെ സമത്ഥനാണ്. പറയൂ ഈ പ്രവത്തനം തരക്കേടില്ലേ?"

"ഇതു ശരിയാണെന്ന എനിക്ക തോന്നുന്നില്ല. ഇങ്ങനെ ചെയ്യുന്നതിൻെറ അത്ഥം എന്താണെന്നും എനിക്ക മനസ്സിലാകുന്നില്ല"—സുരേശൻനായർ തുടന്നു—"എന്നെ ഇവിടെ ബന്ധനത്തിൽ വച്ചുകൊണ്ടിരിക്കുന്നതു കൊണ്ടോ, എനിക്ക അസഹ്യമായ യാതനകൾ നൾകിയതു കൊണ്ടോ നിങ്ങൾക്ക നിങ്ങളുടെ ഉദ്ദേശ്യത്തിൽ വിജയം കൈവരുന്നതല്ല. നിങ്ങൾ സ്വയം കഴുകുമരത്തിലേക്ക നീങ്ങുകയാണ്. യൌംഗ്, എന്നെ ചതിച്ചു ബന്ധനത്തിലാക്കിയാൽ എൻെറ അച്ഛൻ നിങ്ങളെ ഭയപ്പെടുമെന്ന വിചാരിച്ചതു തെററിപ്പോയി. ഇങ്ങനെ ഭയന്നു പണം തരുന്ന ആളല്ല അദ്ദേഹം. നിങ്ങൾക്ക അതു മനസ്സിലായിക്കഴിഞ്ഞതല്ലൊ. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ, നിങ്ങൾക്ക നിങ്ങളുടെ പ്രയത്നത്തിൽ പരാജയം പററിയില്ലായിരുന്നുവെങ്കിൽ ഈ ആണികളും ചുററികയും കൊണ്ടു് ഇങ്ങോട്ടു വരികയില്ലായിരുന്നു."

യൌംഗ് ക്രൂരദൃഷ്ടികളോടെ ബന്ധനസ്ഥൻെറ നേരെ നോക്കി—"നിങ്ങൾ അച്ഛൻെറ പേക്കൊരു എഴുത്തെഴുതണം. അതു വായിച്ചാൽ അദ്ദേഹം രൂപാ തരണം."

"ഒരിക്കലും സാദ്ധ്യമല്ല"—സുരേശൻനായർ മറുപടി പറഞ്ഞു.—"നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക. പക്ഷെ ഈ കാര്യത്തിൽ ഞാൻ നിങ്ങൾക്ക കൂട്ടു നിൽക്കുകയില്ല. ഒരു പ്രാവശ്യം നിങ്ങൾ

ഒരു കൗശലം പ്രയോഗിച്ചു. എൻെറ മറുത്തരം കാരണം ഞാൻ നിങ്ങളുടെ വഞ്ചനയ്ക്കു ഇരയാവുകയും ചെയ്തു. ഇനി അങ്ങിനെയുള്ള മറുത്തരം ഞാൻ ആവത്തിക്കുകയില്ല. എൻെറ അച്ഛൻെറ അന്തസ്സിൻെറയും അഭിമാനത്തിൻെറയും ഒരംശം എന്നിലുമുണ്ടെന്നു് നിങ്ങൾ കരുതിക്കൊള്ളുക. ഞാൻ എൻെറ അച്ഛൻെറ മകൻ തന്നെയാണു്."

യൌംഗ് കോപാന്ധനായി മുന്നോട്ടു കുതിച്ചു. അയാളുടെ കൈവിരലുകൾ സുരേശൻെറ കണ്ണുകളിൽ തറഞ്ഞു. അസ്സഹ്യമായ വേദന കാരണം അദ്ദേഹം പെട്ടെന്നു പുറകോട്ടു മാറി ഭിത്തിയിൽ ചെന്നടിച്ചു.

"ഫാങ്, നീ നിൻെറ ജോലി ആരംഭിച്ചുകൊള്ളുക." യൌംഗ് ഗർജ്ജിച്ചു—"ഓരോ നഖത്തിൻെറയുമടിയിൽ മൂന്നു ആണികൾവീതം അടിച്ചു കയററൂ. ചെറുവിരൽമുതൽ ആരംഭിക്കൂ."

ചുററിക കൈയ്യിലെടുത്തു ചമ്രം പടഞ്ഞു ഫാങ് തറയിലിരുന്നു. ഒരു ആണി കൈയ്യിലെടുത്തു. അവൻെറ കണ്ണുകൾ അജ്ഞാതമായ ആനന്ദംകൊണ്ടു തിളങ്ങാൻ തുടങ്ങി. മുന്നോട്ടു കുനിഞ്ഞു സുരേശൻെറ ചെറുവിരലിൽ ആണി തറയ്ക്കാനായി ചുററിക കയ്യിലെടുത്തു—

"ഠേ!" ആകസ്മികമായി ഒരു വെടിയുണ്ടവന്നു് ഫാങിൻെറ കൈത്തണ്ടിലേററു. അയാളുടെ കൈയ്യിലിരുന്ന ചുററിക ദൂരെത്തെറിച്ചുപോയി. അയാൾ മൂക്കടിച്ചു നിലത്തു്വീണു.

അതിവേഗം യൌംഗ് വിളക്കണെച്ചു. മുറിയിൽ ഘോരാന്ധകാരം വ്യാപിച്ചു. ആരോ അവിടെ നിന്ന് ഓടിപ്പോകുന്ന കാലടിശബ്ദം കേൾക്കാമായിരുന്നു. തുടൻ ആ മുറി പരിപൂൎണ്ണനിശ്ശബ്ദതയിലായി.

ഒരു പ്രാവശ്യം ക്ഷണനേരത്തെ പ്രകാശത്തിന്ന ശേഷം വീണ്ടും അവിടമെങ്ങും അന്ധകാരാവൃതമായി. ഗോപകുമാർ ടോർച്ചടിച്ചു നോക്കിയതായിരുന്നു—"ഒരു പക്ഷെ അവർ കടന്നു കളഞ്ഞതാണു്"—അദ്ദേഹം തന്നത്താൽ പറഞ്ഞു—"അവർ തിരികെ വരുന്നതിന്ന മുമ്പു് ഇവിടെ നിന്നു നമ്മൾക്കു കടക്കണം."

"നിങ്ങൾ ആരാണു്?" ആശ്ചൎയ്യത്തോടു കൂടി കണ്ണുകൾ വെട്ടിപ്പിളൻ നോക്കിക്കൊണ്ടു് സുരേശൻ നായർ ചോദിച്ചു.

"ഗോപകുമാർ—ഡിക്ടേററീവ് മി. മേനോൻെറ സഹപ്രവൎത്തകൻ—"ഗോപകുമാർ മറുപടി പറഞ്ഞു. എനിക്കു എല്ലാക്കാൎയ്യങ്ങളും അറിയാം. ഞാൻ ഹോട്ടൽ മുതൽ യൌംഗിനെ പിന്തുടരുകയാണു്. നിങ്ങളുടെ പിതാവിനെ കാണാനാണു് അവിടെ പോയിരുന്നതു്." അദ്ദേഹം പെട്ടെന്നു് സുരേശൻെറ കൈകളിലുണ്ടായിരുന്ന കെട്ടുകളെല്ലാം അഴിച്ചു.

"ദാ, അങ്ങു് സ്വതന്ത്രനായിക്കഴിഞ്ഞു—"ഗോപകുമാർ പറഞ്ഞു.

"എൻെറ കാലുകൾ ചങ്ങലകൊണ്ടു കെട്ടിയിരിക്കയാണു്. പക്ഷെ, ഞാൻ ഏതെങ്കിലും തരത്തിൽ നടന്നു കൊള്ളാം."

"അതെ എൻെറ തോളിൽ പിടിച്ചുകൊള്ളണം" ഗോപകുമാർ പറഞ്ഞു. തുടൎന്നു മൂക്കു ചുളിച്ചുകൊണ്ടു് അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞു മണം പിടിക്കാൻ ശ്രമിക്കുന്നതിനിടയ്ക്കു സുരേശൻനായരോടു ചോദിച്ചു—"നിങ്ങൾക്കു എന്തെങ്കിലും ദുർഗന്ധം അനുഭവപ്പെടുന്നുണ്ടോ?"

"ഉവ്വ്. എന്തോ ഗന്ധം വരുന്നുണ്ടു്. വിചിത്രമായിരിക്കുന്നു."

"ശ്വാസം പിടിച്ചു കൊള്ളണം. എനിക്കറിയാം. ഇതെന്താണെന്നു്. വിഷവായുവാണു്."—ഗോപകുമാർ പറഞ്ഞു. ഇങ്ങനെയുള്ള ഗന്ധമാണു് ഫോണ്ടാമാരുവിൽവച്ചും അദ്ദേഹത്തിനു അനുഭവപ്പെട്ടതു്.

"നടക്കണം"—സുരേശൻനായർ തൻെറ തോളിലേക്കു ചായുന്നതു കണ്ടപ്പോൾ ഗോപകുമാർ പറഞ്ഞു. "ഒന്നു രണ്ടടികൂടി നടന്നാൽ നാം സ്വതന്ത്രരായി"— ഗോപകുമാർ ഇടതുകൈകൊണ്ടു മുൻപിലുണ്ടായിരുന്ന കർട്ടൻ വലിച്ചു മാററാൻ ശ്രമിക്കുന്നതിനിടയ്ക്കു കാൽ തട്ടി വീഴുകയും വിഷവായു വേണ്ടിടത്തോളം ശ്വസിക്കുകയും ചെയ്തു.

അതിനെ തുടൎന്നു അല്പം ദൂരെ മുൻഭാഗത്തു ഒരു കതകു തുറക്കുന്ന ശബ്ദം കേൾക്കുകയും ശുദ്ധവായു ശക്തിയായി ഉള്ളിലേക്കു അടിച്ചു കയറി വിഷവായുവിനെ അടിച്ചുകൊണ്ടു പോകുകയും ചെയ്തു. കൈയ്യിൽ കത്തുന്ന ഒരു പന്തവുമായി ഫാങ്ങ് മുറിക്കു

ള്ളിൽ പ്രവേശിച്ചു. അയാളോടൊരുമിച്ചു യൌം ഗ്ഗുമുണ്ടായിരുന്നു.

ഗോപകുമാർ മാത്രം അവിടെ കിടക്കുന്നതു കണ്ടു യൌംഗ് ഫാങ്ങിനോടു ചോദിച്ചു— "സുദരശൻ നായർ എവിടെ?" രണ്ടുപേരും ചേൎന്ന് ആ കെട്ടിടം മുഴുവൻ തെരഞ്ഞു. പക്ഷേ അദ്ദേഹത്തെ അവിടെയെങ്ങും കണ്ടുകിട്ടിയില്ല. ഗോപകുമാർ ഉണ്ടായിരിക്കുന്ന സ്ഥാനത്തുനിന്ന് മി: മേനോൻ അകലെയായിരിക്കയില്ലെന്നു യൌംഗിന് അറിയാമായിരുന്നു. ആയതിനാൽ അവൻ സമയം വെറുതെ കളയുവാനാഗ്രഹിച്ചില്ല. അവൻ തൻെറ ജീവൻ രക്ഷിക്കാൻ വെമ്പൽകൊണ്ടു. കോപത്തോടുകൂടി ഫാംഗിനോടു പറഞ്ഞു.—

"മറക്കഴുതേ! നീ കാരണമാണ് ഇതെല്ലാം സംഭവിച്ചതു്. നീ സൂക്ഷിച്ചിരുന്നുവെങ്കിൽ ഈ ഗോപകുമാർ ഇവിടെ വരികയില്ലായിരുന്നു. ഞാൻ നിന്നെക്കൊണ്ടു വിഷമിച്ചു. നീ പൊയ്ക്കോ. ശല്യമൊഴിയട്ടെ. നിന്നെ കൂട്ടുപിടിച്ചുകൊണ്ടു ഒന്നും ചെയ്യാൻസാദ്ധ്യമല്ല."

ഫാങ്ങിൻെറ മുഖത്തു രഹസ്യപൂൎണ്ണമായ ഒരു ചിരി ചിതറി. കണ്ണുകളിൽ കുറുക്കൻെറ ചാപല്യം വ്യാപിച്ചു. അവൻ പറഞ്ഞു—"അങ്ങ് പറയുന്നതു് അബദ്ധമാണ്. ഇത്രയുമെല്ലാം ചെയ്തതിനുശേഷം നാം വേർപെടുന്ന പക്ഷം ആൎക്കും രക്ഷകിട്ടുകയില്ല."

"നീ എന്നെ ഭീഷണിപ്പെടുത്തുകയാണോ?"

ഫാങ്ങ് തലയാട്ടി. "നിങ്ങളെ ഭീഷണിപ്പെടുത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. മറത്തരമായിരിക്കും അതു്. പോരെങ്കിൽ ഞാൻ നിങ്ങളുടെ അധീനതയിലുമല്ലേ ജീവിക്കുന്നതു്.

ഫാങ്ങിൻെറ ശബ്ദങ്ങളിൽ ഏതോ അതിഭയങ്കരമായ രഹസ്യം ഒളിഞ്ഞു കിടന്നിരുന്നു. യൌംഗ് പെട്ടെന്ന് അതു് മനസ്സിലാക്കി. അവൻെറ നേത്രങ്ങൾ തീജ്വാല വമിച്ചു. വൃദ്ധനായ ആ ചീനിയുടെ പിടലിക്കു പിടികൂടി ശക്തിയായി അവൻ തള്ളി. ഫാങ്ങിൻെറ ശിരസ്സ ഭിത്തിയിൽ ചെന്നിടിച്ചു. അവൻ ബോധരഹിതനായി നിലം പതിച്ചു. അവൻെറ കൈയ്യിലിരുന്ന പന്തം കർട്ടനിൽ തെറിച്ചു വീണു. അതിൽ തീയ് പിടിച്ചു. യൌംഗ് പെട്ടെന്ന് തീയ് കെടുത്താൻ മുന്നോട്ടു കുതിച്ചെങ്കിലും ഏതോ പുതിയ പ്ലാൻ തോന്നുകയാൽ അവൻ പുഞ്ചിരിച്ചുകൊണ്ടു കർട്ടൻ എരിയുന്നതു നോക്കി നിൽക്കുകയാണുണ്ടായതു്. തീജ്വാല ഭയങ്കരമായിക്കൊണ്ടിരുന്നു. ഫാങ്ങിനെയും ഗോപകുമാറിനെയും അഗ്നിജ്വാലയ്ക്കിടയ്ക്കു് ഉപേക്ഷിച്ചു യൌംഗ് അവിടെനിന്ന് കടന്നുകളഞ്ഞു.

★

8

## സിഗരററുകഷണം രഹസ്യം പറയുന്നു

"ഇതു് വെറുതെയുള്ള ബദ്ധപ്പാടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. നാം മുന്നോട്ടു പോകുന്നതു് തെററായ പോയൻറിനെ ആധാരമാക്കിയാണ്.

ഇവിടെ അനേക ദിവസങ്ങളായി ആരും വരാറില്ലെന്നു തോന്നുന്നു."

മി: മേനോൻ പൊട്ടിച്ചിരിച്ചു—"നിങ്ങൾ വളരെ വേഗം തീരുമാനത്തിലെത്താൻ ശ്രമിക്കയാണ്, മി: ഡിസോസാ."—അദ്ദേഹം തുടന്നു.—"എന്താണിതു്? ഇതുകൊണ്ടു നിങ്ങൾ തീരുമാനിക്കുന്നതെന്താണു്?"—അദ്ദേഹം കുനിഞ്ഞു തറയിൽ നിന്നു് എന്തോ എടുത്തു. നിലത്തുനിന്നു് അദ്ദേഹം എടുത്തതു് ഒരു സിഗററു കഷണമായിരുന്നു. ആ സിഗററു കഷണം അവിടെ എറിഞ്ഞിട്ടു അധികസമയം കഴിഞ്ഞിട്ടില്ലെന്നു് പരിശോധനയിൽനിന്നു മി: മേനോനു മനസ്സിലായി.

"നിങ്ങൾ എന്നെ വെറും മഠയനാക്കി"— മി: ഡിസോസാ പറഞ്ഞു—"ഈ കഷണം പറയുന്നതു് അല്പസമയം മുൻപു ആരോ ഇവിടെ ഇട്ടതാണെന്നാണ്. എങ്കിലും അതു ഇട്ട ആൾ ഇവിടെ ഇല്ലാതിരിക്കുമ്പോൾ നമുക്കു എന്തു ചെയ്യാൻ സാധിക്കും?"

"രാത്രി കഴിയുന്നതിനുമുമ്പുതന്നെ നിങ്ങൾക്കു് വളരെയധികം ചെയ്യുവാൻ കഴിയും"— മി: മേനോൻ പറഞ്ഞു. "നാം വന്ന വഴിയിൽക്കൂടി ആരും വെളിയിൽ പോയിട്ടില്ല. അതിൻെറ അത്ഥം യൌംഗിനു വേറെ ഏതോ രഹസ്യസങ്കേതം കൂടി ഉണ്ടെന്നും അതു ഇതുവരെ കണ്ടുപിടിക്കാൻ നമുക്കു സാധിച്ചിട്ടില്ലെന്നുമാണ്."

"അപ്പോൾ നിങ്ങൾ വിചാരിക്കുന്നതു് യൌംഗ് തന്നെയാണു് ഈ സിഗററ്റു കഷണം ഇവിടെ ഇട്ടതെന്നാണോ?"

"തീച്ച്യയായും. അവനല്ലാതെ വേറെ ആരാണ ഇവിടെ വരുന്നത്? ഹീസിങ്ങിനെ കൊല്ലുന്ന സമയംവരെ അവൻ ഇവിടെയാണ് താമസിച്ചിരുന്നത്. അതിനശേഷം ആപത്തുണ്ടാകുമെന്ന് ഭയന്ന് അവൻ ഇവിടെനിന്ന താമസം മാററിയതാണ്. എങ്കിലും ഈ സ്ഥാനം അവന്റെ തന്റെ പ്രവത്തനങ്ങൾക്ക് ചിലപ്പോൾ ഉപയോഗിക്കേണ്ടതായി വരുന്നുണ്ട്. ഏതോ സാധനം ഇവിടെ മറന്ന പോയത് എടുത്തു കൊണ്ടു പോകാനായിരിക്കാം അവൻ ഇവിടെ തിരികെ വന്നത്. സിഗററ്റ കഷണം ഇവിടെ ഇട്ടാലുണ്ടാകാവുന്ന ദുഷ് പരിണാമത്തെ സംബന്ധിച്ച ഓമ്മിക്കാതെ അത് ഇവിടെ ഇട്ടിട്ടുപോയതായിരിക്കാം"

മി. മേനോനും ഡിസോസായും തേവരയുള്ള രഹസ്യസങ്കേതത്തിലിരുന്ന് സംസാരിക്കയായിരുന്നു. രാത്രിയിലാരംഭിച്ച ആ പരിശോധന അത്യന്തം രഹസ്യപൂണ്ണമായിരുന്നു. അത്യദ്ധ്വാനത്തിന ശേഷം മി മേനോന കിട്ടിയ തെളിവ് ആ സിഗററ്റ് കഷണം മാത്രമാണ്.

അന്വേഷണഫലമായി കിട്ടിയ ആ തെളിവ് പ്രത്യേകിച്ച് മഹത്വം ഉള്ളതായിരുന്നില്ലെങ്കിലും യൌംഗോ അവന്റെ ഏതെങ്കിലും സഹപ്രവത്തകനോ അല്പസമയം മുമ്പ് അവിടെ വന്നിരുന്നുവെന്ന് അതിൽനിന്ന മനസ്സിലാക്കാമായിരുന്നു.

"അപ്പോൾ ഈ സിഗററ കഷണമല്ലാതെ ഇവിടെ നിന്ന മറെറാന്നും കിട്ടാനില്ലല്ലൊ—" മി. ഡിസോസാ പറഞ്ഞു.

"നിങ്ങൾ അലമാരിയുടെ കാൎയ്യം മറന്നുപോകുന്നല്ലോ"—മി. മേനോൻ ആ മുറിയിൽ വച്ചിരുന്ന ഭിത്തി അലമാരിയിലേക്കു ചൂണ്ടിക്കൊണ്ടു പറഞ്ഞു— "നാം കെട്ടിടം മുഴവൻ നോക്കിക്കഴിഞ്ഞില്ലല്ലൊ" അദ്ദേഹം അലമാരി തുറന്നു നോക്കി. തടി കൊണ്ടുള്ള ആ അലമാരിക്കു വേണ്ടതിലധികം വീതിയുണ്ടായിരുന്നു. അതിൽ പ്രത്യേക അറകൊളൊന്നുമില്ലായിരുന്നു. മി. മേനോൻ വാതലിൻെറ കട്ടിള മുതലായവ കൈകൊണ്ടു തട്ടി നോക്കി. യാതൊരു പ്രത്യേകതയുമില്ല. ഒടുവിൽ ഭിത്തിയോടു ചേൎത്തു വച്ചിരുന്ന പലകയിൽ വിരൽ മടക്കി തട്ടി. അകം പൊള്ളയാണ്. ആ പലക വലിച്ചു മാററി. ഒരു വാതൽ!

"ഉള്ളിലേക്കു വരു"-അദ്ദേഹം മി. ഡിസോസായെ ഉള്ളിലേയ്ക്കു വിളിച്ചു—"ഒരു സംഗതി എനിക്കു തോന്നുന്നു."

ഇൻസ്പെക്റ്റർ ഡിസോസ ഉള്ളിൽ പ്രവേശിച്ചു. മി: മേനോൻ വാതലടച്ചു സാക്ഷയിട്ടു. പെട്ടെന്ന് ഭിത്തിയിൽ വച്ചിരുന്ന പലക പുറകോട്ടു തുറന്നു വ്യാകരികളിൽ തൂങ്ങി. ഒരാൾക്കു മാത്രം കടക്കാവുന്ന ഒരു ചെറിയ വാതല് ഭിത്തിയിൽ ദൃശ്യമായി.

"അമ്പ!" മി. മേനോൻ പറഞ്ഞു—"ആശാരി അതിസമൎത്ഥൻ തന്നെ. മി. ഡിസോസാ ഇതുവഴിയാണ് വെളിയിലേക്കു പോകേണ്ടതു്"

രണ്ടുപേരും അതുവഴി മുന്നോട്ടു നീങ്ങി. ഒരു ചെറിയ ഇടനാഴിയിൽ അവർ വന്നുചേൎന്നു. അതു കായൽ കരയിലേക്കുള്ളതാണ്.

രാത്രി വളരെയായി. ചാററമഴ പെയ്യുന്നുണ്ട്. കട്ടപ്പമില്ലാത്ത തറയാണ്. ടോർച്ചു കത്തിച്ചു മി. മേനോൻ തറയിൽ നോക്കി. ധാരാളം പാദചിഹ്നങ്ങൾ തറയിൽ കാണുന്നുണ്ട്. ചിലതു ഉള്ളിലേക്കും ചിലതു പുറത്തേക്കും ഉള്ളതാണ്. "ഞാൻ വിചാരിച്ചതുപോലെ തന്നെ സംഭവിച്ചു."—മി. മേനോൻ പറഞ്ഞു—യെസംഗ് തൻെറ പഴയ സങ്കേതത്തിൽ ഏതോ ആവശ്യത്തിനു വന്ന ശേഷം മടങ്ങിപ്പോയതാണ്."

അവർ പിന്നെയും മുന്നോട്ടു നടന്നു. മുൻപിലും പിറകിലുമായി നടക്കുകയായിരുന്നു അവർ. കുറച്ചു ദൂരം അങ്ങിനെ പോയതിനുശേഷം മി: മേനോൻ പറഞ്ഞു—"ഇവിടെ തറ കട്ടപ്പമുള്ളതാണ്. പാദചിഹ്നങ്ങൾ കാണാനില്ല. ദാ, നമ്മുടെ മുൻപിൽ ഒരു കുഴിയാണ്. ഇടതുവശം മാറി നടക്കണം."

"അപ്പോൾ, പകൽ വരാം, അതാണു നല്ലതു്"

"മിണ്ടാതിരിക്കൂ." മി: മേനോൻ ഡിസോസായെ തടഞ്ഞു—"ആരോ വിളിക്കുന്ന ശബ്ദം! ശ്രദ്ധിച്ചുകേൾക്കൂ."

"സഹായം!" ഒരു പതിഞ്ഞ ശബ്ദം—സഹായം! ഞാൻ കുഴിയിൽ വീണുപോയി."

"ആരാണു ഇപ്പോൾ കുഴിയിൽ വീഴാൻ വന്നതു്?" ഡിസോസാ ആശ്ചര്യത്തോടുകൂടി പറഞ്ഞു.

"രണ്ടുപേരും ടോർച്ചു തെളിച്ചു കുഴിയിലേക്കു നോക്കി. അരക്കെട്ടുവരെ ചെളിയിലും വെള്ളത്തി

ല്യം പുതഞ്ഞ ഒരു യുവാവ് സഹായത്തിനുവേണ്ടി നിലവിളിക്കയാണു്. അയാൾ വളരെ ക്ഷീണിച്ചു കഴഞ്ഞിരുന്നു. കുഴിക്കു ആറേഴടി താഴ്ച കാണും. കരയ്ക്കു അങ്ങുമിങ്ങും ചെളിയും വെള്ളവും തെറിച്ചു വീണിരുന്നു. യുവാവു കരയ്ക്കു കയറാൻ വളരെ ശ്രമിച്ചിരിക്കണം.

കുഴിയുടെ അരികിൽ കമഴ്ന്നു കിടന്നു് കൈ കീഴ്പ്പോട്ടു നീട്ടി മി: ഡിസോസാ ആ യുവാവിനെ പിടിച്ചു കരയ്ക്കു കയററി.

"Thanks!" യുവാവു നന്ദി പ്രകടിപ്പിച്ചു.— "എനിക്കു തനിച്ചു കരയ്ക്കു കയറാൻ സാധിക്കുമായിരുന്നില്ല."

"ഞാൻ സംസാരിക്കുന്നതു് മി: സുരേശൻ നായരോടാണെന്നു് വിശ്വസിക്കട്ടെയോ?"— മി: മേനോൻ ചോദിച്ചു.

യുവാവു ആശ്ചര്യത്തോടുകൂടി അദ്ദേഹത്തെ നോക്കിക്കൊണ്ടു പറഞ്ഞു— "അതെ, സാർ. എൻെറ പേരു സുരേശൻനായർ എന്നു തന്നെയാണു്. അങ്ങോ?"

"ഡിക്ടേററീവ് മേനോൻ."

"എന്തു്?"—സുരേശൻനായർ വളരെ ജിജ്ഞാസയോടെ ചോദിച്ചു—"പ്രസിദ്ധ ഡിക്ടേററീവ് മി: മേനോനോ?" ക്ഷണനേരത്തേക്കു യുവാവിൻെറ ദൃഷ്ടികളിൽ ഭയത്തിൻെറ ഭാവം കാണാനുണ്ടായിരുന്നു. തൻെറ മേൽ എത്ര ഭയങ്കരമായ അപരാധമാണു് ആരോപിക്കാൻ സാദ്ധ്യതയുള്ളതെന്നു് അദ്ദേഹം ഓ

ർമ്മിച്ചു. എന്നാൽ വെറും സത്യം മാത്രമേ പറയാൻ പാടൊള്ളുവെന്ന് അദ്ദേഹത്തിൻെറ മനസ്സാക്ഷി അദ്ദേഹത്തെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

"അങ്ങ് ഇവിടെ വന്നുചേന്നതു് എൻെറ മഹാഭാഗ്യംതന്നെ" അദ്ദേഹം തുടന്നു:—"അധികസമയമായിട്ടില്ല, ഞാൻ ബന്ധനത്തിൽനിന്നു രക്ഷപെട്ടു കടന്നുകളയാൽ ശ്രമിച്ചിട്ട്. ആദ്യം ഞാൻ രണ്ടു ചീനികളുടെ ബന്ധനസ്ഥനായിരുന്നു. അവിടെ നിന്ന് എന്നെ വിടുത്തിയ ഒരു യുവാവ് ഇപ്പോഴും അവിടെ ബന്ധനസ്ഥനായിട്ടു കിടക്കുകയാണു്. ഞങ്ങളുടെ മുറിയിൽ വിഷവായു പ്രയോഗിച്ചിരുന്നു. ഗോപകുമാർ......"

"ഗോപകുമാറോ!" മി. മേനോൻ അത്യാശ്ചര്യത്തോടുകൂടി വിളിച്ചുചോദിച്ചു. "ഹേയ്! ഒരിക്കലുമില്ല. ഞാൻ അദ്ദേഹത്തെ താമസസ്ഥലത്തു കണ്ടിട്ടാണു് ഇങ്ങോട്ടു വന്നതു്. അദ്ദേഹത്തിൻെറ കാൽമുട്ടിനു നീരാണു്, മൂടു വച്ചുകൊണ്ടിരിക്കുകയായിരുന്നു."

"ആ മനുഷ്യൻ എന്നോടു പറഞ്ഞതു് തൻെറ പേരു് ഗോപകുമാർ ആണെന്നാണു്." സുരേശൻനായർ പറഞ്ഞു—"എന്നെ സംബന്ധിച്ച സകല വിവരങ്ങളും അയാൾക്കു് അറിയാമെന്നും പറഞ്ഞു. അച്ഛനെ കാണാൻ ഹോട്ടലിൽ പോയിരുന്ന ഒയൗംഗിനെ പിന്തുടന്നാണു് ഇവിടെ വന്നതു്. പാവം സ്വന്തജീവനെ വകവയ്ക്കാതെ എന്നെ രക്ഷിച്ചു. ഒരുതരത്തിൽ മുടന്തിയും വീണ്ടും ഞാൻ വെളിയിൽ വന്നുവെങ്കിലും ഈ കുഴിയിൽ വീണുപോയി,"

ഡിസോസാ മി: മേനോനെ നോക്കിക്കൊണ്ടു് പറഞ്ഞു—"അപ്പോഠം അദ്ദേഹം മി: ഗോപകുമാർ തന്നെ ആയിരിക്കും. ഒരത്ഭുത യുവാവാണ് അദ്ദേഹം. അദ്ദേഹം വലിയ ധൈര്യശാലിയും ബുദ്ധിമാനമാണ്."

"ആ സ്ഥാനമെവിടെയാണ്? അവിടെ വരെ ഞങ്ങളെ നിങ്ങഠംക്കു കൊണ്ടുപോകാമോ?" മി. മേനോൻ ചോദിച്ചു. ഗോപകുമാർ ആംഗ്ലോചീനിയുടെ വലയിൽ അകപ്പെട്ടുകാണുമെന്നു വിചാരിച്ചു് അദ്ദേഹം അത്യന്തം പരിഭ്രാന്തനായിത്തീൎന്നു.

"ദാ, നോക്കണം"—സുരേശൻനായർ പറഞ്ഞു. "അതാണ് ആ സ്ഥാനം. അയ്യോ! അതാ അതിനു തീ പിടിച്ചിരിക്കുന്നല്ലോ!"

ഒരു വശത്തുനിന്ന് തീജ്വാല ആകാശത്തേക്കുയരുന്നു. ഏതാണ്ടു് മുപ്പതടി ദൂരത്തിൽ നിന്നാണ് തീജ്വാല ഉയരുന്നതു്. പുക ആകാശമെങ്ങും വ്യാപിച്ചുകഴിഞ്ഞു. മൂന്നുപേരുടെയും മനസ്സിൽ ഗോപകുമാറിനെ രക്ഷിക്കണമെന്ന വിചാരം ബലവത്തായിക്കൊണ്ടിരുന്നു. അവർ ആ ഭാഗത്തേക്കു ഓടി.

"ഇതിലേ—"സുരേശൻനായർ വിളിച്ചുപറഞ്ഞു അദ്ദേഹം ഒരു വാതലു കടന്ന് കോവേണിപ്പടികഠം കയറാൻ തുടങ്ങി. "ഞാൻ ബന്ധനത്തിൽ കിടന്ന മുറിയിൽ പോകേണ്ടതു് ഇതുവഴിയാണ്."

ആവേശഭരിതനായി സുരേശൻ മുകളിൽ ചാടിക്കയറി. കോവണിപ്പടിയുടെയും മുകളിലുള്ള മുറിയുടെയും ഇടയ്ക്കുള്ള ഭാഗം അന്ധകാരത്തിൽ മുഴുകിയി

രുന്നു. സുരേശൻനായർ പുകകാരണം കാലുതറി ബോധരഹിതനായി കോവേണിപ്പടികളിൽ വീണു.

"നിങ്ങൾ സുരേശൻനായരെ താങ്ങിപ്പിടിക്കൂ." മി. മേനോൻ ഇൻസ്പെക്ടർ ഡിസോസായോടു പറഞ്ഞു:–"ഗോപകുമാറിനെ ഞാൻ രക്ഷിച്ചുകൊള്ളാം." അദ്ദേഹം പെട്ടെന്നു കോവേണിപ്പടികൾ കയറി മുകളിലെത്തി. തീജ്വാല പടികൾവരെ എത്തിക്കഴിഞ്ഞിരുന്നു. മുകളിലുള്ള മുറിയുടെ വാതുക്കൽ ആ വൃദ്ധനായ ചീനി ബോധരഹിതനായി കിടക്കുന്നതു് അദ്ദേഹം കണ്ടു. അല്പദൂരത്തിൽ ഗോപകുമാറും കമഴ്ന്നു കിടപ്പുണ്ടു്.

മി. മേനോൻ കുനിഞ്ഞു ഗോപകുമാറിനെ കൈകളിൽ കോരിയെടുത്തു് കോവേണിപ്പടിയിലേക്കു മടങ്ങി. തീജ്വാല കൂടുതൽ വ്യാപകമായിക്കൊണ്ടിരുന്നു. അദ്ദേഹം പടികളിറങ്ങി അല്പം കഴിഞ്ഞപ്പോൾ കോവേണി എരിഞ്ഞു കെട്ടിടത്തിൽനിന്നു വേർപെട്ടു് താഴെവീണു. വൃദ്ധൻ ചീനിയുടെ മരണമടുത്തിരുന്നു, അയാളെ രക്ഷിക്കാൻ സാദ്ധ്യമല്ലെന്നു് മി: മേനോൻ വിചാരിച്ചു.

"ദൈവത്തിനു നന്ദി! നിങ്ങൾ ഏതായാലും ഗോപകുമാറിനെ രക്ഷിച്ചല്ലോ. അദ്ദേഹത്തിൻെറ സ്ഥിതി എങ്ങിനെയിരിക്കുന്നു?"— മി: ഡിസോസ ചോദിച്ചു.

മി: മേനോൻ ഗോപകുമാറിൻെറ നേരെ നോക്കി. അദ്ദേഹം കണ്ണുതുറന്നു്, മാസ്റ്ററെ കണ്ടു് പ.

ഞ്ചിരിക്കാൻ തുടങ്ങി—"മാസ്റ്റർ" അദ്ദേഹം താണസ്വരത്തിൽ വിളിച്ചു.

കാമിനിബോട്ട് ഒളിച്ചിട്ടിരിക്കുന്ന സ്ഥലത്തിനടുത്തുള്ള തുരങ്കത്തിൽ യെഔംഗ് ഇപ്പോഴും ഒളിച്ചിരിക്കയാണ്. വേലിയേററസമയമായിരുന്നതു കൊണ്ട് ബോട്ട് സാധാരണ ജലനിരപ്പിൽ നിന്നു മേല്പോട്ടുയൻകൊണ്ടിരുന്നു. ബോട്ടിൻെറ സ്ഥാനം യെഔംഗിനല്ലാതെ വേറെ ആക്കും അറിവില്ലായിരുന്നു. ഫാങ്ങിനറിയാമായിരുന്നു പക്ഷെ, അയാറം ഇപ്പോറം ഇല്ലല്ലൊ! അങ്ങിനെ യെഔംഗിൻെറ ആ രഹസ്യസങ്കേതം ബാഹ്യവിപത്തുകളിൽ നിന്ന് എത്രയും സുരക്ഷിതമായിരുന്നു. യെഔംഗ് അവിടെ മോട്ടോർ ബോട്ടിൽ ഒളിഞ്ഞിരുന്ന് ദഹിക്കുന്ന ആ കെട്ടിടത്തിലേയ്ക്കു നോക്കിരസിക്കയായിരുന്നു. പക്ഷെ, അവൻെറ പുഞ്ചിരി അവിചാരിതമായി നിലച്ചു. അടുത്തു ആരുടെയോ കാൽപെരുമാററം അവൻ കേട്ടു. ആ ശബ്ദം അവൻ ശ്രദ്ധിച്ചു. ശബ്ദം അടുത്തു വരികയാണ്.

യെഔംഗ് മുകളിലേക്കു എത്തി നോക്കി. അവൻ നന്നാ ഭയന്നു. അയാറം ആ നിലയിൽ നിഷ്പ്രയാസം മററുള്ളവരുടെ ദൃഷ്ടിയിൽ പെടും. അവന് ഒരു ഉപായം തോന്നി. അവൻ ബോട്ടഴിച്ചു കായലിലേക്കു ഇറക്കാൻ തീരുമാനിച്ചു. പക്ഷെ അതുകൊണ്ടും ആപത്തിൽ നിന്നൊഴിയാൻ വിഷമമായിരുന്നു. താൻ ശരിക്കു കുടുങ്ങിക്കഴിഞ്ഞിരിക്കയാണെന്നു യെഔംഗിനു ബോദ്ധ്യമായി.

ആരും കാണാതെ അവിടെ നിന്നു കടക്കുവാൻ സാദ്ധ്യമല്ലായിരുന്നു. അതിനിടയിൽ വെള്ളത്തിൽ ആരോ ടോർച്ചടിച്ചു. ആരോ സംസാരിക്കുന്ന ശബ്ദവും കേൾക്കുന്നു. യെറംഗ് കൈമുഷ്ടികൾ ചുരുട്ടി തയ്യാറായി. അവൻ വിയർപ്പിൽ കുളിച്ചു.

സംസാരിക്കുന്നതു് മി. മേനോൻ, യെറംഗിൻെറ ജന്മശത്രുവാണു്.

"രസകരമായ സാധനമാണു് കണ്ടുകിട്ടിയിരിക്കുന്നതു്, മി. ഡിസോസാ!" മി: മേനോൻ പറയുന്നതു് യെറംഗ് കേട്ടു.

ഡിസോസായും മുന്നോട്ടടുത്തു. രണ്ടുപേരും കുനിഞ്ഞു് പടർപ്പുകളുടെ ഇടയിലേക്കു നോക്കി. ജലത്തിൽ പതിച്ച പ്രകാശത്തിനു ശക്തികൂടി. ടോർച്ചിൻെറ പ്രകാശം ബോട്ടിൻെറ കൂടാരത്തിലും പതിച്ചു തുടങ്ങി. യെറംഗ് ഭയന്നു വിളറി.

"കൊള്ളാം, ഇതൊരു നല്ല സങ്കേതം തന്നെ" ഇൻസ്പെക്റ്റർ ഡിസോസാ പറഞ്ഞു.

"അതു ശരിയാണു്" മി: മേനോൻ ഡിസോസയെ അനുകൂലിച്ചു—"എന്താണു് ഇവൻ അനങ്ങാതിരിക്കുന്നതു്."

അദ്ദേഹം ഒന്നു കൂടി ശ്രദ്ധിച്ചു നോക്കി—"നമ്മുടെ സ്നേഹിതൻ യെറംഗിനല്ലാതെ വേറെ ആൎക്കും ഈ സങ്കേതം അറിവില്ലായിരിക്കും."

ഇൻസ്പെക്റ്റർ പൊട്ടിച്ചിരിച്ചു—"ആ വൃദ്ധനായ ചീനി മരിച്ചില്ലായിരുന്നുവെങ്കിൽ എല്ലാം അറി

യാമായിരുന്നു. നാം പോലീസ് ലോഞ്ചിൽ യെറ്റംഗിനെ പിന്തുടൎന്ന ദിവസം അവൻ ഈ ബോട്ട് ഇവിടെ കൊണ്ടുവന്നതാണു്.

"അതെ എൻെറയും അഭിപ്രായം അങ്ങിനെ തന്നെയാണു്" മി. മേനോൻ ഡിസോസയെ പിന്താങ്ങി—"അവൻ ബോട്ട ഇവിടെ കൊണ്ടുവന്നു ഒളിക്കയും അതിൽതന്നെ കഴിച്ചുകൂട്ടുകയുമായിരുന്നെന്നു തോന്നുന്നു. ചിലപ്പോൾ കെട്ടിടത്തിലേക്കും പോകുമായിരുന്നു"

ഡിസോസാ പോക്കററിൽ നിന്നു് വിസിലെടുത്തു് മൂന്നു പ്രാവശ്യം ഊതി. പോലീസ് ലോഞ്ച് അതിവേഗം അവിടെ വന്നുചേരും. അടുത്തുതന്നെയാണു അതിട്ടിരിക്കുന്നതു്. "നാം കണ്ട മോട്ടോർ ബോട്ട് എവിടെ? യെറ്റംഗ് നമ്മെ ചതിച്ചെന്നു തോന്നുന്നല്ലോ"

മി. മേനോൻ എത്തിനോക്കി. കിടന്നിരുന്ന സ്ഥാനത്തുനിന്നു് അല്പം മാറി പടർപ്പുകളുടെ ഇടയിൽ ബോട്ട കായലിലേക്കു നീങ്ങുകയാണു്. യെറ്റംഗ് അതിനുള്ളിൽ പതുങ്ങിയിരുപ്പുണ്ടു്

ക്ഷണനേരത്തേയ്ക്കു ടോർച്ചിൻെറ ലൈററിൽ രണ്ടു ശത്രുക്കളുടെയും കണ്ണുകൾ ഇടഞ്ഞു. യെറ്റംഗിൻെറ കൈകൾ സ്റ്റീയറിംഗ് വീൽ പിടിച്ചു. നിമിഷനേരത്തിനുള്ളിൽ അവൻ ബോട്ട സ്റ്റാർട്ടാക്കി കായലിലേക്കു ഓടിച്ചു. കായൽ കഴിഞ്ഞാൽ കടലിൽ ഇറങ്ങാനും അവൻ മടിക്കയില്ല.

"യൌംഗ്!" മി. മേനോൻ വിളിച്ചു പറഞ്ഞു.

"ദൈവമേ!" ഡിസോസാ പരിഭ്രമിച്ചു—"ഞാൻ വിചാരിച്ചതു് അവൻ നേരത്തെ തന്നെ ഇവിടെ നിന്നു കടന്നിരുന്നുവെന്നാണ്." തുടർച്ചയായി വിസിലടിച്ചുകൊണ്ടു് അദ്ദേഹം മി. മേനോനോടൊരുമിച്ചു് പോലീസ്ലോഞ്ച് വന്നടുക്കുന്ന ഭാഗത്തേക്കു നടന്നു.

"ലോഞ്ചിനു മോട്ടോർബോട്ടു തടയാൻസാധിക്കയില്ലേ?" ഡിസോസാ ചോദിച്ചു.

"എതിരായിട്ടു വരുന്ന മോട്ടോർ ബോട്ടിനെ തടഞ്ഞുനിത്താൻ ലോഞ്ചിനു സാധിക്കും. പക്ഷെ ഇവിടെ പിന്തുടൻ തടയുകയാണ് വേണ്ടതു്. യൌംഗ് അതീവേഗം ബോട്ടോടിച്ചു് മുന്നോട്ടുകടന്നു കഴിഞ്ഞിരുന്നു. എങ്കിലും ലോഞ്ച് മുഴുവൻവേഗതയോടു കൂടി പിന്തുടൻ. ലോഞ്ച് കുറെ അകലെ പിന്നിലാണെന്നു മനസ്സിലായപ്പോൾ യൌംഗ് തൻെറ ബോട്ടു വലതു വശത്തേക്കു തിരിച്ചു. ലോഞ്ച് തിരിഞ്ഞു വന്നപ്പോഴേക്കു മോട്ടോർബോട്ടു് വളരെ ദൂരം മുന്നോട്ടു ഓടിയെത്തിക്കഴിഞ്ഞിരുന്നു.

തന്നെ പിന്തുടൻകൊണ്ടിരിക്കുന്ന മി: മേനോൻെറ ധൈര്യത്തെ പ്രശംസിച്ചുകൊണ്ടു് യൌംഗ് കായൽ കടന്നു് കടലിലിറങ്ങി. വേഗതകാരണം ബോട്ടു് കാണാതെയായി. ഇനി പിന്തുടരുന്നതുകൊണ്ടു് പ്രയോജനമില്ലെന്നു് മി: ഡിസോസായിക്കു തോന്നി. പക്ഷെ മി: മേനോൻ പിന്തുടൻകൊണ്ടുതന്നെ ഇരിക്കണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു. രണ്ടു

മൈൽ മുന്നോട്ടു പോയപ്പോൾ ബോട്ടു വീണ്ടും കാണാറായി. ഒരു സേർച്ചു് ലൈററിൻെറ സമീപമെത്തി തിരിക്കാൻ ശ്രമിക്കയാണു്. ഇപ്പോൾ പോലീസ് ലോഞ്ചു് അരമൈൽ പിറകിലായിരുന്നു.

മി. മേനോനും മററും കാണാൻ സാധിച്ചില്ലെന്നു തോന്നുന്നു, യൌംഗ് സ്റ്റീയറിംഗ് വിട്ടിട്ടു് എഴുന്നേററു വെള്ളത്തിൽ ചാടിവീണു് കരയിലേക്കു നീന്തി. ബോട്ടു് അതിൻെറ വേഗതയോടുകൂടി സേർച്ചുലൈററിൻെറ ഇരുമ്പുതൂണിൽ ചെന്നടിച്ചു. ബോട്ടിലെ പെട്രോൾ ടാങ്കിൽ തീ പിടിച്ചു. ബോട്ടു് എരിഞ്ഞു മുങ്ങി. അതിൻെറ ചില കഷണങ്ങൾ തിരമാലകളിലൊഴുകാൻ തുടങ്ങി.

“......ഹോ! അവൻ എരിഞ്ഞു് അടങ്ങിക്കാണും, അല്ലെങ്കിൽ മുങ്ങി മരിച്ചുകാണും. എന്തു ഭയങ്കരമായ അവസാനമാണെന്നു നോക്കണം” ഇൻസ്പെക്ടർ ഡിസോസാ പറഞ്ഞു.

“പക്ഷെ എനിയ്ക്കു് ആശ്ചര്യം തോന്നുന്നു”—മി: മേനോൻ പറഞ്ഞു. അദ്ദേഹം താമസസ്ഥലത്തു തിരികെ എത്തിയപ്പോൾ ആകാശത്തു വെള്ളപൂശി ത്തുടങ്ങിയിരുന്നു.

★

൭

# ചീഫ് ഇൻസ്പെക്ടർ മി: സുരേശനെ കൊലയാളിയാക്കുന്നു

മി: മേനോൻ മടങ്ങി താമസസ്ഥലത്തു് എത്തിയപ്പോഠം ഗോപകുമാർ ബോധമില്ലാതെ കിടന്നുറങ്ങുന്നതാണു് കണ്ടതു്. അദ്ദേഹത്തെ ഉണർത്തുന്നതു് ശരിയല്ലെന്നു മി. മേനോൻ വിചാരിച്ചെങ്കിലും അദ്ദേഹത്തിൻെറ കാൽപെരുമാററം കേട്ടു് ഗോപകുമാർ ഞെട്ടിയുണൎന്നു.

"പറയണം മാസ്റ്റർ, വല്ല വിശേഷവുമുണ്ടോ?" ഗോപകുമാർ ചോദിച്ചു.

മി: മേനോൻ സംഭവം മുഴുവൻ പറഞ്ഞു കേഠംപ്പിച്ചു. മുഴുവൻ കേട്ടതിനുശേഷം ഗോപകുമാർ പറഞ്ഞു—

"അപ്പോഠം യൌംഗിൻെറ ശവസംസ്കാരം പ്രകൃതിതന്നെ നടത്തിയെന്നോ! അതു വിധിയുടെ അന്യായമാണു്. അഴകിനാറി ചാണകമായിരുന്നു, അവൻ. എങ്കിലും ഈ വാൎത്ത സുരേശൻനായരെ സംബന്ധിച്ചടത്തോളം സന്തോഷപ്രദമായിരിക്കും. ഞാൻ അദ്ദേഹത്തെ താജ്മഹലിൽ വിട്ടിട്ടാണു് ഇങ്ങോട്ടു വന്നതു്. പാവം വളരെ വിഷമിക്കുന്നുണ്ടായിരുന്നു."

മി. മേനോൻെറ നേത്രങ്ങഠം തിളങ്ങി. "അതു തന്നെയല്ലായിരുന്നോ നിങ്ങളുടെയും സ്ഥിതി?" അ

ദ്ദേഹം തുടന്നു—"നിങ്ങഠം ആ മുറിയിൽ കർട്ടനിൽ കുരുങ്ങി ബോധരഹിതനായി കിടക്കുന്നതു കണ്ട പ്പോഠം ഞാൻ നിരാശനായിപ്പോയി. നിങ്ങഠം രക്ഷ പെടുമെന്നു ഞാൻ വിചാരിച്ചതല്ല. വളരെ ദുഃഖ ത്തോടുകൂടിയാണു് ഞാൻ നിങ്ങളുടെ സമീപത്തേയ്ക്കു വന്നതു്."

"സന്ദർഭവും വളരെ ഭയങ്കരമായിരുന്നല്ലോ. യൌംഗ് പ്രയോഗിച്ച വിഷവായുവിൻെറ ശക്തി കൊണ്ടാണു് ഞാൻ ബോധംകെട്ടു വീണതു്. ഒരു പക്ഷേ അതുകൊണ്ടായിരിക്കാം പുകയും ചൂടും എനി ക്കു് അനുഭവപ്പെടാതിരുന്നതു്."

"അതിൽ വളരെ രഹസ്യങ്ങളുണ്ടു്." മി: മേ നോൻ പറഞ്ഞു. ചായകുടി കഴിഞ്ഞു് അദ്ദേഹം ഉറങ്ങി.

രണ്ടു മൂന്നു മണിക്കൂറിനുശേഷം അദ്ദേഹം ഉണ ന്നെഴുനേററു. ആഹാരം കഴിഞ്ഞു് ഡ്രസ്സ് മാറി ഗോപകുമാറിനോടൊരുമിച്ചു് തലേദിവസം ഡിസോ സായോടൊരുമിച്ചു് പരിശോധിച്ചതും ഹീസിങ് വെ ടിയേററു കിടന്നു മരിച്ചതുമായ കെട്ടിടം വീണ്ടും പരി ശോധിക്കാൻ പുറപ്പെട്ടു. ആ വീടു് ഒരു പ്രാവശ്യം കൂടി ശ്രദ്ധിച്ചു പരിശോധിക്കണമെന്നു അദ്ദേഹം തീ രുമാനിച്ചു. പോലീസുകാർ അവിടെനിന്നു് അതുവ രെ കുറച്ചു സാമാനങ്ങളെ മാററിയിരുന്നുള്ളു. ഫർ ണീച്ചർ മുതലായവ ഇപ്പോഴും പഴേപടിതന്നെ കി ടക്കുന്നു. കൊലപാതകം നിയമപ്രകാരം തെളിയി ക്കാൻ സഹായിക്കുന്ന ഉപകരണങ്ങളെല്ലാം ശേഖരി

ക്കണമെന്ന് മി: മേനോൻ തീരുമാനിച്ചു. അതുവരെ ഒരു ക്ഷണനേരത്തേക്കു പോലും ഹീസിങ്ങിനെ സുരേശൻനായരാണു കൊന്നതെന്നു സമ്മതിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. അതിനുള്ള ശരിയായ തെളിവു കിട്ടുന്നിടംവരെ അതു് അദ്ദേഹം എങ്ങിനെ സമ്മതിക്കാനാണു്!

അദ്ദേഹവും ഗോപകുമാറും ആ കെട്ടിടത്തിലെത്തി അതിലെ ഓരോ മുറിയും ശ്രദ്ധിച്ചു പരിശോധിക്കാൻ തുടങ്ങി. ഓരോ സാധനവും അവർ സൂക്ഷിച്ചു നോക്കുന്നുണ്ടായിരുന്നു.

"ഇവിടെ ഒന്നുമില്ല." ഒരു കോണിൽ കിടന്നിരുന്ന പഴയ അലമാരി മേശയുടെ ഡ്രോയർ വലിച്ചു തുറന്നു നോക്കിയതിനുശേഷം ഗോപകുമാർ പറഞ്ഞു-"യൌഗ് ഇവിടെ താമസിച്ചിരുന്നപ്പോൾ ഈ മേശയിലുണ്ടായിരുന്ന സകല സാധനങ്ങളും ഇതിൽനിന്നു മാററിയിരിക്കുന്നതായി തോന്നുന്നു."

"ശരി! ഭിത്തിയുടെ അരികിൽ നിന്നു് അതു് ഒന്നു വലിച്ചു മാററൂ."—മി: മേനോൻ പറഞ്ഞു—"അതിനപ്പുറത്തു് വല്ലതും നമ്മുടെ ഉപയോഗത്തിനുള്ളതു കാണും."

ആ അലമാരി മേശ വലിച്ചു മാററി. അതിൻെറ പിറകിൽ ആദ്യനോട്ടത്തിൽ വിശേഷിച്ചൊന്നും അവക്കു കാണുവാൻ കഴിഞ്ഞില്ല. പക്ഷേ സൂക്ഷിച്ചു നോക്കിയപ്പോൾ അലമാരിയുടെ പിറകിൽ ഭിത്തിയോടു ചേൎന്നു് ഒരു പലക ഇരിക്കുന്നതു കണ്ടു. ആ പലക ഇളകി താഴെ വീണു. അതിൻെറ പിറകിൽ

ഭിത്തിയിൽ ഒരു പിളർപ്പുണ്ടായിരുന്നു. ആ പിളപ്പിന്നുള്ളിൽ എന്തോ സാധനം തിളങ്ങുന്നതായി കണ്ടു. വിടവിൽ കൈയ്യിട്ടു ആ സാധനം മി: മേനോൻ കൈയ്യിലെടുത്തു. അതു് ഒരു ചെറിയ മനോഹരമായ പിസ്റ്റൗൽ ആയിരുന്നു. അതിൻെറ പിടി ആനക്കൊമ്പു കൊണ്ടുള്ളതും ഇടയ്ക്കിടെ വെള്ളിതകിടു പതിച്ചിട്ടുള്ളതുമായിരുന്നു.

"ഭേഷ്! ഒരു ചെറിയ മനോഹരമായ പിസ്റ്റൗൽ." ഗോപകുമാറിന്നു വളരെ സന്തോഷം തോന്നി.

"എത്രമാത്രം ചെറുതാണോ അത്രയും കൂടുതൽ ഉപദ്രവകാരിയുമാണു്. വളരെ നല്ല തെളിവു തന്നെ. ഇതല്ലാതെ ഇവിടെ നമുക്കു ഉപയോഗമുള്ള വേറൊരു സധനവുമില്ല. അതുകൊണ്ടു ഇനി നമുക്കു പോകാം. തിരിച്ചു പോകുന്നതു് താജ്മഹലിൽ കൂടിയാണെങ്കിൽ അഛനും മകനും വളരെ സന്തോഷമാകും."

അതിനുശേഷം അവർ കാറിൽ കയറി താജ്മഹലിലേയ്ക്കു തിരിച്ചു. മി. മേനോൻ ചിന്തയിലാണ്ടിരിക്കയാണു്. ഒരക്ഷരംപോലും അദ്ദേഹം സംസാരിച്ചില്ല. അദ്ദേഹം ഏതോ വിഷമപ്രശ്നം കൈകാര്യം ചെയ്തുകൊണ്ടിരിക്കയായിരുന്നു. ഏതെങ്കിലും തരത്തിൽ ഒരു തീരുമാനത്തിലെത്തിച്ചേരാനുള്ള ശ്രമമായിരുന്നു അദ്ദേഹം നടത്തിക്കൊണ്ടിരുന്നതു്.

ഹോട്ടലിലെത്തി ക്ലാർക്കിനോടു് തങ്ങളുടെ പേരുകൾ പറഞ്ഞു കൊടുത്ത ശേഷം അവർ മി പത്മനാഭപിള്ളയെ കാണണമെന്നാവശ്യപ്പെട്ടു. "അല്പം

മുമ്പാണ് ഒരാൾ അദ്ദേഹത്തെ കാണാൻ പോയതു്. എങ്കിലും ഞാൻ നിങ്ങളുടെ കാർഡ് കൊടുത്തയക്കാം"—ക്ലാർക്ക് പറഞ്ഞു—"ഒരു പക്ഷെ, പെട്ടെന്നു തന്നെ അദ്ദേഹം നിങ്ങളെ വിളിച്ചേക്കാം" അയാൾ ഒരു ഭൃത്യനെ മേല്പോട്ടയച്ചു. ഭൃത്യൻ ഉടനെ തന്നെ തിരികെ വന്നു് പത്മനാഭപിള്ള മി. മേനോനെ വിളിക്കുന്നു എന്നു പറഞ്ഞു. എന്നുതന്നെയല്ല അദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടു് അൽപ്പം മുമ്പു് ഫോൺ ചെയ്യുകയും ചെയ്തിരുന്നു.

ലിഫ്ററിൽ രണ്ടുപേരും മുകളിലെത്തി. പത്മനാഭപിള്ള വാതിൽക്കൽ ഇറങ്ങിനിന്നു് മി. മേനോനെ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു.

"അങ്ങു് വളരെ ദുഃഖിതനും വിവശനുമായിരിക്കുന്നല്ലൊ"—മി. മേനോൻ ചോദിച്ചു."—എന്താ വല്ല വിശേഷവുമുണ്ടോ?"

"തീർച്ചയായും"—അദ്ദേഹം പറഞ്ഞു—"തിരുകൊച്ചി ചീഫ് ഇൻസ്പെക്ടർ വന്നിട്ടുണ്ടു്. വാറണ്ടും കൊണ്ടാണു് അദ്ദേഹം വന്നിരിക്കുന്നതു്. ഹീസിങ്ങിൻെറ കൊല സംബന്ധിച്ചു് എൻെറ മകനെ അറസ്റ്റ് ചെയ്യാനാഗ്രഹിക്കുന്നു വരണം, മുറിക്കുള്ളിൽ പോകാം."

മി. മേനോൻ മുറിക്കുള്ളിൽ എത്തി. മേശപ്പുറത്തു കൈകൾ ഊന്നി സുരേശൻനായർ നമ്രശിരസ്കനായി നില്ക്കുന്നു. അദ്ദേഹവും ദുഃഖിതനായിരുന്നുവെന്നതിൽ സംശയമില്ല. എങ്കിലും ശാന്തനും സൌമ്യനുമായി അഭിമാനപൂർവ്വം എന്തും സഹിക്കാൻ തയ്യാ

റാണെന്ന് അദ്ദേഹത്തിൻെറ മുഖഭാവം സ്പഷ്ടമാക്കിയിരുന്നു. അദ്ദേഹത്തിൻെറ മുമ്പിൽ വാതലിലേയ്ക്കു പുറംതിരിഞ്ഞു് ചീഫ് ഇൻസ്പെക്ടർ നിൽക്കുന്നു.

"എന്താ മിസ്റ്റർ ചീഫ് ഇൻസ്പെക്ടർ—" മി. മേനോൻ തുടൎന്നു—"എന്താണു വിശേഷം? എന്താണു ഇങ്ങോട്ടു വന്നതു്?"

പോലീസ് ഹെഡ്ക്വാർട്ടേർസിൽ നിന്ന്വന്നിരുന്ന ചീഫ് ഇൻസ്പെക്ടർ മി. മേനോൻെറ നേരെ തിരിഞ്ഞു ചെറുതായൊന്നു പുഞ്ചിരിച്ചു. തൻെറ വിജയത്തിൽ താൻ കൃതാൎത്ഥനാണെന്ന സൂചനയായിരുന്നു ആ പുഞ്ചിരി. മി. മേനോൻെറ കഴിവുകരം അദ്ദേഹത്തിനു ശരിക്കറിയാമായിരുന്നു. എത്രയോ പ്രാവശ്യമാണ് ബുദ്ധിപരമായ മാത്സൎയ്യത്തിൽ അദ്ദേഹം പരാജിതനായിട്ടുള്ളതു്! എന്നിട്ടും തൻെറ അഹങ്കാരമുപേക്ഷിക്കാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. താൻ എത്തിച്ചേൎന്ന നിഗമനമാണ് സത്യവും ശരിയുമെന്ന് ഓരോ പ്രാവശ്യവും അദ്ദേഹം കരുതും.

പക്ഷെ, ഓരോ കേസിൻെറയും അവസാനത്തിൽ അദ്ദേഹത്തിനു പശ്ചാത്തപിക്കേണ്ടതായിട്ടാണ് വന്നിട്ടുള്ളതു്.

സുരേശൻനായരുടെ കേസിനെ സംബന്ധിച്ചും ചീഫ്ഇൻസ്പെക്ടരുടെ ധാരണ അദ്ദേഹം യഥാൎത്ഥകുററവാളിയെ തേടിപ്പിടിച്ചുവെന്നാണ്. അദ്ദേഹം ഓരോ പ്രാവശ്യവും മി. മേനോനെ താഴ്ത്തിക്കെട്ടാൻ ശ്രമിച്ചിരുന്നു എങ്കിലും അവസാനം അദ്ദേഹത്തിനു തന്നെയാണു തല താഴ്ത്തേണ്ടിവന്നിരുന്നതു്.

പക്ഷെ ഈ പ്രാവശ്യം മി. മേനോനെ നിശ്ശേഷം തോൽപ്പിച്ചുകളഞ്ഞുവെന്നാണു് അദ്ദേഹം വിശ്വസിച്ചതു്.

"ഞാൻ ഇവിടെ എങ്ങിനെ വന്നുവെന്നോ?" വ്യംഗ്യപൂർണ്ണമായി അദ്ദേഹം തുടൻ—"ഞാൻ ഇവിടെ വന്നതിൻെറ കാരണം നിങ്ങൾക്കറിയാമല്ലൊ. അറിയാൻ പാടില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഇപ്പോൾ ഇവിടെ വരികയില്ലായിരുന്നു!"

"മി. പത്മനാഭപിള്ളയുടെ പുത്രൻ മി. സുരേശൻനായരെ അറസ്റ്റ് ചെയ്യാനാണു് നിങ്ങൾ വന്നിരിക്കുന്നതെന്നുമാത്രം എനിക്കറിയാം"—മി. മേനോൻ പറഞ്ഞു—"ആ സംഗതി സത്യമാണോയെന്നു് നിങ്ങൾ തന്നെ പറയൂ."

"അറസ്റ്റ് ചെയ്യാനല്ല വന്നതു്"—ചീഫ് ഇൻസ്പെക്ടർ പറഞ്ഞു—"സുരേശൻനായർ കഴിഞ്ഞ ഒക്ടോബർ 19-ാം തീയതി രാത്രി ഫീസിങ്ങിനെ വെടിവച്ചു കൊന്നു. നിങ്ങൾക്കു കേസിനെ സംബന്ധിച്ചു പൂർണ്ണവിവരങ്ങളറിയാമല്ലൊ, അതുകൊണ്ടു് വസ്തുരിച്ചു പറയുന്നില്ല."

മി. മേനോൻ യാതൊരുവിധമായ ആശ്ചര്യവും ജിജ്ഞാസയും പുറമെ കാണിക്കാതെ ചോദിച്ചു— "നിങ്ങൾ ഏതൊ പുതിയ തെളിവിനെ ആധാരമാക്കിയാണു ഈ അറസ്റ്റ് പ്രായോഗികമാക്കാൻ ഭാവിക്കുന്നതെന്നു തോന്നുന്നു."

ചീഫ് ഇൻസ്പെക്ടരുടെ മുഖത്തു് വിജയഭാവം പ്രകടമായി കാണാമായിരുന്നു. അഭിമാനത്തോ

ട്ടുകൂടി; അദ്ദേഹം പറഞ്ഞു—"തീർച്ചയായും! അങ്ങനെയല്ലായിരുന്നുവെങ്കിൽ ഞാൻ ഈ സാഹസപ്രവൃത്തിക്കു തയാറാകുമായിരുന്നോ? മി. പത്മനാഭപിള്ളയ്ക്കു് ഇതു അപമാനകരമാണെന്നു എനിക്കറിയാം. അതുകൊണ്ടാണു ഞാൻ തനിച്ചുവന്നതു്. ഞാൻ മി. സുരേശൻനായരെ എൻെറ കൂടെത്തന്നെ ഹെഡ് ക്വാർട്ടേഴ്സിലേക്കു കൊണ്ടുപൊയ്ക്കൊള്ളാം. അവിടെ പോലീസ് കമ്മീഷണരുമായി കേസ് കാര്യങ്ങൾ സംബന്ധിച്ചു ചർച്ച ചെയ്യാമല്ലൊ"—

"ഓഹോ! അപ്പോൾ നിങ്ങൾ ആരുടെയും വാറണ്ടും കൊണ്ടല്ലേ വന്നിരിക്കുന്നതു്?"

"ഞാൻ എൻെറ അധികാരപരിധിയിൽ നിന്നുകൊണ്ടാണു് പ്രവൃത്തിക്കുന്നതു്. ഇതിലേക്കു ആരുടെയും കല്പനയുടെ ആവശ്യമില്ല" ചീഫ് ഇൻസ്പെക്റ്റർ പറഞ്ഞു -"എനിക്കു കിട്ടിയിരിക്കുന്ന റിപ്പോർട്ടനുസരിച്ചാണു് ഞാൻ പ്രവൃത്തിക്കാൻ പോകുന്നതു്. ഇതൊക്കെ ചെയ്യുന്നതിനു എൻെറ സ്വന്തം അഭിപ്രായം മതിയാകുന്നതാണു്"

"ഇങ്ങനെ ചെയ്യുന്നതിൻെറ അടിസ്ഥാനമെന്താണെന്നു അറിഞ്ഞാൽ കൊള്ളാം"—മി. മേനോൻ സവിനയം ചോദിച്ചു—"യഥാർത്ഥത്തിൽ എനിക്ക് ഈ കാര്യങ്ങളെല്ലാം അറിയാനധികാരവും ആവശ്യവുമുണ്ട്. പോലീസ് ഹെഡ്ക്വാർട്ടേഴ്സിൽ നിന്നുള്ള പ്രത്യേകനിർദ്ദേശമനുസരിച്ചാണു് ഞാൻ ഈ കേസിൽ ഇടപെട്ടിരിക്കുന്നതു്." മി. മേനോൻെറ വാക്കുകളുടെ അവസാനഭാഗം കേട്ടപ്പോൾ ചീഫ് ഇൻ

സ്പെക്ടർ നകാരാത്മമായി തലയാട്ടുകയുണ്ടായി. പക്ഷെ മൗനം അവലംബിച്ചതേയുള്ളു.

"ഞങ്ങളുടെ ഡിക്ടേററീവ് പ്രവൎത്തനങ്ങൾക്കു ഒരു പ്രത്യേകതയുണ്ടു്. എതിരാളികളെ തോല്പിക്കുന്നതു് ഞങ്ങൾ ഞങ്ങളുടെ വിജയമായി വിചാരിക്കയും അവരെ നാമാവശേഷമാക്കുന്നതു് അഭിമാനകരമായി കരുതുകയും ചെയ്യുന്നു. ഞാനും അതു തന്നെയാണു് ആഗ്രഹിക്കുന്നതു്. എങ്കിലും ഭാവിയിൽ പശ്ചാത്തപിക്കേണ്ടതായിവരുന്ന ഭയങ്കരമായ ഏതെങ്കിലും തെററു നിങ്ങൾ ചെയ്യാതെ സൂക്ഷിച്ചാൽ കൊള്ളാമെന്നുമാത്രം ഞാൻ നിങ്ങളെ അറിയിച്ചുകൊള്ളുന്നു."

ചീഫ് ഇൻസ്പെക്ടരുടെ മുഖത്തു കോപഭാവം പ്രകടമായെങ്കിലും എന്തോ ആലോചിച്ചതിനു് ശേഷം അദ്ദേഹം തൻെറ പോക്കററിൽ നിന്നു് ഒരു എഴുത്തെടുത്തു് മി. മേനോനെ കാണിച്ചു കൊണ്ടു പറഞ്ഞു—

"നിങ്ങൾ വിചാരിക്കുന്നതു് ഞാൻ ജല്പനം നടത്തുകയാണെന്നാണോ? നോക്കൂ. വായിച്ചുനോക്കൂ"

മി: മേനോൻ എഴുത്തു വായിച്ചുനോക്കി. ആ കവർ ഹാർബർ പോസ്റ്റാഫീസിൽ കഴിഞ്ഞ രാത്രി രണ്ടുമണിക്കു് പോസ്റ്റ് ചെയ്തതാണു്. ആ സമയം കൂടി കാണിച്ചുകൊണ്ടുള്ള മുദ്ര അതിൽ അടിച്ചിട്ടുണ്ടു്. പോലീസ് ഹെഡ്കപാർട്ടേഴ്സിൻെറ പേരും മേൽവിലാസവും അതിൽ എഴുതിയിരിക്കയാണു്.

മി: സുരേശൻനായർ കൊളമ്പിൽനിന്നു് യൌം

ഗിന്നു പതിനായിരംരൂപാ അയച്ചുകൊടുത്ത കുട്ട ത്തിൽ അയാളുടെ ചേക്ക്' അയച്ചിരുന്ന എഴുത്തായി രുന്നു അതു്.

ആ എഴുത്തു വായിച്ചശേഷം മി: പത്മനാഭപി ള്ള ആശ്ചര്യത്തോടുകൂടി ഉറക്കെ പറഞ്ഞു—“എടാ! ഈ എഴുത്താണല്ലോ യൌംഗ് എന്നെ കാണിച്ചു് ഇതിന്നു പകരം അഞ്ചുലക്ഷം രൂപാ ആവശ്യപ്പെട്ട തു്. ഞാനതു് നിഷേധിച്ചു. അതിൻെറ പ്രതികാ രമാണിതു്.”

“തീർച്ചയായും” മി: മേനോൻ പറഞ്ഞു:— “വിജയം കിട്ടാത്ത പ്രതികാരം. ഈ എഴുത്തു് കു റ്റം സമ്മതിച്ചതിനുള്ള തെളിവാകുകയില്ല. അതെ, ഇതെഴുതിയതും അയച്ചതും മഠത്തരമാണെന്നു് സ മ്മതിക്കാം. ഇതിലും വലിയ മഠത്തരമാണു് പണം കൊടുത്തതു്. എങ്കിലും ചെറുപ്പക്കാരനായ സുരേശൻ നായർ ഈ എഴുത്തുകൊണ്ടു തൻെറ നിരപരാധിത്വ മാണു തെളിയിക്കുന്നതു്—

“അദ്ദേഹത്തെ യൌംഗ് കബളിപ്പിച്ചു ക്ലബി ൻെറ പേരിൽ മദ്യക്കടയിൽ കൊണ്ടുപോകയും അ വിടെവച്ചു ലഹരിപദാൎത്ഥം നൽകി അദ്ദേഹത്തി ൻെറ സ്വബോധം നശിപ്പിക്കയും ചെയ്തു. അനന്ത രം അദ്ദേഹത്തിൻെറ അപ്പോഴത്തെ ബലഹീനത പ്രയോജനപ്പെടുത്തി തൻെറ സ്വാർത്ഥത നേടുവാൻ യൌംഗിന്നു യാതൊരു വിഷമവുമില്ലായിരുന്നു. ആ ലഹരിയിൽ അദ്ദേഹം തന്നെയാണു് ഹീസിങ്ങിനെ കൊന്നതെന്നു് അദ്ദേഹത്തെക്കൊണ്ടു് യൌംഗ് സമ്മ

തിപ്പിച്ചു. അതുതന്നെയാണ് ഈ എഴുത്തിൽനിന്നു തെളിയുന്നതു്."

ചീഫ് ഇൻസ്പെക്ടറുടെ ചുണ്ടുകൾ വ്യംഗ്യപൂണ്ണമായ ഒരു പുഞ്ചിരിക്കുവേണ്ടി വിടന്നു. അദ്ദേഹം പറഞ്ഞു—"അതിലെന്തു സംശയമാണുള്ളതു്! അതുതന്നെയാണ് തെളിയുന്നതു്, അതുകൊണ്ടല്ലേ മി: സുരേശൻനായർ മുപ്പതിനായിരംരൂപ യൌംഗിനു കൊടുത്തശേഷം ഈ കാര്യം രഹസ്യമായി സൂക്ഷിക്കണമെന്നു നിർബന്ധിച്ചതു്?"

അതുവരെ മൌനം ഭജിച്ചുകൊണ്ടു നിന്ന മി: സുരേശൻനായർ ഗജ്ജിച്ചു—

"അല്ല." അദ്ദേഹം തുടന്നു:—"ഞാൻ എൻെറ ആഗ്രഹപ്രകാരം സ്വന്തമനസ്സാലെ ഒരു പൈപോലും അയാൾക്കു കൊടുക്കുകയോ എന്തെങ്കിലും നിർബന്ധിക്കയോ ചെയ്തിട്ടില്ല. ആ സമയത്തെ എൻെറ മനോദൌർബല്യം അയാൾ ദുരുപയോഗപ്പെടുത്തുകയും ഞാനാണ് ഹീസിങ്ങിനെ വെടിവച്ചു കൊന്നതെന്നു് എന്നോടു പറയുകയും ഞാൻ മൌനമവലംബിക്കുന്നതിനുവേണ്ടി എൻെറ പക്കൽനിന്നു് മുപ്പതിനായിരം രൂപാ ആവശ്യപ്പെടുകയും ചെയ്തു. അയാളുടെ ചതിവിനു് ഇരയാകയാൽ ഞാൻ മറയനാണെന്നു് നിങ്ങൾക്കു പറയാം. മറയനല്ലായിരുന്നുവെങ്കിൽ അവൻെറ വഞ്ചനയിൽ തന്നെ എങ്ങിനെ അകപ്പെട്ടുമായിരുന്നു. പെട്ടെന്നു ഞാൻ അയാൾക്കു പണം കൊടുക്കാമെന്നു സമ്മതിച്ചു. അന്നു രാത്രി ഇരുപതിനായിരം മാത്രമേ കൊടുക്കാൻ സാധിച്ചുള്ളു. ബാ

ക്കിരൂപാ സിംഗപ്പൂരിനു പോകുന്നവഴി കൊളംബിൽ നിന്നയച്ചുകൊടുക്കാമെന്നും സമ്മതിച്ചു.

"അത്ര പെട്ടന്നു അയാഠം എന്നെ കൈവിട്ടകുളയാൻ പോകുന്നില്ലെന്ന് യൌംഗ് എന്നോട്ട പറഞ്ഞു. ഞാൻ പെട്ടെന്ന് എർണാകുളത്തുനിന്നു മടങ്ങിപോവുകയില്ലെന്ന് ഒടുവിൽ ഞാൻ സമ്മതിച്ചു. എന്നാൽ ഹോട്ടലിൽ മടങ്ങിയെത്തി ആലോചിച്ചപ്പോഠം എറണാകുളത്തു താമസിച്ചുകൊൺണ്ടിരിക്കുന്നതു് ആപൽക്കരമാണെന്ന് എനിക്കു തോന്നി. അങ്ങിനെ താമസിക്കുന്നതിൻെറ ഫലം ഭയങ്കരമായിരിക്കുമെന്നും ഞാൻ യൌംഗിൻെറ കളിപ്പാവയായിത്തീരുമെന്നും എനിക്കു ഭയമുണ്ടായിരുന്നു. അയാഠം എന്നെ എന്നും വിഷമിപ്പിക്കുമെന്ന് എനിക്കു മനസ്സിലായി.

"അവനോട്ട ചെയ്ത വാഗ്ദത്തം പാലിക്കുവാൻ ഞാൻ നിർബന്ധിതനല്ലായിരുന്നു. ഒരു വഞ്ചകൻ എന്നെ ചതിച്ച് എന്നേക്കൊണ്ടു വാഗ്ദത്തം ചെയ്യിച്ചു എങ്കിലും ആ വാഗ്ദത്തത്തെ ലംഘിച്ച് ഞാൻ സ്വതന്ത്രനാകാൻ ശ്രമിക്കയും അങ്ങിനെയായിത്തീരുകയും ചെയ്തു.

"പിറേറദിവസം തന്നെ ഞാൻ സിംഗപ്പൂരിലേയ്ക്ക് തിരിച്ചു. കൊളമ്പിലെത്തി അച്ഛൻെറ ഒരു ഏജൻറിൻെറ പക്കൽനിന്ന് പതിനായിരം രൂപ വാങ്ങി നിങ്ങഠം കാണിച്ച ഈ എഴുത്തോടുകൂടി യൌംഗിന് അയച്ചുകൊടുത്തു."

"നിങ്ങഠം ഇപ്പോഠം, ഒരു മിനിട്ടു മുമ്പേ പറ

ഞ്ഞില്ലേ, യൌംഗിനോട്ടു ചെയ്ത വാഗ്ദത്തം പാലി ക്കാൻ നിങ്ങഠം നിർബന്ധിതനല്ലായിരുന്നുവെന്നും അ തിന്നു യാതൊരു മഹത്വമില്ലെന്നും? പിന്നെ എന്തി നാണ് നിങ്ങഠം പതിനായിരം അയാഠംക്ക് അയച്ചു കൊടുത്തതു്?" ചീഫ് ഇൻസ്പെക്ടർ ചോദിച്ചു.

"ഞാൻ വിചാരിച്ചതു് അയാഠം അതുകൊണ്ടു തൃപ്തനായിക്കൊള്ളുമെന്നും ഭാവിയിൽ എന്നെ ഉപദ്ര വിക്കയില്ലെന്നുമാണ്. ആ കേസുസംബന്ധിച്ച എ ന്തെങ്കിലും വിവരം പത്രങ്ങളിൽ വന്നാൽ എൻെറ അച്ഛൻെറ സദ്യശസ്സിന്നു കോട്ടമുണ്ടാകുമെല്ലോ എ ന്നു വിചാരിച്ച് ഞാൻ വല്ലാതെ വിഷമിച്ചു. ആ ദുഷ്പേരിൽനിന്നു രക്ഷപ്രാപിക്കുന്നതിന്നുവേണ്ടിയാണ് ഞാനിതെല്ലാം ചെയ്തതു്. ദുഷ്പേരില്ലാതാക്കാൻ യൌം ഗിന്നു കൂടുതൽ തുക കൊടുക്കേണ്ടിയിരുന്നെങ്കിൽ അ തും കൊടുക്കാൻ ഞാൻ തയ്യാറായിരുന്നു."

ചീഫ് ഇൻസ്പെക്ടർ തോളുകഠം ഇളക്കിക്കൊ ണ്ടു പറഞ്ഞു—"ശരി, എന്നാൽ പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെത്തിഈ സംഗതികളെല്ലാം അവിടെ പറയാമെല്ലോ?"

മി. മേനോൻ കൈയ്യുയർത്തി തടഞ്ഞുകൊണ്ടു് സുരേശൻനായരോടു പറഞ്ഞു: "ഒരു മിനിട്ട്. നി ങ്ങളോട്ട് എനിക്ക് ഒന്നു ചോദിക്കുവാനുണ്ടു്. വെ ടിവെയ്ക്കുവാൻ നിങ്ങഠം ഉപയോഗിച്ചതെന്നു യൌം ഗ് നിങ്ങളോടു പറഞ്ഞ ആ റിവാഠംവറെ സംബ ന്ധിച്ച് നിങ്ങഠംക്കു വല്ലതുമറിയാമോ?"

"ഉവ്വ്." ഒരു ക്ഷണനേരം ആലോചിച്ചതിന്നു

ശേഷം അദ്ദേഹം പറഞ്ഞു—"അതു് ഇന്നും ഞാനോർമ്മിക്കുന്നുണ്ടു്. ആ ഭയങ്കരവും വിചിത്രവുമായ സാഹചര്യത്തിൽ നടന്നതായിട്ടും ഞാൻ അതിലൊരംശം പോലും ഇന്നും മറന്നിട്ടില്ല. ആ റിവാൾവർ പുതിയ രീതിയിൽ പണികഴിച്ചിട്ടുള്ളതായിരുന്നു. അതിനു മുമ്പു് ഞാൻ അതുപോലൊരു റിവാൾവർ കണ്ടിട്ടില്ല. അതു വളരെ ചെറുതായിരുന്നുവെങ്കിലും അതിൻെറ കുഴൽ കൂടുതൽ നീളമുള്ളതും പിടി ആനക്കൊമ്പുകൊണ്ടുള്ളതുമായിരുന്നു. ആനക്കൊമ്പിൽ വെള്ളിത്തകിടു പതിച്ചിരുന്നു. അതു് ഒരു കളിക്കോപ്പാണെന്നു മാത്രമേ തോന്നുമായിരുന്നുള്ളു.

മി: മേനോൻ ചീഫ് ഇൻസ്പെക്ടറുടെ നേരെ നോക്കി—"ഹീസിങ്ങിൻെറ് പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽനിന്നു മനസ്സിലാകുന്നതു് അയാളെ വെടിവച്ച റിവാൾവർ സാധാരണ "കോൾട്ടു്" റിവാൾവറാണെന്നാണു്.

"അതു ശരി. പക്ഷെ അതുകൊണ്ടു് നമുക്കുള്ള പ്രയോജനം എന്താണു്?" ചീഫ് ഇൻസ്പെക്ടർ ചോദിച്ചു

"അതിൻെറ പ്രയോജനമോ? പറയാം"—മി. മേനോൻ തുടന്നു:— "മി: സുരേശൻനായരുടെ കൈയ്യിൽ ഉണ്ടായിരുന്നുവെന്നു പറയുന്ന റിവാൾവർ കോൾട്ടല്ലായിരുന്നു. അങ്ങിനെ, സുരേശൻനായരല്ല ഹീസിങ്ങിനെ വെടിവച്ചതെന്നു തെളിയുന്നു. അദ്ദേഹമല്ലാ ഹീസിങ്ങിൻെറ കൊലയാളി."

ചീഫ് ഇൻസ്പെക്ടർ ചിന്താമഗ്നനായി. അ

ദ്ദേഹത്തിൻെറ തീരുമാനം കാററിൽ പറന്നു—"നി ങ്ങളുടെ പക്കൽ വെറും വാഗ്രൂപേണയുള്ള തെളി വുമാണല്ലോ ഉള്ളതു്?" അദ്ദേഹം തുടൎന്നു:—"മി. സു രേശൻനായരുടെ കൈവശമുണ്ടായിരുന്ന റിവാൾവർ ഹാജരാക്കാൻ കഴിഞ്ഞാൽ ഞാൻ സമ്മതിക്കാം, ഇ ദ്ദേഹം നിർദ്ദോഷിയാണെന്നു്."

"നിങ്ങളെ ആ റിവാൾവർ കാണിച്ചാൽ മി: സുരേശൻനായർ നിർദ്ദോഷിയാണെന്നും അദ്ദേഹം പറയുന്നതു സത്യമാണെന്നും സമ്മതിക്കാമോ?"

"തീൎച്ചയായും"—ചീഫ് ഇൻസ്പക്ടർ പറഞ്ഞു —"അങ്ങിനെയൊരു റിവാൾവർ നമ്മുടെ മുൻപിൽ ഇല്ലാതിരിക്കുമ്പോൾ അതെ സംബന്ധിച്ചു സംസാരി ച്ചു സമയം നഷ്ടപ്പെടുത്തുന്നതെന്തിനാണു്?"

"നോക്കൂ."—മി: മേനോൻ തുടൎന്നു—"ഇതാ, ആ സാധനം!" ഞാൻ നിങ്ങളുടെ സമയം നഷ്ടപ്പെ ടുത്തുകയല്ലായിരുന്നു. പിന്നെയോ നിങ്ങളെ തടഞ്ഞു നിങ്ങൾക്കു് ഉപകാരം ചെയ്യുകയായിരുന്നു. തെററാ യമാൎഗ്ഗത്തിൽനിന്നു രക്ഷിക്കയായിരുന്നു—" യൌവംഗി ൻെറ രഹസ്യസങ്കേതത്തിൽനിന്നു കണ്ടുകിട്ടിയ റി വാൾവർ മി: മേനോൻ പോക്കററിൽനിന്നു് വെളി യിലെടുത്തു ചീഫ് ഇൻസ്പക്ടരുടെ മുൻപിൽവച്ചു.

ലജ്ജിതനും കൎത്തവ്യവിമൂഢനുമായിത്തീൎന്ന ചീ ഫ് ഇൻസ്പക്ടർ യാതൊന്നും സംസാരിക്കാതെ അ ല്പസമയം ആ റിവാൾവറിലേക്കുതന്നെ നോക്കിക്കൊ ണ്ടു നിന്നുപോയി. അതിനുശേഷം ചോദിച്ചു—"ശ രി, ഇതു നിങ്ങൾക്കു് എവിടെനിന്നാണു കിട്ടിയതു്?"

മി: മേനോൻ സംഭവം മുഴവൻ പറഞ്ഞുകേരം പിച്ചു.

"മഹാ ബുദ്ധിശാലിതന്നെ."—ചീഫ് ഇൻസ്പെക്റ്റർ പുഞ്ചി ക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു—"പക്ഷെ, മി: നേനാൻ, ഞാൻ ഇതിന് നന്ദിപറയാൻ തയ്യാറില്ല. നിങ്ങരം വന്നയുടൻ വിവരം പറയാമായിരുന്നല്ലോ."

മി: മേനോൻ പൊട്ടിച്ചിരിച്ചു. ചീഫ്ഇൻസ്പക്റ്ററുടെ വാക്കുകരം അദ്ദേഹത്തെ വളരെ സന്തോഷിപ്പിച്ചു. "അപ്പോരം നിങ്ങരംക്കു നിങ്ങളുടെ തെററു മനസ്സിലായെന്ന് കരുതാമല്ലോ. നിങ്ങരം ഒരു ഭയങ്കരതെററുചെയ്യാൻ ഭാവിക്കയായിരുന്നുവെന്ന് ഇപ്പോരം സമ്മതിക്കുമോ? നാമെല്ലാം തെററുകരം ചെയ്യുന്നവരാം. ആ തെററുകളിൽനിന്ന് എന്തെങ്കിലും ഗുണപാഠം പഠിക്കേണ്ടതു നമ്മുടെ കത്തവ്യമാണ്."

ലജ്ജിതനായ ചീഫ്ഇൻസ്പക്റ്റർ അവരോടു യാത്രപറഞ്ഞുപിരിഞ്ഞു. ക്രുദ്ധനും ദുഃഖിതനുമായിരുന്നുവെങ്കിലും അദ്ദേഹം തൻെറ പരാജയത്തോടൊരുമിച്ചു മി: മേനോൻ തന്നെ ഒരു വലിയ തെററിൽനിന്നു രക്ഷിച്ചുവെന്നും മനസ്സാലെ സമ്മതിച്ചുകൊണ്ടാണു തിരികെപോയതു്.

"ഈ പ്രാവശ്യം ചീഫ് ഇൻസ്പക്ടുക്ക് ശരിക്കു ഏററു."—ചീഫ് ഇൻസ്പക്ടർ പോയതിനു ശേഷം ഗോപകുമാര് പറഞ്ഞു—"ഇനിയെങ്കിലും അല്പം കരുതലോടുകൂടി പ്രവത്തിച്ചുകൊള്ളും."

"നിങ്ങൾ ഞങ്ങൾക്കു വലിയ ഉപകാരമാണു ചെയ്തതു്."—മി: പത്മനാഭപിള്ള കൃതജ്ഞത പ്രകടിപ്പിച്ചു—"നിങ്ങൾ രണ്ടുപേരും ഇല്ലായിരുന്നുവെങ്കിൽ ആ യൌംഗ് എൻെറ കുഞ്ഞിൻെറ ജീവൻ നശിപ്പിച്ചുകളയുമായിരുന്നു."

"കൊലക്കുററത്തിനു ആരെയെങ്കിലും അറസ്ററുചെയ്യേണ്ടതു് ചീഫ് ഇൻസ്പെക്റ്ററുടെ ആവശ്യമാണു്. പോലീസ് കമ്മീഷണരെ കണ്ടു സകലസംഗതികളും ഞാൻ അദ്ദേഹത്തെ അറിയിച്ചുകൊള്ളാം. ഭാവിയിലും മി: സുരേശൻനായൎക്കു് അറസ്റ്റിൻെറ ഭയമുണ്ടാകാൻ പാടില്ലല്ലോ. മി: നായരെ അറസ്ററുചെയ്വാൻ സാധിക്കാതെവന്നതുകൊണ്ടും ആരെയെങ്കിലും അറസ്റ്റ്ചെയ്യേണ്ടതു പോലീസിനെ സംബന്ധിച്ചിടത്തോളം അനിവാൎയ്യമായതുകൊണ്ടും ഇനി വെട്ടെന്നുതന്നെ യൌംഗിനെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു."

"സൌകൎയ്യമുള്ളപക്ഷം നിങ്ങൾക്കൂടി നായാട്ടിനു ഞങ്ങളുടെകൂടെ വന്നാൽകൊള്ളാം. കിഴക്കൻമലകളിൽ കുറെ ഭൂമി ഞാൻ ഈയിടെ പതിപ്പിച്ചിട്ടുണ്ടു്. കുറച്ചു ദിവസത്തേയ്ക്കു അവിടെ പോയി താമസിച്ചാൽ അല്പം ആശ്വാസം കിട്ടുമായിരുന്നു. എന്താ, പോകാൻ വിരോധം വല്ലതുമുണ്ടോ?"

പത്മനാഭപിള്ളയുടെ ക്ഷണം സ്വീകരിച്ചതിനുശേഷം മാസ്റ്ററും ശിഷ്യനും യാത്രപറഞ്ഞു വെളിയിലിറങ്ങി. വഴിയിൽവച്ചു ഗോപകുമാർ ചോദിച്ചു —"മാസ്റ്റർ വിചാരിക്കുന്നതു ബോട്ടുമുങ്ങി ചാകുന്നതിനുമുൻപു യൌംഗ് ഈ എഴുത്തു് അയച്ചതാണെന്നാണോ?"

"അല്ല."—മി: മേനോൻ പറഞ്ഞു—"ബോട്ടുമു ങ്ങിയതിനുശേഷം."

ഗോപകുമാറിനു അത്യന്തം ആശ്ചൎയ്യംതോന്നി. അദ്ദേഹം ചോദിച്ചു—"അതെങ്ങിനെ സാധിക്കും? യെവംഗ് ചത്തു കഴിഞ്ഞില്ലേ?"

"ഇല്ല. അവൻ മരിച്ചിട്ടില്ല. ഇപ്പോഴും ജീവി ച്ചിരിപ്പുണ്ട്. അവൻ മനപ്പൂൎവ്വം ബോട്ടുമുക്കിയതാ ണ്. സേച്ച്ലൈററിന്റെ തൂണിൽ ബോട്ടുമുട്ടി തക രുന്നതിന് അല്പം മുൻപു അവൻ ബോട്ടിൽനിന്നു ചാടി. മരിച്ചുപോയിഎന്ന് നമ്മെ തെററിദ്ധരിപ്പി ക്കാനാണ് അവൻ ബദ്ധപ്പെട്ടുന്നതു്. എനിക്കു നേ രത്തെതന്നെ സംശയം തോന്നിയതാണ്. പക്ഷെ ഞാൻ പറഞ്ഞില്ലന്നേയൊള്ളൂ. ചീഫ് ഇൻസ്പെ ക്ടർ ആ എഴുത്തു കാണിച്ചപ്പോൾ അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന സംഗതി എനിക്കു വിശ്വാസ മായി. കാമിനി തകൎന്നു നശിച്ചതു ഏതാണ്ട് പ തിനൊന്നുമണിക്കും എഴുത്തു പോസ്ററുചെയ്തതു് അ ൎദ്ധരാത്രികഴിഞ്ഞുമാണ്."

"എന്നുപറഞ്ഞാൽ ഇനിയും നമുക്ക് യെവംഗി നെ എതിരിടേണ്ടിവരുമെന്നാണോ അങ്ങ് പറയു ന്നതു്?" ഗോപകുമാർ തലയാട്ടിക്കൊണ്ടു ചോദിച്ചു.

"അതെ, ഇനി വളരെ കരുതലോടുകൂടി വേ ണം അവനെ എതിരിടാൻ. യെവംഗ് ഇപ്പോൾ ജീവിക്കുന്നതു വെറും പ്രതികാരത്തിനുവേണ്ടിയാണ്. അവൻ എന്തും പ്രവൎത്തിക്കും."

## 10

# യൌംഗ് പുതിയ സങ്കേതത്തിലെത്തുന്നു

മലഞ്ചരിവിലുള്ള ഒരു വൃത്തികെട്ട ഗ്രാമത്തിലെ ചെറുകുടിലിൽ അടുപ്പിനു സമീപമിരുന്നു ഒരാൾ അന്നത്തെ പത്രം വായിക്കയാണു്.

അയാളുടെ വസ്ത്രങ്ങൾ മനോഹരങ്ങളും വിലപിടിപ്പുള്ളവയുമാണ്. ആ വൃത്തികെട്ട കുടിലിൽ കഴിച്ചുകൂട്ടാനുള്ള ആളല്ല അയാളെന്നു തീർത്തു പറയാം.

യഥാർത്ഥത്തിൽ യൌംഗിൻെറ പോക്കററിൽ—ആ വ്യക്തി യൌംഗ് തന്നെയാണ്—ധാരാളം പണമുണ്ടു്. പോലീസുകാരുടെ ദൃഷ്ടിയിൽ പെടാതിരിക്കുവാനാണ് ഈ ചെറുകുടിലിൽ അഭയം തേടിയിരിക്കുന്നതു്. തല്ക്കാലത്തേയ്ക്കു യൌംഗ് സുരക്ഷിതനാണ്. അയാളുടെ കയ്യിലിരുന്ന പത്രത്തിൻ യൌംഗിൻെറ മരണവാർത്തയും അച്ചടിച്ചിരുന്നു. എന്നാലും യൌംഗ് തല്ക്കാലം വെളിയിലിറങ്ങി ഏതെങ്കിലും വിപത്തിൽ പെടുവാൻ ആഗ്രഹിച്ചില്ല. മി. മേനോനെയാണ് അയാൾ ഏററവും കൂടുതൽ ഭയന്നിരുന്നതു്. ലോകത്തിൻെറ ഒരററം മുതൽ മറെറ അററം വരെ അയാളെ പിന്തുടൎന്ന് ഇന്നു വരെയുള്ള അയാളുടെ സകല പ്രവൎത്തനങ്ങളെയും നിഷ്പ്രയോജനങ്ങളാക്കിത്തീൎത്ത അതിസമൎത്ഥനും സാഹസികനുമായ ഡിക്റ്റേററീവ് വിദഗ്ദ്ധനാണ്, അദ്ദേഹം.

പകൽ മുഴുവൻ യൌംഗ് തൻെറ മുറിക്കുള്ളിൽ ഒളിഞ്ഞിരിക്കും. രാത്രിയായാൽ വെളിയിലിറങ്ങും. രാത്രിയിൽപോലും തൻെറ പഴയ സങ്കേതത്തിലേയ്ക്കു പോകുവാൻ അയാൾ ധൈര്യപ്പെട്ടില്ല. പ്രതികാര ജ്വാല അയാളുടെ ഹൃദയത്തിൽ പ്രബലപ്പെട്ടുകൊണ്ടിരുന്നു.

യൌംഗ് പത്രത്തിലെ തലക്കെട്ടുകൾ ശ്രദ്ധിച്ചു വായിക്കയായിരുന്നു. സുരേശൻനായരെ അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല. അയാൾ പോലീസിനു അയച്ചുകൊടുത്ത എഴുത്തിൽ· അവർ യാതൊരു നടപടിയും നടത്തിയിട്ടില്ല. "അവർ ആ എഴുത്തിനു യാതൊരു പ്രാധാന്യവും നല്കിയില്ലെന്നല്ലേ ഇതിൻെറ അർത്ഥം?" യൌംഗ് തൻെറ മനസ്സിൽ വിചാരിച്ചു. "അതൊരിക്കലും സാദ്ധ്യമല്ല. അവർക്കു അതൊരു വലിയ തെളിവായിരുന്നല്ലൊ. ആ എഴുത്തിൽ നിന്നു് ഹീസിങ്ങിനെ കൊന്നതു് സുരേശൻനായർ തന്നെയാണെന്നു് തെളിയുമല്ലൊ മി. മേനോൻ പോലീസുകാരോടു നടന്ന സംഭവം മുഴുവൻ പറഞ്ഞു സുരേശൻനായരെ രക്ഷിച്ചെങ്കിൽ മാത്രമെ അതു നടക്കുകയുള്ളൂ. അതുകൊണ്ടായിരിക്കാം പോലീസുകാർക്കു് ഒന്നും ചെയ്യാൻ സാധിക്കാതിരുന്നതു്."

പത്രത്തിൻെറ ഒരു ഭാഗത്തു് അച്ചടിച്ചിരുന്ന മി: മേനോൻെറ പേരു് യൌംഗ് അതിനിടക്കു കണ്ടു. അയാൾ വളരെ ധൃതിയിൽ ആ ഭാഗം വായിച്ചു—"സിംഗപ്പൂരിലെ വ്യവസായസമ്രാട്ടായ മി: പത്മനാഭപിള്ളയും പുത്രൻ മി: സുരേശൻനായരും നാ

യാട്ടിനുവേണ്ടി ഈയിടെ അവർ പതിപ്പിച്ച വനപ്രദേശത്തു പുതിയതായി പണികഴിപ്പിച്ച ബംഗ്ലാവിൽ വന്നു താമസിക്കുന്നതായറിയുന്നു. പ്രസിദ്ധ ഡിക്റ്ററിവു മി: മേനോനും സഹപ്രവർത്തകൻ മി: ഗോപകുമാറും അവരുടെ അതിഥികളായി താമസിച്ചുവരുന്നു.”

ആ വാർത്തവായിച്ചതോടുകൂടി യൌംഗിൻെറ മുഖം ക്രോധാവേശത്താൽ രക്തവർണ്ണമായി. മി: മേനോൻ കാരണമാണു് അയാളുടെ പ്ലാൻ മുഴുവൻ തകർന്നതു്. അങ്ങിനെയാണു് യൌംഗ് പരിപൂർണ്ണമായി വിശ്വസിക്കുന്നതു്.

എന്നാൽ അല്പനേരത്തിനുള്ളിൽത്തന്നെ അയാളുടെ ക്രോധം ശാന്തമാകയും അയാളുടെ കണ്ണുകൾ കുറുക്കൻെറ കണ്ണുകളെന്നപോലെ ഒരു പ്രാവശ്യം തിളങ്ങുകയും ചെയ്തു.

സമരക്ഷേത്രത്തിലിറങ്ങുന്നതിനുള്ള സമയം വീണ്ടുമെടുത്തു. ഏതായാലും പത്മനാഭപിള്ള പ്രഭൃതികൾ താമസിക്കുന്ന ഭാഗത്തേക്കു പോകുകതന്നെയെന്നു് അയാൾ നിശ്ചയിച്ചു.

*   *   *   *

മി: മേനോൻ ഗോപകുമാറുമൊരുമിച്ചു മുമ്പു നിർദ്ദേശിച്ച സ്ഥാനത്തു് എത്തിക്കഴിഞ്ഞിരുന്നു. കഴിഞ്ഞ രണ്ടു ദിവസങ്ങളായി അവർ അവിടെത്തന്നെ താമസിക്കുകയായിരുന്നു. ഗോപകുമാറിനു ആ സ്ഥാനം വളരെ ഇഷ്ടമായി.

ഒരു ദിവസം പുതിയ സ്ഥലംകാണാൻ വെളിയിൽ ചുററിക്കറങ്ങിയശേഷം തിരികെയെത്തിയ

പ്പോൾ അദ്ദേഹം വളരെ പരിഭ്രമിച്ചിരുന്നു. അദ്ദേഹം നേരേ മി: മേനോൻെറ മുൻപിലെത്തി. മി: മേനോൻ വായനമുറിയിൽ വായിച്ചുകൊണ്ടിരിക്കയായിരുന്നു.

"മാസ്റ്റർ! ഇന്ന് ഒരു രസകരമായ സംഭവമുണ്ടായി"—ഗോപകുമാർ തുടന്നു—"ഞാൻ നടന്നിട്ടു തിരികെ വരുമ്പോൾ കുററിക്കാട്ടുകളുടെ ഇടയിൽ ഒരാൾ പതുങ്ങിയിരുന്ന് എൻെറ നേരേ ഒളിഞ്ഞു നോക്കുന്നതു് ഞാൻ കണ്ടു. പെട്ടെന്ന് അയാൾ അപ്രത്യക്ഷനാകയും ചെയ്തു. ഞാൻ മുന്നോട്ടുചെന്നു കുററിക്കാട്ടുകളിലെല്ലാം തെരഞ്ഞു. ഭൂമിയിൽ താണുപോയതോ ആകാശത്തേക്കു പറന്നുപോയതോ എന്താണെന്നറിഞ്ഞുകൂടാ, ഏതായാലും അവിടെയെങ്ങും അയാളെ കണ്ടുകിട്ടിയില്ല. വളരെദ്ദൂരംവരെ ഞാൻ അയാളെ അന്വേഷിച്ചുകൊണ്ടു നടന്നു. പക്ഷെ എങ്ങും കാണുകയുണ്ടായില്ല."

പ്രസിദ്ധപ്പെട്ട ഡിക്റ്ററേറിവ് ഒരന്വേഷണദൃഷ്ടി തൻെറ സഹപ്രവത്തകനിൽ പതിപ്പിച്ചുകൊണ്ടു് പറഞ്ഞു—"അയാളെ കണ്ടപ്പോൾതന്നെ നിങ്ങളിത്ര ചഞ്ചലനും പരിഭ്രാന്തനുമായിത്തീന്നല്ലോ. ഒരു പക്ഷേ അയാൾ അത്ര സരസനായിരിക്കാം."

"തീർച്ചയായും" ഗോപകുമാർ പറഞ്ഞു: "അങ്ങ് കണ്ടിരുന്നുവെങ്കിൽ അങ്ങും എന്നേപ്പോലെതന്നെ ചഞ്ചലചിത്തനായിത്തീരുമായിരുന്നു. അവൻ ആ ആംഗ്ലോ ചീനിയല്ലാതെ വേറെ ആരെങ്കിലുമാണെങ്കിൽ എനിക്ക് എൻെറ കണ്ണുകൾ പരിശോധിപ്പിച്ച് കണ്ണാടി വയ്ക്കേണ്ടതു് അത്യാവശ്യമാണ്."

ഗോപകുമാർ ഇത്രയും പറഞ്ഞശേഷം, ആശ്ചര്യത്തി ലാണ്ട് സമീപത്തുതന്നെ ഇരുന്നിരുന്ന പത്മനാഭപി ള്ളയുടെയും സുരേശൻനായരുടെയും നേക്ക് നോക്കി.

"നിങ്ങൾക്ക ഭ്രമം പററിയതായിരിക്കാം." മി: പത്മനാഭപിള്ള തുടന്നു:—"നിങ്ങൾ അവനെപ്പററി ആലോചിച്ചുകൊണ്ടു നടന്നതിനിടയ്ക്കു കററിക്കാട്ടിൽ വേറെ ആരെയോകണ്ട് യൌംഗാണെന്നു തെററിദ്ധരി ച്ചതായിരിക്കാം. അതുതന്നെയാണ് സംഭവിച്ചതു്."

"അല്ല, തെററിദ്ധാരണയല്ല" ഗോപകുമാർ പ റഞ്ഞു—"ഞാൻ നിങ്ങളെത്തന്നെയാണ് ഇവിടെ കാ ണുന്നതെങ്കിൽ അവിടെക്കണ്ടതു് യൌംഗിനെയാ ണെന്നുള്ളതിൽ യാതൊരു സംശയവുമില്ല."

"അപ്പോൾ മി. മേനോൻ!"—സുരേശൻനായർ തുടന്നു—"അങ്ങയുടെ ഊഹം ശരിതന്നെയാണ്. യൌംഗ് ബോട്ടു മുങ്ങി മരിച്ചിട്ടില്ല. എങ്കിലും അ വൻ ഇവിടെ വന്ന് എന്തുചെയ്യാനാണ് ആഗ്രഹിക്കു ന്നതു്? അവൻെറ സകലഗൂഢതന്ത്രങ്ങളും നാം നിഷ് പ്രയോജനമാക്കി. ഇനി എന്തു കുഴപ്പമുണ്ടാക്കാനുള്ള ശ്രമമാണ് നടത്തുന്നതു്."

"പ്രതികാരം ചെയ്യുന്നതിനുള്ള ശ്രമമാണ്"— മി.മേനോൻ പറഞ്ഞു—"അതിനാണ് ഇവിടെ എ ത്തിയിരിക്കുന്നതു്."

"അപ്പോൾ നിങ്ങൾ വിചാരിക്കുന്നതു് അവൻ യൌംഗ് തന്നെ ആയിരുന്നുവെന്നാണോ?"

"അതിൽ യാതൊരു സംശയവുമില്ല. ഗോപകു മാറിൻെറ കണ്ണുകൾക്കു ഭ്രമമുണ്ടാകുകയില്ല. ഗോപ

കുമാർ അവനെ കണ്ടില്ലെന്നു വിചാരിച്ചാണ് അ
വൻ പെട്ടെന്നു മാറിക്കളഞ്ഞത്. ഇനി അവൻെറ
ഉത്സാഹം കൂടുതലാകും. നമ്മെ ആക്രമിക്കാനുള്ള പു
തിയ അടവുകളെ സംബന്ധിച്ച് ആലോചിക്ക ആ
യിരിക്കും അവൻ."

"നിങ്ങൾ നായാട്ടിനാണ് ഇവിടെ വന്നത്. പ
ക്ഷെ അതിനുള്ള അവസരം നിങ്ങൾക്കു കിട്ടുമോ എ
ന്നു സംശയമാണ്"—പത്മനാഭപിള്ള പറഞ്ഞു.

"ആവശ്യം സൃഷ്ടിയുടെ മാതാവാണ്, അതു
സാപായം വന്നുചേരുകയുമാണ് പതിവ്. ചെന്നായേ
ക്കാൾ—സിംഹത്തേക്കാൾ—ഭയങ്കരമായ ഇരയെ വേ
ട്ടയാടാൻ നാം തയ്യാറായിരിക്കണമെന്ന് ഒരിക്കലും മ
റന്നു പോകരുത്. യൌംഗ് മുമ്പിലത്തേതിലുമധികം
ഭയങ്കരനായിരിക്കയാണ്. യൌംഗ് ആയാലും ശരി
അവൻെറ തന്തയായാലുംശരി, ഇന്നുള്ള പ്രോഗ്രാം മാ
റാൻ ഞാൻ തയാറല്ല. ഇന്നു കുറച്ചു കുളക്കോഴികളെ
വെടിവെക്കുക തന്നെ വേണം. അതുകൊണ്ടു പോകാൻ
തയാറാകാം. ഉച്ചയ്ക്കു കുളക്കോഴികൾ ധാരാളംകിട്ടും."

അല്പസമയത്തിനുള്ളിൽ അവർ അവരവരുടെ
തോക്കു തോളിൽ താങ്ങിക്കൊണ്ടു് യാത്രയായി. വൈ
കുന്നേരം വരെ വേട്ടയാടിക്കൊണ്ടിരുന്നു. സമീപപ്ര
ദേശങ്ങളിലെല്ലാം ആരെയെങ്കിലും സംശയം തോന്നി
യാൽ പിടിച്ചേൽപ്പിക്കുന്നതിനുവേണ്ടി ആളുകളെ ഇ
രുത്തിയിരുന്നുവെങ്കിലും യൌംഗിനെ ആരും കാണു
കയുണ്ടായില്ല.

★

## 11

# അവസാനയടി അടിക്കുന്നു

അടുത്ത ദിവസം രാവിലെ പത്മനാഭപിള്ള മി. മേനോനെയും ഗോപകുമാറിനെയും കൂട്ടിക്കൊണ്ട് അടുത്തുള്ള പോലീസ്‌സ്റ്റേഷനിലെത്തി യൌംഗിനെ സംബന്ധിച്ച സകലവിവരങ്ങളും ഇൻസ്പെക്ടറെ ധരിപ്പിച്ചു. യൌംഗിനെ എവിടെയെങ്കിലും കണ്ടു കിട്ടിയാൽ പിടികൂടാൻ ശ്രമിക്കാമെന്ന് അദ്ദേഹം അവരെ ആശ്വസിപ്പിച്ചു. എന്നുതന്നെയല്ല, അദ്ദേഹം ധാരാളം കാൺസ്റ്റബിൾമാരെ അതിലേയ്ക്കു നിയോഗിക്കുകയും ചെയ്തു.

അവിടെ നിന്നു മടങ്ങിവരുന്ന വഴി ഒരു കാട്ടിനു സമീപം വച്ച് വേഗം ഓടുന്ന കാർ ഡ്രൈവർക്ക് പെട്ടെന്നു ബ്രേക്ക് ചെയ്യേണ്ടതായി വന്നു. മി. മേനോനും ഗോപകുമാറും മുന്നോട്ടു ആഞ്ഞു നിലത്തു വീണില്ലെന്നു മാത്രം പറയാം. റോഡിൻെറ ഒരരികിൽ ഒരു കുതിരവണ്ടി കിടന്നിരുന്നു. മറേറ അരികിൽ അതിൻെറ കുതിരകൾ മേഞ്ഞുകൊണ്ടും നിന്നിരുന്നു. അതുകൊണ്ടാണ് സഡൻബ്രേക്കിൻെറ ആവശ്യം നേരിട്ടതു്. കാർ നിർത്തിയശേഷം ഡ്രൈവർ വെളിയിലിറങ്ങി. അയാൾ വണ്ടിക്കാരനെ ചീത്ത പറയാൻ തുടങ്ങി. വണ്ടിക്കാരൻ കാറിൻെറ സമീപമെത്തി—"അയാൾ പഴയ വിക്ടോറിയാ ഓടിക്കുന്നവനും വലിയ കുടിയനുമാണെന്നു ഡ്രൈവർ അവ

രോടു പറഞ്ഞു. സാധാരണയായി വണ്ടി വഴിയിൽ വിട്ടിട്ടു അടുത്തുള്ള മദ്യക്കടയിൽ കുടിക്കാൻ പോകുന്നതു പതിവാണു്."

വണ്ടിക്കാരൻ ക്ഷമായാചനം ചെയ്യാൻ തുടങ്ങി. കുതിരകളെ വണ്ടിയിൽ നിന്നഴിച്ചു വളരെ ദൂരെ വിട്ടിരിക്കയായിരുന്നവെന്നും കുതിരകൾ എങ്ങിനെയാണു് ഇത്ര പെട്ടെന്നു്, ഇവിടെ വന്നെത്തിയതെന്നു് അവനറിവില്ലെന്നും അവൻ വളരെ വിനയത്തോടു കൂടി അവരോടു പറഞ്ഞു. മി. മേനോൻ അവൻെറ വാക്കുകൾ കേട്ടു് ചിരിച്ചുപോയി. അദ്ദേഹം ഗോപകുമാറിനോടു പറഞ്ഞു—"യൌംഗ് ഇവിടെ എവിടെയോ ഒളിച്ചിരിപ്പുണ്ടു്. അയാളുടെ പൊടിക്കൈകളാണിതെല്ലാം. വണ്ടിക്കാരൻ യഥാൎത്ഥത്തിൽ നിർദ്ദോഷിയാണു്. യൌംഗ് വണ്ടിയും കുതിരകളെയും ഉപയോഗിച്ചു് കാൎയ്യം നേടാൻ ശ്രമിക്കയായിരുന്നു."

"എന്നാൽ ഇറങ്ങി അവനെ എന്തുകൊണ്ടാണു് അന്വേഷിക്കാത്തതു്?" ഗോപകുമാർ ചോദിച്ചു.

"അതുകൊണ്ടു പ്രയോജനമില്ല. അവൻ ഇപ്പോഴും കാട്ടിലെവിടെയോ ഒളിഞ്ഞിരുന്നു നമ്മെ ശ്രദ്ധിക്കയായിരിക്കും. അവൻെറ ഈ പ്ലാനും വിഫലമായി. വളരെ ക്രുദ്ധനായിക്കാണും അവനിപ്പോൾ. സന്ധ്യക്കു മുമ്പു് ഇനിയുമെന്തെങ്കിലും സംഭവിക്കാതിരിക്കയില്ല. എല്ലാം ശരിക്കു ശ്രദ്ധിച്ചുകൊള്ളണം."

മി. മേനോൻ പറഞ്ഞതു് യാഥാൎത്ഥ്യമായിത്തീൎന്നു. സത്യത്തിൽ അവൻ ഒളിഞ്ഞിരുന്നു് അവരെ

ശ്രദ്ധിക്കുന്നുണ്ടായിരുന്നു മി. മേനോനും മററും പോയതിന്നു ശേഷം അവന്നു തന്നത്താൻ ഭയങ്കരമായ കോപമുണ്ടായി. താൻ പെട്ടെന്നു ശരിയായി ആലോചിക്കാതെ പ്ലാൻചെയ്തതുകൊണ്ടാണ് പരാജിതനായിത്തീൎന്നതെന്നു യൌംഗ് പശ്ചാത്തപിക്കാൻ തുടങ്ങി. "ഇനി അവർ കൂടുതൽ കരുതലോടുകൂടി ജീവിക്കും, ആയതിനാൽ ചെയ്യാനുള്ളതു് പെട്ടെന്നുതന്നെ ചെയ്യണം." ഇങ്ങനെ ആലോചിച്ചുകൊണ്ടു അവൻ മി: പത്മനാഭപിള്ളയുടെ താമസസ്ഥലത്തേക്കു തിരിച്ചു. ബംഗ്ലാവിന്നു സമീപമെത്തി ഒരു കുററിക്കാട്ടിലൊളിച്ചിരുന്നു് അവിടത്തെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ തുടങ്ങി.

"ധാരാളം ജോലിക്കാർ പലതരത്തിലുള്ള ജോലികളിൽ ഇടപെട്ടിരിക്കയാണു്. പകൽ അവിടെ ചെന്നാശേഷം രക്ഷപെടുവാൻ സാദ്ധ്യമല്ല."—യൌംഗ് മനസ്സിൽ വിചാരിച്ചു. അവൻ വേലക്കാൎക്കു കയറാനും ഇറങ്ങാനുമുള്ള കോവേണി കണ്ടെത്തി. രാത്രിയിൽ ആ കോവേണി വഴി മുകളിൽ കയറി കെട്ടിടത്തിനുള്ളിൽ ഇറങ്ങിക്കളയാമെന്നു് അവൻ തീരുമാനിച്ചു. അങ്ങിനെ തീരുമാനിച്ചതിന്നു ശേഷം അവൻ ആ കുററിക്കാട്ടിനുള്ളിൽ കമഴ്ന്നുപററിപ്പിടിച്ചു കിടന്നു. ആ കുററിക്കാടു പത്മനാഭപിള്ളയുടെ ബംഗ്ലാവിന്റെ പിൻഭാഗത്തു ഏകദേശം നൂറുഗജം ദൂരത്തായിരുന്നു. രാത്രിയിൽതന്നെ അവിടെ പ്രവേശിക്കുന്നതാണു് നല്ലതു്. അവൻ എൎണാകുളത്തുനിന്നു് ഒററരാത്രികൊണ്ടാണു് ഇവിടെ വന്നതു്. ഒററ രാത്രികൊണ്ടുതന്നെ അവൻ ഈ കാൎയ്യവും ചെയ്യും.

വൈകുന്നേരം ഏകദേശം അഞ്ചുമണിക്ക് ജോലിക്കാർ ജോലി നിറുത്തി, തടിക്കോവേണി അവിടെ ത്തന്നെ ഇട്ടിട്ട കൂലിവാങ്ങി വീടുകളിലേയ്ക്കു പോയി.

"അഹാ! എനിക്കു ഭാഗ്യമുണ്ട്"—യൌംഗ് തന്നത്താൻ പറഞ്ഞു—"അവർ കോവേണി ദാ, അവിടെ ത്തന്നെ ഇട്ടിട്ടാണു പോകുന്നത്." അവൻ ആ കുററിക്കാട്ടിൽത്തന്നെ കിടന്നു. നാലുപാടും അന്ധകാരം വ്യാപിച്ചു. പത്മനാഭപിള്ളയുടെ ബംഗ്ലാവിൽ നിന്ന് ജനാലകളിൽകൂടി വെളിച്ചം വെളിയിലേയ്ക്കു വന്നുതുടങ്ങി.

"ഇനി ഇവിടെ നിന്നു വെളിയിലിറങ്ങണം." എന്നു പറഞ്ഞുകൊണ്ടു യൌംഗ് കുററിക്കാട്ടിൽനിന്നു വെളിയിലിറങ്ങി. പതുങ്ങിപ്പതുങ്ങി ബംഗ്ലാവിൻെറ പിറകുവശത്തേയ്ക്കുട്ടത്തു. അവൻ ആ കെട്ടിടത്തിൻെറ പിറകുവശത്തു എത്തി. ആരും അടുത്തെങ്ങുമില്ല. ഒരു ജനാലയുടെതാഴെ കോവേണി എടുത്തുചാരി. അവൻ ശ്രദ്ധിച്ചു. എങ്ങും നിശ്ശബ്ദതയാണ്. ജനാലയുടെ മുകളിലെത്തി അവൻ മിണ്ടാതെ മറുവശത്തേയ്ക്കു ചാടി.

ആ ജനാലയുടെ മുൻവശത്തായിരുന്നു ആഹാരം കഴിക്കുന്നതിനുള്ള മുറി. അവൻ ഇപ്പോൾ നില്ക്കുന്ന മുറിയുടെ ഭിത്തിയിൽ ഒരു യോദ്ധാവിൻെറ ഇരുമ്പുചട്ട തൂക്കിയിരുന്നു. അതു ആരുടെയോ ഓർമ്മയ്ക്കായി വച്ചിരുന്നതാണ്. നല്ല ഇറക്കമുള്ള ആ ഇരിമ്പുചട്ടയോടൊരുമിച്ചു ഇരിമ്പുതൊപ്പിയുമുണ്ടായിരുന്നു.

യൌംഗ് ആ ഭാഗത്തേയ്ക്ക് ആകർഷിക്കപ്പെട്ടു. ഒളിഞ്ഞിരിക്കാൻ അവനു ശരിയായ സാധനം കിട്ടി. ആഹാരമുറി അതിൻെറ മുൻവശത്തുതന്നെയാണല്ലോ.

യൌംഗ് സാവധാനം ആ ഇരിമ്പുചട്ടയുടെ സമീപ ത്തേയ്ക്കു നീങ്ങി. മിണ്ടാതെ ആ ഇരിമ്പുചട്ടയെടുത്തു ധരിച്ചു. മുസ്ലീംസ്ത്രീകൾ ധരിക്കാറുള്ള മൂട്ടപ്പടത്തി ൻെറ രീതിയിലുള്ളതായിരുന്നു ആ ചട്ട. യൌംഗ് അടിമുടി ചട്ടയിൽ മൂടി ആ ചട്ട തൂക്കിയിട്ടിരുന്ന ആ ണിയോടു ചേർത്തുതൊപ്പിവച്ചുകൊണ്ടു ഭിത്തിയോടു ചേൎന്നുനിന്നു. യൌംഗിനെ ആ നിലയിൽ ഇരുമ്പുച ട്ടയും തൊപ്പിയുമെന്നുമാത്രമേ കാഴ്ചക്കാൎക്കു തോന്നുമാ യിരുന്നൊള്ളു. അവൻ അവിടെ അങ്ങിനെ നിന്ന് അവസരം പ്രതീക്ഷിക്കാൻ തുടങ്ങി.

മൂന്നു മണിക്കൂർ സമയം യൌംഗിന് പ്രതീക്ഷി ക്കേണ്ടതായിവന്നു. ഭക്ഷണത്തിനുള്ള സമയമായി. പത്മനാഭപിള്ളയും മററും കസേരകളിൽ വന്നിരുന്നു.

ആഹാരസമയത്തു യുദ്ധസംബന്ധമായ കാൎയ്യങ്ങ ളാണു സംഭാഷണ വിഷയമായതു്. ഫെർമോസാ യെ ചീന ആക്രമിക്കുന്നതു് ഏതെല്ലാം കാരണങ്ങൾ വച്ചുകൊണ്ടായാലും നീതീകരിക്കാവുന്നതല്ലെന്നായിരു ന്നു മി: പത്മനാഭപിള്ളയുടെ അഭിപ്രായം. അതു പോലെ അമേരിക്കാക്കാരാണു് ഇന്നു ലോകത്തിലെ ഏററവും ഭീരുജാതിക്കാരെന്നായിരുന്നു അദ്ദേഹത്തി ൻെറ വാദം. അതുകൊണ്ടാണു് അവർ ആററം ബോംബും വിഷവായുവും മററും കാണിച്ചും പ്രയോഗി ച്ചും മററു രാഷ്ട്രങ്ങളെ പിടിച്ചടക്കാൻ വെമ്പൽ കൊ ള്ളുന്നതു്. നാം വാങ്ങിയിരിക്കുന്ന ഈ സ്ഥലവും കെ ട്ടിടവും ഒരു പഴയ പടയാളിയുടേതാണു്. അദ്ദേഹം ഉപയോഗിച്ചിരുന്ന ഇരിമ്പുചട്ടയും തൊപ്പിയുമാണ് ആ തൂക്കിയിട്ടിരിക്കുന്നതു്.

മി: മേനോൻെറ ദൃഷ്ടികൾ ആ ഇരിമ്പു ചട്ടയിൽ പതിഞ്ഞു—"ആളുകൾ പറയുന്നതു് ഇപ്പോഴത്തെ അവകാശിയുടെ പിതാമഹൻ"—മി: പത്മനാഭപിള്ള പിന്നെയും പറയുകയാണു്. പക്ഷെ മി: മേനോൻെറ ശ്രദ്ധ ആ ഇരിമ്പുചട്ടയിലായിരുന്നു. പെട്ടെന്നു് അദ്ദേഹം എഴുന്നേററു അതിൻെറ നേരെ ഓടി. ഒരു പൊട്ടൽ! ഏതോസാധനം നിലംപതിച്ചു. അതൊരു ഗദയായിരുന്നു. മി: മേനോൻ അതു കൈയ്യിലെടുത്തു് ആ ഇരിമ്പുചട്ടയുടെ തലയ്ക്കു ശക്തിയായി അടിച്ചു. യൌംഗിൻെറ തല സ്പഷ്ടമായി കാണാമായിരുന്നു. ഗദ യൌംഗിൻെറ തോളിൽ ശരിക്കുകൊണ്ടു. അവൻ ചട്ടയ്ക്കുള്ളിൽ നിന്നു കൈകൾ വെളിയിലെടുത്തശേഷം ഒരു കണ്ണാടിപന്തു് മി: മേനോൻെറ നേരെ എറിയുവാൻ ഭാവിച്ചു. പക്ഷെ അതിനു മുൻപുതന്നെ മി: മേനോൻ മുന്നോട്ടടുത്തു അവൻെറ കൈത്തണ്ടിൽ പിടികൂടിക്കഴിഞ്ഞിരുന്നു. യൌംഗിൻെറ കൈയ്യിൽനിന്നു് ആ ഉണ്ടപിടിച്ചുവാങ്ങി ഗോപകുമാറിനെ ഏല്പിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു—"സൂക്ഷിച്ചുകൊള്ളണം. പൊട്ടരുതു്."

"സാരമില്ല"—ഗോപകുമാർ ഓറഞ്ചിൻെറവലിപ്പത്തിലുള്ള ആ സ്പടികപ്പന്തു കൈയ്യിൽ വാങ്ങി സാവധാനം അതു് ഒരു ഭാഗത്തേയ്ക്കു മാററിവച്ചുകൊണ്ടുപറഞ്ഞു. മി: മേനോൻ വീണ്ടും യൌംഗിൻെറ നേരേതിരിഞ്ഞു. എന്നാൽ യൌംഗിനു് അദ്ദേഹത്തെക്കാൾ കൂടുതൽ വേഗതയുണ്ടായിരുന്നു. നിമിഷനേരത്തിനുള്ളിലാണു് അത്രയും നടന്നതു്. അതിനിടയ്ക്കു ഇരിമ്പുചട്ട ഊരി മി: മേനോൻെറ നേരേ എറിഞ്ഞു. മേനോൻ ഉതറി നിലത്തു കമഴ്ന്നു വീണു.

അദ്ദേഹത്തിനു വളരെയധികം മുറിവുപററിക്കൊണ്ടുമെന്നാണ് മി: പത്മനാഭപിള്ളയും മററും വിചാരിച്ചത്. യൌംഗ് ലാക്കുനോക്കി ടെറസിലേയ്ക്കു ഓടി. മി: മേനോൻ അപ്പോഴേയ്ക്കു എഴുനേററു കഴിഞ്ഞിരുന്നു. അദ്ദേഹവും ആ ഭാഗത്തേയ്ക്കു ഓടി. ഗോപകുമാറും അദ്ദേഹത്തിൻെറ പിന്നാലെ ഉണ്ടായിരുന്നു. യൌംഗ് താഴെ ചാടി ഓടി. ഗോപകുമാർ അവൻെറ പിന്നാലെ തന്നെയുണ്ട്.

മി: മേനോനും, പത്മനാഭപിള്ളയും, സുരേശനും എല്ലാവരും ഒരു യൌംഗിൻെറ പിറകെഓടുകയാണ്. ഗോപകുമാറിനെയും യൌംഗിനെയും കാണാനില്ല. അവർ കാട്ടിനുള്ളിൽ മറഞ്ഞു. മി: മേനോൻ ഗോപകുമാറിനെ ഉറക്കെ വിളിച്ചു. കാട്ടിനുള്ളിൽ നിന്ന് അദ്ദേഹം വിളികേട്ടു. മി: മേനോൻ ആ ഭാഗത്തേയ്ക്കു ഓടി. യൌംഗിനെ കാണാനില്ല. ഗോപകുമാർ ഒരു ലക്ഷ്യവുമില്ലാതെ അങ്ങുമിങ്ങും അവനെ തെരയുകയാണ്.

സുരേശൻനായർ തനിച്ച് ഒരു ഭാഗത്തേക്കു ഓടി "ദാ, യൌംഗ് ആ കുററിക്കാട്ടിൽ പതുങ്ങിയിരിക്കുന്നുണ്ടു്" അയാൾ വെളിയിലേക്ക് എത്തിനോക്കിക്കൊണ്ടു പറഞ്ഞു—"നമ്മുടെ ബലാബലം അറിയുന്നതിനുള്ള നല്ല അവസരംതന്നെയാണിതു്. ഇന്നു തന്നെ അവസാന തീരുമാനമുണ്ടാകണം." സുരേശൻ പരിഭ്രമിച്ചുപോയി. യൌംഗ് റിവാൾവറെടുത്തു് സുരേശൻെറ നേരേ ചൂണ്ടി. "ഠേ!" പടക്ഷ ആ ശബ്ദം യൌംഗിൻെറ റിവാൾവറിൽനിന്നു പുറപ്പെട്ടതല്ലായിരുന്നു.

യൌംഗിൻെറ കയ്യിൽനിന്നു് റിവാൾവർ വഴുതി താഴെ വീണു. അവൻെറ കൈ രക്തത്തിൽ കുളിച്ചു. പുകവമിക്കുന്ന പിസ്റ്റൗൾ കൈയ്യിൽ പിടിച്ചുകൊണ്ടു് മി. മേനോൻ ആ ഭാഗത്തേക്കു് ഓടിവന്നു. അദ്ദേഹം വീണ്ടും ഷൂട്ടുചെയ്തു. പക്ഷെ അപ്പോഴേക്കു് യൌംഗ് കുററിക്കാടുകളുടെ ഇടയിൽ മറഞ്ഞുകഴിഞ്ഞിരുന്നു. അവർ അവനെ പിന്തുടന്നു. "അവൻെറ കൈ തീർച്ചയായും ഒടിഞ്ഞിട്ടുണ്ടു്"— മി. മേനോൻ പറഞ്ഞു: "അവന്നു് അധികദൂരം പോകുവാൻ സാദ്ധ്യമല്ല. അവനെ വിടരുതു്." മി. മേനോൻ പറയുന്നതു് യൌംഗ് കേൾക്കുന്നുണ്ടു്. അവൻ ഓടുകയാണു്.

എല്ലാവരും ആ ഭാഗത്തേക്കു് തിരിഞ്ഞു. എന്നാൽ യൌംഗിനെ എങ്ങും കാണാനില്ല.

അവർ വളരെനേരം അവനെ തെരഞ്ഞു. എങ്ങും കണ്ടുകിട്ടിയില്ല. അവർ ഇടതുഭാഗത്തേക്കു തിരിഞ്ഞു. എവിടെനിന്നോ 'ടപ് ടപ്' ശബ്ദം പുറപ്പെടുന്നു! മഴത്തുള്ളികൾ പെയ്യുന്നതുപോലുള്ള ശബ്ദം. എല്ലാവരും ആ ശബ്ദം കേൾക്കുന്ന ഭാഗത്തേയ്ക്കു് ഓടി. ഒരു ചെറിയ വൃക്ഷത്തിൻെറ മുകളിൽനിന്നു് രക്തത്തുള്ളികൾ താഴെ ഇലകളിൽ വന്നു വീഴുന്ന ശബ്ദമാണതു്. ഗോപകുമാർ മേല്പോട്ടു ശ്രദ്ധിച്ചുനോക്കി. യൌംഗ് ഒരു ശിഖരത്തിൽ കമഴ്ന്നു പററിപ്പിടിച്ചിരിക്കയാണു്. അവൻെറ കൈ ഒടിഞ്ഞു് കീഴ്പോട്ടു തൂങ്ങിക്കിടക്കുന്നു. അതിരുകവിഞ്ഞ വേദനയുടെ ഭാരംകൊണ്ടാണു് അവന്നു് ഓടാൻ സാധിക്കാതിരുന്നതു്. ആ നിലയിൽ അവൻ വൃക്ഷത്തിൽ കയറിയതു് വളരെ ആശ്ചര്യംതന്നെ!

"ഇങ്ങ് ഇറങ്ങിവരൂ യൌംഗ്!" മി. മേനോൻ മേല്പോട്ടു നോക്കിക്കൊണ്ടു പറഞ്ഞു:—"നിൻെറ കളികളെല്ലാം അവസാനിച്ചു."

മി. മേനോൻെറ വാക്കുകൾ യൌംഗ് കേട്ടു. അവൻ എഴുന്നേററ് ആ ശിഖരത്തിൽ ഇരുന്നുകൊണ്ടു പറഞ്ഞു—"മി. മേനോൻ! ഞാൻ തോററുപോയെന്നായിരിക്കും നിങ്ങൾ വിചാരിക്കുന്നതു്. എൻെറ റിവാൾവർ എൻെറ പക്കലില്ലാതായി. ഒരു കൈയ്യും ഒടിഞ്ഞുപോയി. അതുകൊണ്ടാണ് ഞാൻ ഇവിടെ ഒളിച്ചതു്. പക്ഷേ നിങ്ങളുടെ കയ്യിലകപ്പെട്ടു കഴുകുമരത്തിൽ കയറാൻ ഞാൻ തയ്യാറില്ല. ഞാൻ എന്നും നിങ്ങളെ തോല്പിച്ചു, ഇന്നും നിങ്ങൾതന്നെ തോല്ക്കും. അടുത്ത ജന്മത്തിൽ ഞാൻ ഇതിനു പകരം ചോദിച്ചുകൊള്ളാം." യൌംഗ് ആ ശിഖരത്തിൽ എഴുന്നേററുനിന്നു. ടോർച്ചുലൈററുകളുടെ പ്രകാശത്തിൽ സകല സംഭവങ്ങളും ശരിക്കു കാണാം. യൌംഗ് സകല ശക്തിയുമുപയോഗിച്ചു് ആ ശിഖരത്തിൽ നിന്നു താഴേക്കു ചാടി. അവൻ കുറച്ചുദൂരത്തിൽ മലന്നുവീണു. അവൻെറ തല ചിന്നിച്ചിതറിപ്പോയി. അവൻെറ കഥ കഴിഞ്ഞു.

"വളരെ ഭയങ്കരവും ഗുണപാഠപ്രദവുമായ അവസാനം തന്നെ! എത്ര ഭയങ്കരസാഹസികനായിരുന്നു അവൻ!"

മി: മേനോനും മററും ബംഗ്ലാവിൽ തിരിച്ചെത്തി. യൌംഗിൻെറ ശവം അടുത്തുള്ള സ്റ്റേഷനിലേക്കു് അയച്ചുകഴിഞ്ഞിരുന്നു.